
TAB

# TRICHUR ARCHDIOCESAN BULLETIN

2022 സെപ്തംബർ വാല്യം: 89 ലക്കം: 09




യേശു രൂപാന്തരപ്പെടുന്നു (മർക്കോ. 9, 7).



എറണാകുളം-അങ്കമാലി അതിരൂപതയുടെ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആയി നിയമിതനായ
**മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തായ്ക്ക്**
തൃശ്ശൂർ അതിരൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ



Trichur
Archdiocesan
Bulletin
TAB
ESTD: 1934

**സെപ്തംബർ 2022**
ലക്കം: 09 വാല്യം: 89

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

സർക്കുലർ 4
കച്ചേരിക്കാര്യം 10
അതിരൂപതാദ്ധ്യക്ഷന്റെ
പരിപാടികൾ 16
സഹായമെത്രാന്റെ
പരിപാടികൾ 17
നാളാഗമം 18
നാമകരണ നടപടികൾ 23
വൈദികർ 26
സന്യസ്തർ 29
അതിരൂപത തീർഥകേന്ദ്രം 31
മതബോധനം 32
സ്ഥാപനങ്ങൾ 38
സംഘടനകൾ 55
സാമ്പത്തിക കാര്യാലയം 82

# സർക്കുലർ

**പി.ഒ.സി.**
**കേരള കത്തോലിക്കാ**
**സഭയുടെ ആസ്ഥാന**
**കാര്യാലയം**

Ref: 3750/K-5/KCBC/OL/DS
19.08.2022

## കേരള സഭാനവീകരണം 2022-2025 കെസിബിസി പുറപ്പെടുവിക്കുന്ന 3-ാമത് സർക്കുലർ

കേരളസഭാനവീകരണത്തിന്റെ പ്രാരംഭ പ്രവർത്തന ങ്ങൾ ദൈവകൃപയാൽ സുഗമ മായി മുന്നോട്ടുപോകുകയാണല്ലോ. കെ.സി.ബി.സി.യിലെ അഭിവന്ദ്യ പിതാക്കന്മാരും എല്ലാ വൈദികരും സന്ന്യസ്തരും അല്മായ വിശ്വാസിസമൂഹവും നവീകരണപ്രക്രിയ യിൽ വിശ്വാസതീക്ഷ്ണതയോടും ആവേശത്തോടും കൂടെ കൈകൾ കോർത്തു പ്രവർത്തിക്കുകയാണ്. സംസ്ഥാനതലത്തിൽ ആരംഭിച്ച നവീകരണത്തിന്റെ പ്രാരംഭ നടപടികൾ പ്രത്യേകം തിരഞ്ഞെടുത്തിട്ടുള്ള ടീമംഗങ്ങളുടെ നേതൃത്വത്തിൽ രൂപതാതലങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു.

ദൈവാത്മാവിന്റെ പ്രചോദനത്താലും കൃപയാലും നമ്മൾ ആരംഭിച്ചിരിക്കുന്ന ഈ നവീകരണപ്രക്രിയ കൂടുതൽ സജീവവും ഫലപ്രദവുമാകാൻ ആത്മീയമായ ഒരു മുന്നേറ്റം നമുക്കാവശ്യമുണ്ട്. നവീകരിക്കപ്പെട്ട് ഒരു പുതിയ സൃഷ്ടിയായിത്തീരുക എന്നത് മനു ഷ്യന്റെ പ്രയത്നം കൊണ്ടുമാത്രം സാധ്യമാകുന്ന കാര്യമല്ല.

ദൈവത്തിന്റെ കരുണയാണ് നമ്മെ നവീകരണത്തിലേക്കു നയിക്കുന്നത്. നമ്മെ നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാ വിനെ ശ്രവിച്ചുകൊണ്ടും പ്രാർത്ഥനയിലും അനുതാപത്തിലും ദൈവസന്നി ധിയിൽ സമയം ചെലവഴിച്ചുകൊണ്ടും ദൈവത്തിന്റെ കാരുണ്യം നമ്മൾ യാചിക്കേണ്ടിയിരിക്കുന്നു.

അപ്പോസ്തല പ്രമുഖനായ വിശുദ്ധ പത്രോസ് ഓർമ്മിപ്പിക്കു ന്നതുപോലെ, ക്രിസ്തുവിലുള്ള നവജീവൻ പ്രാപിക്കുന്നതിന് എതിരാ യിട്ടുള്ളതെല്ലാം നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു (1 പത്രോ. 2:2). അനുതാപമെന്നാൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉണ്ടാകുന്ന ഒരു മാറ്റമാണ്. ഒരു ശിശുവിനെപ്പോലെ നിഷ്കളങ്കനാകുന്ന അവസ്ഥ എന്നാണ് യേശു അതിനെ വിശേഷിപ്പിച്ചിട്ടുള്ളത് (മത്താ. 18:3). പ്രാർത്ഥ നയിലൂടെയും അനുതാപത്തി ലൂടെയും ഉറച്ച വിശ്വാസത്തിലൂടെയും മാത്രമേ നമുക്ക് ദൈവപിതാവിനോട് ചേർന്നു നില്ക്കാൻ കഴിയുകയുള്ളൂ. കേരളസഭാനവീകരണത്തിന്റെ പ്രാരംഭകാലത്തു തന്നെ തീവ്ര മായ ആത്മീയ ഒരുക്കത്തിനു സഹായകമാകുന്ന ചിലകാര്യങ്ങൾ നമുക്കു നിർവഹിക്കാൻ കഴിയും.

## നാല്പതുദിവസത്തെ പ്രാർത്ഥനാചരണവും പൂർണദണ്ഡ വിമോചനവും

സഭയെ നിരന്തരം നയിക്കുകയും നവീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് ക്രിസ്തുവിൽ നമ്മെ ഒരു പുതിയ സൃഷ്ടിയാക്കി മാറ്റുന്നു. ക്രിസ്തുവാണ് നവീകരണ ത്തിന്റെ ഉറവിടവും കേന്ദ്രവും. ക്രിസ്തുകേന്ദ്രീകൃതവും സാഹോദര്യത്തിലും അനുരഞ്ജനത്തിലും അധിഷ്ഠിതവും പ്രേഷിതാഭിമുഖ്യവുമുള്ള ഒരു ജീവിതശൈലി യിലേക്കാണ് ഈ നവീകരണകാലം നമ്മെ ക്ഷണിക്കുന്നത്. അതു കൊണ്ട് നവീകരണത്തിന്റെ ഈ പ്രാരംഭഘട്ടത്തിൽ നാല്പതുദിവസം നീണ്ടുനില്ക്കുന്ന പ്രാർത്ഥനാ-പരിത്യാഗ പ്രവർത്തനങ്ങൾ നമ്മൾ ആരംഭിക്കുന്നു. 2022 സെപ്തംബർ 9 മുതൽ ഒക്ടോബർ 18 വരെയുള്ള ദിവസങ്ങളിലായി കേരള കത്തോലിക്കാസഭയിലെ എല്ലാ ഇടവകകളും കുടുംബങ്ങളും വ്യക്തികളും പ്രാർത്ഥനയിലും പരിത്യാഗത്തിലും കഴിയണമെന്ന് സ്നേഹപൂർവം അഭ്യർ ത്ഥിക്കുന്നു.

ഈ നാല്പതുദിവസങ്ങളിൽ ഒരു ദിവസം ഒരു രൂപതയ്ക്കു വേണ്ടി എന്നക്രമത്തിൽ പ്രത്യേകമാംവിധം നിശ്ചയിച്ചിട്ടുണ്ട്*. ഓരോ രൂപതയും അവർക്ക് നിശ്ചയിക്കപ്പെട്ട പ്രസ്തുത ദിനത്തിൽ ആ രൂപതയിലെ എല്ലാ കുടുംബങ്ങളും ഇടവകകളും സ്ഥാപനങ്ങളും സ്വന്തം രൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. വേണ്ടത്ര ഭക്തിയോടും ഒരുക്ക ത്തോടും കൂടെ അന്നേ ദിവസം കുമ്പസാരം എന്ന കൂദാശ

സ്വീകരിച്ചുകൊണ്ട് പ്രാർത്ഥി ക്കുന്ന വിശ്വാസികൾക്ക് തിരുസഭയുടെ പ്രത്യേക അധികാരത്തിൻ കീഴിൽ പൂർണദണ്ഡ വിമോചനം ലഭിക്കുന്ന താണെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. മാത്രമല്ല കേരള ത്തിലെ മറ്റെല്ലാ രൂപതകളും അന്നേദിവസം അവർ അർപ്പിക്കുന്ന ദിവ്യബലി യിലും മറ്റു പ്രാർത്ഥനകളിലും നിശ്ചയിക്കപ്പെട്ട രൂപതയ്ക്കുവേണ്ടി പേരെടുത്തു പറഞ്ഞ് പ്രാർത്ഥി ക്കുന്നു. അപ്രകാരം ഒരു രൂപതയ്ക്കു വേണ്ടി മറ്റെല്ലാ രൂപതകളും പ്രാർത്ഥിക്കുന്ന അനുഭവം ക്രിസ്തുവിന്റെ ഏക ശരീരമായ സഭയുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുകയും പ്രാർത്ഥ നയുടെ ഈ ഐക്യത്തിൽ ഒന്നുചേരുന്ന നമ്മുടെ ഹൃദയങ്ങളെ പരിശുദ്ധാത്മാവ് കോർത്തി ണക്കി ആദിമസഭാ ചൈതന്യം നമ്മളിൽ ജ്വലിപ്പിക്കുകയും ചെയ്യും.

കേരളത്തിലെ 32 രൂപതകളെയും ഈ പ്രാർത്ഥനാദിനങ്ങളിൽ പ്രത്യേകം ഓർത്തു പ്രാർഥിച്ചതിനുശേഷമുള്ള 8 ദിനങ്ങളിൽ പ്രത്യേക പൊതുനിയോഗങ്ങൾക്കുവേണ്ടിയും നാം പ്രാർഥിക്കുന്നു. അനുബന്ധ മായി ചേർത്തിട്ടുള്ള പട്ടികയിൽ പൊതുനിയോഗങ്ങളും ഉൾപ്പെടുത്തി ട്ടുണ്ട്.

**ഒക്ടോബർ മാസാചരണം**

പരിശുദ്ധ കന്യകാമറിയത്തോടുള്ള വണക്കത്തിനും ജപമാല ആചരണത്തിനുമായി പ്രത്യേകം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒക്ടോബർ മാസാചരണത്തിലൂടെ പരിശുദ്ധ അമ്മയ്ക്ക് നമ്മുടെ കുടുംബങ്ങളെയും കേരള സഭ മുഴുവനെയും നമുക്ക് ഭരമേല്പിക്കാം. ഒക്ടോബർ മാസാചര ണത്തിന്റെ ആവശ്യകതയും പ്രാധാന്യവും പഠിപ്പിച്ചുകൊണ്ട് 1891 സെപ്തംബർ 22ന് ലെയോ പതിമൂന്നാമൻ മാർപ്പാപ്പ 'ഒക്ത്തോബ്രി മെൻസേ' എന്ന പേരിൽ പുറപ്പെ ടുവിച്ച ചാക്രികലേഖനത്തിൽ ഇങ്ങനെ പറയുന്നു: "പുത്രനിലൂടെയല്ലാതെ ഒരുവനും പിതാവിലേക്കു പോകു ന്നില്ല. അതുപോലെ, ക്രിസ്തുവിലേക്ക് ഒരുവനും അവിടുത്തെ അമ്മയി ലൂടെയല്ലാതെ പോകുന്നില്ല" (n. 4). പീഡിതരെയും തകർന്നവരെയും ദൈവ കാരുണ്യത്തിലുള്ള പ്രത്യാശയിലേക്ക് പിടിച്ചുയർത്താൻ വേണ്ടത്ര കാരുണ്യമുള്ള അമ്മയും മദ്ധ്യസ്ഥയുമാണ് പരിശുദ്ധമറിയം. ദൈവത്തിന്റെയും മനുഷ്യരുടെയും മാതാ വായ മറിയത്തിനു മുൻപിൽ ക്രൈസ്തവലോകം നിരന്തരം പ്രാർത്ഥനകൾ ചൊരിയണ മെന്ന് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (LG 69).

2022 ഒക്ടോബർ ഒന്നാം തിയതി മുതൽ 31–ാം തിയതി വരെ കേരള കത്തോലിക്കാ സഭാംഗങ്ങൾ മുഴുവൻ ഏകഹൃദയത്തോടും തീവ്രമായ ഭക്തിയോടുംകൂടെ ജപമാല പ്രാർത്ഥനചൊല്ലി പ്രാർത്ഥി ക്കുന്നു. അപ്രകാരം ഈ ജപമാല പ്രാർത്ഥനയിലൂടെ സന്തോ

ഷത്തിന്റെയും സന്താപത്തിന്റെയും മഹത്വത്തിന്റെയും ദൈവിക വെളിപാടുകളുടെയും മഹാരഹസ്യങ്ങളിൽ യേശുവിനോടുചേർന്നു പങ്കുവഹിച്ച പരിശുദ്ധ മറിയത്തോടൊപ്പം നമ്മളും ധ്യാനപൂർവ്വം പങ്കുചേരുന്നു.

**വിമലഹൃദയ പ്രതിഷ്ഠ**

2022 ഒക്ടോബർ 31–ാം തിയതി തിങ്കളാഴ്ച ജപമാല യജ്ഞത്തിന്റെ സമാപന ദിനത്തിൽ ഓരോ രൂപതയെയും അതത് രൂപതകളുടെ അദ്ധ്യക്ഷന്മാർ പരിശുദ്ധ ദൈവമാതാവിന്റെ വിമല ഹൃദയത്തിനു പ്രതിഷ്ഠിച്ചു പ്രാർത്ഥിക്കുന്നു. അന്നേദിവസം കത്തീഡ്രൽ ദേവാലയത്തിൽ അർപ്പിക്കുന്ന ദിവ്യബലി മദ്ധ്യേയാണ് ഈ പ്രതിഷ്ഠ നടത്തേണ്ടത്. പാലാരിവട്ടം പി.ഒ.സി. ചാപ്പലിൽ അന്നേദിനം വൈകുന്നേരം 5 മണിക്ക് അർപ്പിക്കുന്ന ദിവ്യബലി മധ്യേ കേരള കത്തോലിക്കാസഭയെ മുഴുവനായും പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിനു പ്രതിഷ്ഠിച്ചു പ്രാർത്ഥിക്കും. കേരള സഭാനവീകരണ യജ്ഞത്തിൽ പരിശുദ്ധ മറിയം നമ്മോടൊത്തു യാത്ര ചെയ്യുകയും നമുക്കുവേണ്ടി നിരന്തരം തന്റെ പുത്രന്റെ സന്നിധിയിൽ മദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യട്ടെ. സഭയെയും സമൂഹത്തെയും നമ്മുടെ കുടുംബങ്ങളെയും നമ്മെ ഓരോരുത്തരെയും പരിശുദ്ധ അമ്മയ്ക്ക് ഭരമേല്പിച്ചു പ്രാർത്ഥിക്കാം.

**യൗസേപ്പിതാവിന്റെ മാതൃക**

ഈശോയുടെ വളർത്തുപിതാവും തിരുസഭയുടെ സംരക്ഷകനുമായ വിശുദ്ധ യൗസേപ്പിതാവിന്റെ സംരക്ഷണത്തിനും മധ്യസ്ഥത്തിനുമായി കേരളസഭയെ മുഴുവനായും നമ്മെ ഓരോരുത്തരെ വ്യക്തിപരമായും സമർപ്പിക്കാം. ദൈവവചനത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കുകയും ദൈവികനിയമങ്ങളോട് കണിശതയോടെ വിശ്വസ്തത പുലർത്തുകയും ചെയ്ത വിശുദ്ധ യൗസേപ്പിതാവിന്റെ നീതിബോധം നമ്മുടെ വിശ്വാസജീവിതത്തിന് മാതൃകയും പ്രചോദനവുമായി ഭവിക്കട്ടെ. ദൈവം തന്നെ ഭരമേല്പിച്ച മറിയത്തെ അപമാനിതയാകാൻ വിട്ടുകൊടുക്കാതെ അവളുടെ സ്ത്രീത്വത്തെ ആദരിച്ച യൗസപ്പിതാവ് സഭയുടെയും നമ്മുടെ കുടുംബങ്ങളുടെയും സംരക്ഷകനാണ്. വിശുദ്ധ യൗസേപ്പിതാവിന്റെ വിശ്വസ്തതയുടെയും നീതിബോധത്തിന്റെയും മാതൃക ഈ നവീകരണ കാലത്ത് നമ്മുക്ക് സഹായകമാകട്ടെ.

**വൈദികർക്കും സന്ന്യസ്തർക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനാദിനം**

കേരളസഭയിലെ മുഴുവൻ വൈദികരെയും സന്ന്യസ്തരെയും

ദൈവതിരുമുൻപിൽ സമർപ്പിച്ചു പ്രാർത്ഥിക്കാൻ ഈ നവീകരണ കാലത്ത് നമ്മൾ പ്രത്യേകം ശ്രദ്ധവയ്ക്കേണ്ടിയിരിക്കുന്നു. ആയതിനാൽ നാല്പതുദിവസത്തെ പ്രത്യേക പ്രാർത്ഥനാചരണ ദിവസങ്ങളിൽ ഒരു ദിവസം വൈദികർക്കും സന്ന്യസ്തർക്കുമായി സമർപ്പിക്കാം. ഓരോ രൂപതയുടെയും അധ്യക്ഷന്മാർ അതിനായി ഒരു പ്രത്യേകദിനം കണ്ടെത്തി രൂപതാംഗങ്ങളെ അറിയിക്കുന്നതാണ്.

**ഉപസംഹാരം**

ആത്മീയമായ ഒരുക്കത്തോടെ പരിശുദ്ധ അമ്മയോടും വിശുദ്ധ യൗസേപിതാവിനോടും ചേർന്ന് കേരളസഭാ നവീകരണ യജ്ഞത്തിൽ നമുക്ക് മുന്നേറാം. ഇവരുടെ മാതൃകയും മദ്ധ്യസ്ഥതയും നമുക്ക് തുണയായിരിക്കട്ടെ. എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

---

*പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി – 682 025*

NB: ഈ സർക്കുലർ 2022 സെപ്തംബർ 4 ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

| സഭാനവീകരണം 2022–2025<br>നാല്പതുദിന പ്രാർഥനായജ്ഞം | | |
|---|---|---|
| തിയതി | രൂപത | നിയോഗം |
| September 09 | Alleppey | ■ രൂപതക്കു മുഴുവനും വേണ്ടി |
| September 10 | Bathery | ■ ഇടവകൾക്കുവേണ്ടി |
| September 11 | Calicut | ■ സ്ഥാപനങ്ങൾക്കുവേണ്ടി |
| September 12 | Changanassery | ■ സന്ന്യാസിനീ, സന്ന്യാസികൾക്കുവേണ്ടി |
| September 13 | Cochin | ■ രൂപതാധ്യക്ഷന്മാർ, വൈദികർ എന്നിവർക്കുവേണ്ടി |
| September 14 | Ernakulam | ■ സംഘടനകൾ, പ്രസ്ഥാനങ്ങൾ എന്നിവയ്ക്കുവേണ്ടി |
| September 15 | Idukki | ■ രാജ്യത്തിനും ഭരണകർത്താക്കൾക്കും വേണ്ടി |
| September 16 | Irinjalakuda | |
| September 17 | Kanjirapally | |
| September 18 | Kannur | |
| September 19 | Kothamangalam | |
| September 20 | Kottapuram | |
| September 21 | Kottayam | |
| September 22 | Mananthavady | |
| September 23 | Mavelikkara | |
| September 24 | Muvattupuzha | |
| September 25 | Neyyattinkara | |
| September 26 | Pala | |
| September 27 | Palakkad | |
| September 28 | Thiruvalla | |
| September 29 | Parassala | |
| September 30 | Punalur | |
| October 01 | Quilon | |
| October 02 | Sultanpet | |
| October 03 | Thalassery | |
| October 04 | Thamarassery | |
| October 05 | Pathanamthitta | |
| October 06 | Trichur | |
| October 07 | Trivandrum (M) | |
| October 08 | Trivandrum (L) | |
| October 09 | Vijayapuram | |
| October 10 | Verapoly | |
| October 11 | Holy Father - Pope Francis | |
| October 12 | Indian Church | |
| October 13 | Asian Church | |
| October 14 | European Church | |
| October 15 | African Church | |
| October 16 | American Church | |
| October 17 | Australian Church | |
| October 18 | Departed souls | |

# കച്ചേരി വാർത്തകൾ

സെപ്റ്റംബർ 2022

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

1 : *ആദ്യവെള്ളി*
ശെമയോൻ ബർസാബയും ഏഴു രക്തസാക്ഷികളും
4 : **കൈത്ത ഏഴാം ഞായർ**
5 : കൊൽക്കത്തായിലെ വി. മദർ തെരേസ
8 : പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ
11 : **ഏലിയാ–സ്ലീവ–മൂശ ഒന്നാം ഞായർ**
13 : വി. ജോൺ ക്രിസോസ്തോം
14 : വി. കുരിശിന്റെ പുകഴ്ച
18 : **ഏലിയാ–സ്ലീവ–മൂശ രണ്ടാം ഞായർ**
21 : മത്തായി ശ്ലീഹാ
25 : **ഏലിയാ–സ്ലീവ–മൂശ മൂന്നാം ഞായർ**
27 : വി. വിൻസെന്റ് ഡി പോൾ
29 : മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ
30 : വി. ജെറോം

**2. സെപ്തംബർ മാസത്തെ പരിപാടികൾ**

3 : സന്യസ്ത–സമർപ്പിത–വൈദികസമിതിയോഗം (10:00 am)
6 : ഏകദിനവൈദികസമ്മേളനം (10:00 am)
10 : പാസ്റ്ററൽ കൗൺസിൽ യോഗം
11–16 : വൈദികവാർഷികധ്യാനം ബാച്ച് 1
18–23 : വൈദികവാർഷികധ്യാനം ബാച്ച് 2
25–30 : വൈദികവാർഷികധ്യാനം ബാച്ച് 3

**3. ഏലിയ–സ്ലീവ–മൂശക്കാലങ്ങൾ :**

സെപ്തംബർ 14ന് ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഏലിയാ–സ്ലീവ–മൂശക്കാലങ്ങളുടെ കേന്ദ്രബിന്ദു. ഈശോയുടെ രൂപാന്തരീകണവേളയിൽ കാണപ്പെട്ട മൂശയും ഏലിയായും പഴയനിയമത്തെയും സ്ലീവാ പഴയനിയമപൂർത്തീകരണമായ ഈശോയെയും പ്രതിനിധാനം

ചെയ്യുന്നു. സ്ലീവായുടെ വിജയവും കർത്താവിന്റെ ദ്വിതീയാഗമനവും അന്ത്യവിധിയുമാണ് ഏലിയാ–സ്ലീവ–മൂശക്കാലങ്ങളിലെ വിചിന്തനവിഷയങ്ങൾ.

സത്യദൈവത്തിന്റെ പ്രവാചകരെയും അവരിലൂടെ ദൈവം നൽകിയ ആഹ്വാനങ്ങളെയും സന്ദേശങ്ങളെയും ഉൾക്കൊണ്ട്, അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിച്ച്, കർത്താവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങാൻ ഈ കാലത്തിൽ സഭ നമ്മെ ക്ഷണിക്കുന്നു. ജഡത്തിന്റെ ആഗ്രഹങ്ങൾ ആത്മാവിനെതിരാണ് എന്ന അവബോധത്തിൽ, തിന്മ വർജ്ജിച്ച് പശ്ചാത്താപത്തിന്റെ മാർഗ്ഗത്തിൽ ചരിച്ചില്ലെങ്കിൽ നശിക്കുമെന്ന മുന്നറിയിപ്പാണ് സഭാമാതാവ് നൽകുന്നത്.

കർത്താവിന്റെ ദിനം ആസന്നമായതിനാൽ, ഉണർന്നിരുന്ന് അവിടുത്തെ ശുശ്രൂഷിക്കാനും ഏകാഗ്രത, വിശ്വസ്തത, വിവേകം, സമചിത്തത, ഉത്തമശുശ്രൂഷ, നിരന്തരപ്രാർത്ഥന എന്നിവയിലൂടെ വിവേകമതികളായ കന്യകമാരെപ്പോലെ നിത്യജീവൻ അവകാശപ്പെടുത്താനും സഭ നമ്മെ ക്ഷണിക്കുന്നു.

രൂപാന്തരീകരണവേളയിൽ മൂശയുടെയും ഏലിയായുടെയും മധ്യത്തിൽ നിലകൊണ്ട മഹത്ത്വീകൃതനായ ഈശോയുടെ പ്രതീകമാണ് സ്ലീവ. അതുകൊണ്ടാണ്, 'ഏലിയാ–ഈശോ–മൂശ' എന്നു പറയാതെ 'ഏലിയാ–സ്ലീവ–മൂശ' എന്ന് കാലത്തെപ്പറ്റി പറയുന്നത്.

രക്ഷ പകർന്നുതരാൻ കുരിശിൽ ഉയർത്തപ്പെട്ട ഈശോ മിശിഹായുടെ പഴയനിയമപ്രതീകമാണ് മൂശ ഉയർത്തിയ പിച്ചളസർപ്പം. കർത്താവിന്റെ നാമത്തിൽ അഭിമാനം കൊള്ളുന്നവൻ രക്ഷയുടെ അടയാളമായ കുരിശിലും സഹനത്തിലും അഭിമാനം കൊള്ളുന്നു. കുരിശിൽ മരിച്ച് ഉത്ഥാനത്തിന്റെ മഹത്വത്തിലേക്ക് പ്രവേശിച്ചവനെ അനുഗമിക്കുന്നവരും കുരിശു വഹിക്കണം എന്ന് ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു. സഹനവും മരണവും മഹത്വപ്രവേശനത്തിന് അനിവാര്യമാണെന്ന തിരി ച്ചറിവാണ് ഈ കാലത്തിലെ പ്രഘോഷണങ്ങളിലൂടെ നമുക്ക് ലഭിക്കു ന്നത്.

പീഡാസഹനവും മരണവും സ്വീകരിച്ച് ദൈവഹിതം പൂർത്തിയാക്കിയ മിശിഹായുടെ മഹത്വത്തിന്റെ വെളിപ്പെടലാണ് കാൽവരിയിലെ സ്ലീവായിൽ സംഭവിച്ചത്. തന്റെ മരണോത്ഥാനങ്ങളിലൂടെയും സ്വർഗാരോഹണത്തിലൂടെയും മഹിമയുടെ വലതുഭാഗത്ത് ഉപവിഷ്ടനായ മിശിഹായാണ് ലോകാവസാനത്തിൽ വിധിയാളനായി ആഗതനാകുന്നത്. കുരിശുമരണത്തോളം സ്വയം താഴ്ത്തിയതുവഴി ദൈവത്താൽ ഉയർത്തപ്പെട്ട മിശിഹായോടുകൂടെ വിനയഭാവത്തോടെ സഹിക്കാനും

അവിടത്തോടൊപ്പം മഹത്വത്തിൽ പ്രവേശിക്കാനും ഈ കാലം വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു.

മരണം, അന്ത്യവിധി തുടങ്ങിയവയാണ് മൂശക്കാലത്തെ വിചിന്തനവിഷയങ്ങൾ. 'അവസാനംവരെ സഹിച്ചു നില്ക്കുന്നവൻ രക്ഷപ്രാപിക്കും' എന്ന ആശ്വാസവചനവും ഈശോ ഇവിടെ നൽകുന്നുണ്ട്. ഫലം തരാത്തവയെ വെട്ടികളയുമെങ്കിലും തടസ്സങ്ങളെ അതിജീവിക്കുന്ന വിശ്വാസം ഫലമണിയുമെന്നും സഹനങ്ങളെ വിശ്വാസത്തോടെ നേരിടുന്നവർ സമാശ്വാസവും സന്തോഷവും പ്രാപിക്കുമെന്നും സഭ പഠിപ്പിക്കുന്നു.

**4. വൈദികരുടെ വാർഷികധ്യാനം :**

ബഹു. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം 2022 സെപ്തംബർ 11–16; 18–23; 25–30 തീയതികളിൽ മൂന്നു ബാച്ചുകളിലായി നടത്തുന്നു.

| | |
|---|---|
| **1st Batch** | **- 2022 September 11-16** |
| Place | - Jerusalem Retreat Centre |
| Retreat Preacher | - Fr. Benny Puthen Nadayil |
| **2nd Batch** | **- 2022 September 18-23** |
| Place | - Marymatha Major Seminary |
| Retreat Preacher | - Fr. Benny Puthen Nadayil |
| **3rd Batch** | **- 2022 September 25-30** |
| Place | - Marymatha Major Seminary |
| Retreat Preacher | - Fr. Kurian Puramadathil |

**5. അതിരൂപതാ അവാർഡ് ദിനം**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2022 നവംബർ 12–ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2021 ജൂൺ 1 മുതൽ 2022 ജൂൺ 1 വരെയുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. **(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).**

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റ

സ്റ്റഡ് കോപ്പികളോടും കൂടെ **30–09–2022** നു മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ – 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.

* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്. മേൽവിലാസവും ഫോൺ നമ്പറും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.
* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ നവംബർ 1 നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org).

### 1. വിദ്യാഭ്യാസരംഗം

2021–22 അധ്യയനവർഷത്തിൽ

**1.1** ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF (Post Doctoral Fellowship) പൂർത്തിയാക്കിയവർ

**1.2** ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.3** സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

**1.4** കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

### 2. കായികം

**2.1** വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ (State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ – ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, **ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.** സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**2.2** സർവ്വകലാശാല കായികമത്സരങ്ങളിൽ
ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

### 3. കലാസാഹിത്യ രംഗം

3.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ (State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ – ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

### 4. മറ്റു രംഗങ്ങൾ

4.1 സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

4.2 മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

4.3 അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ (ദൈവാലയശുശ്രൂഷി, കണക്കെഴുത്തുകാരൻ) അവാർഡ് ദിനത്തിൽ ആദരിക്കുന്നു. 25 വർഷം 2022ൽ പൂർത്തിയാക്കുന്നവർ മാത്രമാണ് പേരുവിവരം നൽകേണ്ടത്. ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്.

NB:

1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ–കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.
2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.

**6. വൈദികനിയമനം:**

1. ഫാ. പോൾ പള്ളിക്കാട്ടിൽ CMI - കപ്ലോൻ സി. എച്ച്. എഫ്. ഒളരിക്കര; സാധുത 2022 ജൂലൈ 6 മുതൽ.
2. ഫാ. ആന്റണി പെരിഞ്ചേരി CMI - കപ്ലോൻ സി. എച്ച്. എഫ്. ഒളരി

ക്കര ഒഴിവായി; സാധുത 2022 ജൂലൈ 6 മുതൽ.

3. ഫാ. ലിന്റോ തട്ടിൽ - Dispensation from Priestly Celebacy & Obligations connected to Sacred Order.

**7. പ്രത്യേകനിയമനം:**

**അതിരൂപത ആലോചനസമിതി**

1. മാർ ടോണി നീലങ്കാവിൽ
2. മോൺ. ജോസ് വല്ലൂരാൻ
3. മോൺ. ജോസ് കോനിക്കര ജൂനിയർ
4. ഫാ. വർഗ്ഗീസ് കൂത്തൂർ
5. ഫാ. ഡൊമിനിക് തലക്കോടൻ
6. ഫാ. ലൂവീസ് എടക്കളത്തൂർ
7. ഫാ. ഫ്രാങ്കോ കവലക്കാട്ട്
8. ഫാ. ജോജു ആളൂർ
9. ഫാ. ജീജോ വള്ളൂപ്പാറ
10. ഫാ. ജെയ്സൻ കൂനംപ്ലാക്കൽ
11. ഫാ. ജോജു പനക്കൽ
12. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്

**അതിരൂപത സാമ്പത്തികസമിതി**

1. മാർ ടോണി നീലങ്കാവിൽ
2. മോൺ. ജോസ് വല്ലൂരാൻ
3. മോൺ. ജോസ് കോനിക്കര ജൂനിയർ
4. ഫാ. വർഗ്ഗീസ് കൂത്തൂർ
5. ഫാ. ഡൊമിനിക് തലക്കോടൻ
6. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്
7. ശ്രീ. ജോസഫ് കാങ്കപ്പാടൻ
8. അഡ്വ. രജിത്ത് ഡേവിഡ്
9. ശ്രീ. എൻ. ഐ. വർഗ്ഗീസ്
10. ശ്രീ. തോമസ് ടോണി
11. ശ്രീ. റോയ് ചുങ്കത്ത്
12. ശ്രീ. ജോസ് ചുങ്കപ്പുര

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# ENGAGEMENTS

**2022 SEPTEMBER Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 01 | Thu | Morning | Holy Mass - Marymatha Major Seminary |
| 02 | Fri | Morning | Holy Mass - Spiritual Animation Center |
| 03 | Sat | | Joint meeting of Presbyteral Council and Religious Superiors |
| | | | School blessing: Attupuram |
| 06 | Tue | | Priests' Conference |
| 07 | Wed | Afternoon | Catechism Teachers' Retreat at Mannuthy |
| 10 | Sat | Morning | Pastoral Council |
| | | | Youth meet at Lourdes Cathedral |
| | | Evening | LOAF: Commitment and Vows of New Members at DBCLC |
| 11-16 | | | Annual Retreat for Priests: Jerusalem Retreat Centre |
| 15 | Thu | Morning | Festal Holy Mass at Dolours Basilica |
| 16 | Fri | Evening | JMMC Trust Meeting |
| 17 | Sat | Afternoon | Parish PRO Meet |
| 18-23 | | | Annual Retreat for Priests: Marymatha Major Seminary |
| 19 | Mon | | St. John's Governing Board Meeting at Bangalore |
| 22-24 | | | CBCI Standing Committee Meeting at Bangalore |
| 24 | Sat | | Jubilee and Final Profession: LSMS at Chittissery |
| 25-30 | | | Annual Retreat for Priests: Marymatha Major Seminary |
| 30 | Fri | | Priests' Conference |

# ENGAGEMENTS

**2022 SEPTEMBER Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 03 | Sat | Morning | Joint meeting of Presbyteral Council and Religious Superiors |
| | | Evening | Blessing of Kappela @ Chiyyaram Vijayamatha Church |
| 04 | Sun | Morning | Pastoral Visit: Sarithapuram |
| | | Afternoon | Catechism Teachers retreat @ Don Bosco School, Mannuthy |
| 05 | Mon | Morning | Fourth Child Baptism @ Avinissery |
| 06 | Tue | All day | Priests' Conference |
| 06-20 | | All days | Third International Congress On Catechesis @Rome |

**വിശ്വാസം, പ്രത്യാശ, സ്നേഹം**
**ഇവ മൂന്നും നിലനിൽക്കുന്നു.**
**എന്നാൽ, സ്നേഹമാണ്**
**സർവോത്കൃഷ്ടം.**

*1 കോറിന്തോസ് 13 : 12-13*

# നാളാഗമം

**ജൂലൈ 2022**

1. അഭിവന്ദ്യ പിതാക്കന്മാർ ഉച്ചകഴിഞ്ഞ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ജൂലൈ 3ലെ മഹാജൂബിലി ആഘോഷപരിപാടിയിലേയ്ക്ക് അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നും എത്തിചേരേണ്ട പ്രയാണങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഒല്ലൂക്കരയിൽ ഉച്ചക്ക് പള്ളിക്കൊപ്പം പണിശാല ഉദ്ഘാടനം നടത്തി. അഭിഷേകകൂട്ടായ്മ കോർടീമിന് സന്ദേശം നൽകി.
2. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പട്ടിക്കാട് ഫൊറോന ദൈവാലയത്തിൽ നിന്നും ആരംഭിക്കുന്ന മഹാജൂബിലി ദീപശിഖാപ്രയാണം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. തുടർന്ന് ഇരിഞ്ഞാലക്കുട രൂപതയിലെ അഴിക്കോടുവച്ച് സംഘടിപ്പിച്ച ജൂബിലി കുർബാനയിൽ സംബന്ധിച്ചു. ഉച്ചതിരിഞ്ഞ് നാലുമണിയോടെ അതിരൂപതയിലെത്തിചേർന്ന, അപ്പസ്തോലിക് ന്യുൺഷ്യോ ആർച്ച്ബിഷപ്പ് ലിയോപോൾദോ ജിറെല്ലിയെ സ്വീകരിച്ചു. അതിനുശേഷം ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സംഘടി

പ്പിച്ച ചടങ്ങിൽ അഭിവന്ദ്യ താഴത്ത് പിതാവ് അപ്പസ്തോലിക് ന്യുൺഷ്യോയോടൊപ്പം പങ്കെടുത്തു. വൈകീട്ട് മേരിമാത മേജർ സെമിനാരിയിൽ അപ്പസ്തോലിക് ന്യുൺഷ്യോ അർപ്പിച്ച വി. ബലിയിലും യോഗത്തിലും അഭിവന്ദ്യപിതാക്കൻമാർ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഫ്രാൻസിസ്കൻ അല്മായ സഭയുടെ അതിരൂപതാതലകൂട്ടായ്മ ഉദ്ഘാടനം ചെയ്തു. പാലയൂരിൽ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാംവാർഷികത്തിന് ഒരുക്കമായുള്ള വിശ്വാസ സംരക്ഷണ പ്രയാണത്തിന്റെ സമാപനചടങ്ങുകളിൽ പങ്കെടുത്തു.

3. രാവിലെ മാർ ആൻഡ്രൂസ് പിതാവ് ലൂർദ്ദ് കത്തീഡ്രൽ, തൃശ്ശൂർ വ്യാകുലമാതാവിന്റെ ബസിലിക്ക, പോപ്പ് ജോൺ പോൾ പീസ്ഹോം എന്നിവിടങ്ങളിലേയ്ക്ക് അപ്പസ്തോലിക് ന്യുൺഷ്യോയെ അനുഗമിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചെറുതുരുത്തി ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചക്ക് അഭിവന്ദ്യപിതാക്കന്മാർ പാലയൂരിൽ മാർതോമാ രക്തസാക്ഷിത്വത്തിന്റെ 1950–ാം വർഷ ജൂബിലിയുടെ വി. കുർബാനയിലും പൊതുയോഗത്തിലും സംബന്ധിച്ചു.
4. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽവച്ചു നടന്ന സെന്റ് തോമസ് ദിനാഘോഷങ്ങളിലും സഭൈക്യയോഗത്തിലും പങ്കെടുത്ത് സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് ചെമ്പുക്കാവ് സി. എച്ച്. എഫ്. മെറീന കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു.
5. അഭിവന്ദ്യപിതാക്കന്മാർ അതിരൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഡയറക്ടർമാരുടെ യോഗത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തോട്ടത്തിൽ ലൈനിൽ ഉള്ള എസ്.കെ. ഡി. കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു.
6. അഭിവന്ദ്യപിതാക്കന്മാർ രാവിലെ കൊച്ചച്ചൻമാരുള്ള പള്ളികളിലെ വികാരിമാരുടെ യോഗത്തിലും ഉച്ചകഴിഞ്ഞ് അതിരൂപതയിലെ സാമൂഹ്യസേവനങ്ങൾക്കായുള്ള സ്ഥാപനങ്ങളിലെ ഡയറക്ടർമാരുടെ യോഗത്തിലും പങ്കെടുത്തു.
7. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്കഴിഞ്ഞ് സെന്റ് തോമസ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.
8. അഭിവന്ദ്യ താഴത്ത് പിതാവ് വിവാഹത്തിനൊരുക്കമായുള്ള ക്ലാസ്സുകളിൽ സംബന്ധിക്കുന്നവർക്കായി ആമ്പല്ലൂരിലെ സ്പിരിചൽ ആനിമേഷൻ സെന്ററിൽവച്ച് വി. കുർബാനയർപ്പിച്ചു.
9. കത്തോലിക്കാസഭ പ്രൊമോട്ടർമാരുടെ സംഗമത്തിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിക്കുകയും അവർ ചെയ്യുന്ന വലിയ സേവന

ങ്ങൾക്ക് നന്ദിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് പി.ഒ.സി.യിൽ സഭാനവീകരണ ട്രെയിനിംഗ് പോഗ്രാമിൽ പങ്കെടുത്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പെരിങ്ങാട് ദൈവായത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ആറോളം ദൈവാലയങ്ങൾ സന്ദർശിച്ചു. ഉച്ചതിരിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന സി. എൽ. സി. യോഗത്തിലും പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ട്രിച്ചി മിഷനിൽ പോയി ദിവ്യബലിയർപ്പിക്കുകയും അവിടെയുള്ള വൈദികരെ കാണുകയും ചെയ്തു.
11. അഭിവന്ദ്യ താഴത്ത് പിതാവ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആലുവയുടെ സുവർണ്ണജൂബിലി ആഘോഷപരിപാടിയിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്കഴിഞ്ഞ് ദൈവശബ്ദം ഓഫീസ് വെഞ്ചിരിച്ചു.
12. അഭിവന്ദ്യ താഴത്ത് പിതാവ് ഇടയസന്ദർശനത്തിനായി ഒരുങ്ങുന്ന ഇടവകകളിലെ പ്രതിനിധികൾക്കായുള്ള യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുതുക്കാട് സെന്റ് ആന്റണീസ് സ്കൂളിന്റെ ശിലാസ്ഥാപനം നടത്തി. തുടർന്ന് പി.ഒ.സി.യിൽ സഭാനവീകരണ ട്രെയിനിംഗ് പോഗ്രാമിൽ പങ്കെടുത്തു.
13. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചിറ്റിശ്ശേരി ഇടവക ദൈവാലയത്തിൽ വി. ക്ലേലിയ പുണ്യവതിയുടെ തിരുനാൾ ദിനത്തിൽ വി. ബലി അർപ്പിച്ച് പ്രാർത്ഥിച്ചു. വൈകിട്ട് ജൂബിലി മെഡിക്കൽ കോളേജിലെ ട്രസ്റ്റിന്റെ യോഗത്തിലും താഴത്ത് പിതാവ് സംബന്ധിച്ചു. രാവിലെ നടന്ന ഫൊറോന വികാരിമാരുടെ യോഗത്തിലും ഉച്ചയ്ക്കുശേഷം പുതുതായി രൂപീകരിക്കപ്പെട്ട വൈദികസമിതി പ്രഥമയോഗത്തിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.
14. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ഇരിങ്ങാലക്കുടയിൽ വച്ച് നടന്ന ഇന്റർ കൂരിയ യോഗത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് ഓൺലൈൻ സിമ്പോസിയത്തിൽ പങ്കെടുത്തു.
15. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവനന്തപുരത്ത് മലങ്കര കത്തോലിക്കാ സഭയിലെ പുതിയ രണ്ട് മെത്രാൻമാരുടെ സ്ഥാനാരോഹണ തിരുകർമ്മങ്ങളിൽ സംബന്ധിച്ച് ആശംസകളർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് മീഡിയ കത്തോലിക്ക മീറ്റിംഗിൽ പങ്കെടുത്തു.
16. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തന്റെ പിതാവിന്റെ അനുസ്മരണബലിയിൽ കാർമ്മികത്വം വഹിച്ചു.
17. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഡി.ബി.സി.എൽ.സി.യിൽ ക്രിസ്

ഫോം അംഗങ്ങൾക്കായി ദിവ്യബലിയർപ്പിച്ചു. തുടർന്ന് ചെങ്ങാലൂർ ദൈവാലയത്തിൽ ദിവ്യബലിയും പുതിയ ദൈവാലയത്തിന്റെ ശിലാസ്ഥാപനവും നടത്തി. പാലയൂരിൽ മുപ്പിട്ട് ഞായറിന്റെ ഭാഗമായി സമൂഹ മാമ്മോദീസ നടത്തി.

18. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഗാഗുൽത്ത ധ്യാനകേന്ദ്രത്തിൽ ദൈവാലയശുശ്രൂഷികൾക്കായി ദിവ്യബലിയർപ്പിച്ചു. കൺസ്ക്ട്രഷൻ കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു. വൈദികർക്കായുള്ള തുടർപരിശീലനക്ലാസ്സിൽ പങ്കെടുത്തു.
19. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വെള്ളാനിക്കോട് ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. ഗ്ലോബൽ മാതൃവേദി മീറ്റിംഗിൽ സമാപന സന്ദേശം നൽകി. തുടർന്ന് വൈദികർക്കായുള്ള തുടർപരിശീലനക്ലാസ്സിൽ പങ്കെടുത്തു.
20. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ആലോചനസമിതി അംഗങ്ങളുടെ പ്രതിജ്ഞ ചൊല്ലി സ്ഥാനമേല്ക്കുന്ന ചടങ്ങിലും തുടർന്ന് ആലോചനസമിതി യോഗത്തിലും പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ നെന്മണിക്കര ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. വൈദികർക്കായുള്ള തുടർപരിശീലനക്ലാസ്സിലും പങ്കെടുത്തു.
21. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വലന്റെയിൻ സി. എം. ഐ അച്ചന്റെ 25-ാം ചരമവാർഷിക ദിനത്തിൽ അനുസ്മരണ ബലി അർപ്പിച്ചു. ഡി.ബി.സി.എൽ.സി.യിൽ വൈദീകരുടെ തുടർപരിശീലനക്ലാസ്സിൽ പങ്കെടുത്തു. വൈകീട്ട് ടീച്ചേഴ്സ് ഗിൽഡ് മീറ്റിംഗിൽ പങ്കെടുത്തു.
22. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ഡി.ബി.സി.എൽ.സി യിൽ വൈദികരുടെ തുടർ പരിശീലന ക്ലാസ്സിൽ പങ്കെടുത്തു. ഉച്ചയ്ക്ക് മംഗലപ്പുഴയിൽ ഡീക്കൻമാരുമായി കൂടിക്കാഴ്ച്ച നടത്തി.
23. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഫാമിലി അസ്തോലേറ്റിൽ വിധവാ സംഗമത്തിൽ സന്ദേശം നൽകി. തുടർന്ന് മേരിമാതാ മേജർ സെമിനാരിയിൽ വൈദികവിദ്യാത്ഥികളുടെ ഉപകാരികളുടെ മീറ്റിംഗിൽ പങ്കെടുക്കുകയും വിശുദ്ധ ബലി അർപ്പിക്കുകയും ചെയ്തു.
24. അഭിവന്ദ്യ താഴത്ത് പിതാവ് ഡി. ബി. സി. എൽ. സി. യിൽ സംഘടിപ്പിച്ച മതബോധനവിദ്യാർത്ഥികൾക്കുള്ള ക്യാമ്പിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുല്ലഴി ക്രിസ്റ്റീന ഹോമിൽ വിശുദ്ധ ബലി അർപ്പിച്ചു. ഒളരി ഇടവകയിൽ മുതിർന്നവരുടെ സംഗമത്തിൽ പങ്കെടുക്കുകയും, വിശുദ്ധ ബലി

അർപ്പിക്കുകയും ചെയ്തു. വൈകിട്ട് പറോക് ഓൺ ലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

25. അഭിവന്ദ്യ പിതാക്കന്മാർ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളാഘോഷത്തിലും വൈദികസമ്മേളനത്തിലും പങ്കെടുത്തു. സുവർണ്ണ–രജത ജൂബിലി ആഘോഷിക്കുന്ന വൈദികരെ ആദരിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഒല്ലൂർ ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.

26. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മണലൂർ പടിഞ്ഞാറ് ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. വൈദികർക്കായുള്ള തുടർപരിശീലനക്ലാസ്സിൽ പങ്കെടുത്തു.

27. അഭിവന്ദ്യ ടോണി പിതാവ് രാവിലെ എം. ഐ. കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു. വൈദികർക്കായുള്ള തുടർപരിശീലനക്ലാസ്സിൽ പങ്കെടുത്തു.


29. സെന്റ് തോമസ് കോളേജിലെ കോൺവൊക്കേഷൻ സമ്മേളനത്തിൽ അഭിവന്ദ്യപിതാക്കന്മാർ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് മേരിമാത മേജർ സെമിനാരിയുടെ എക്സിക്യൂട്ടീവ് യോഗത്തിലും പങ്കെടുത്തു. വൈകിട്ട് പുതുതായി രൂപീകരിച്ച സാമ്പത്തികസമിതി അംഗങ്ങളുടെ പ്രതിജ്ഞയെടുക്കുന്ന ചടങ്ങിലും തുടർന്ന് സാമ്പത്തികസമിതി യോഗത്തിലും പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മർത്താ സന്യാസിനീസമൂഹത്തിന്റെ ലൂർദ് നാഥാ പ്രോവിഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ചു. വൈദികർക്കായുള്ള തുടർപരിശീലനക്ലാസ്സിൽ പങ്കെടുത്തു.

30. അഭിവന്ദ്യപിതാക്കന്മാർ രാവിലെ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ നീലങ്കാവിൽ ഡെന്നി–അനു ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയുടെ മാമോദീസസ്വീകരണചടങ്ങുകൾക്ക് കാർമ്മികത്വം വഹിച്ചു. എറണാകുളം–അങ്കമാലി അതിരൂപതയുടെ പുതിയ അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററായി അഭിവന്ദ്യ താഴത്ത് പിതാവ് സ്ഥാനമേറ്റെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്കഴിഞ്ഞ് ഫാ. സെബി ചിറ്റിലപ്പിള്ളിയുടെ അമ്മയുടെ മൃതസംസ്കാരചടങ്ങിൽ പങ്കെടുത്തു. വൈകീട്ട് പൂമലയിൽ ദിവ്യബലിയർപ്പിച്ചു.

31. അഭിവന്ദ്യ ടോണി പിതാവ് പുത്തൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

ആഗസ്റ്റ് മാസത്തിലെ രണ്ടാം ശനിയാഴ്ചാചരണം 13.08.2022–ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവകദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഇരിങ്ങാലക്കുട രൂപതയിലെ പോട്ട ഇടവകയിലെ അസി. വികാരി ബഹു. സാംസൺ എലുവത്തിങ്കൽ അച്ചനും, ഡിപോൾ പ്രൊവിൻഷ്യൽ ഹൗസിലെ ചാരിറ്റി സിസ്റ്റേഴ്സുമാണ് വി. കുർബാനയ്ക്കും ആരാധനയ്ക്കും ജപമാലയർപ്പണത്തിനും നേതൃത്വം വഹിച്ചത്. പോട്ട ചെറുപുഷ്പം ഇടവകയിലെ വിശ്വാസി സമൂഹവും തിരുക്കർമ്മങ്ങളിൽ പങ്കുചേരുവാൻ എത്തിയിരുന്നു. ബഹു. സാംസനച്ചന്റെ സന്ദേശത്തിലെ പ്രസക്ത ഭാഗങ്ങൾ:



അമ്മ വിചാരങ്ങളിലൂടെ ധന്യനായ ഊക്കനച്ചനെ അറിയുവാൻ ആഗസ്റ്റ് മാസത്തിൽ നമുക്ക് ശ്രമിക്കാം. ഒരു വൈദികനെന്ന നിലയിൽ അൾത്താരയിൽനിന്ന് വചനം പങ്കുവെയ്ക്കുമ്പോൾ, സ്വന്തം അമ്മയെക്കാളും വലിയ സംരക്ഷണവും മാധ്യസ്ഥ്യവും പരി. അമ്മ., ഓരോ പുരോഹിത ജന്മത്തിലും നൽകുന്നുണ്ട്. ഈശോയെ

ഹൃദയത്തിലും ഉദരത്തിലും ഒരുപോലെ കൊണ്ടുനടന്നവളാണ് അമ്മ. ഊക്കനച്ചൻ പറയുന്നു: " പുരോഹിതൻ മറ്റൊരു ക്രിസ്തുവാണ്." ദൈവഹിതത്തിന് ആമ്മേൻ പറയുവാൻ ഈശോയെ പഠിപ്പിച്ചത് അമ്മയാണ്. അപരന്റെ കണ്ണുനീര് കാണുവാനുള്ള തിടുക്കമായിരുന്നു അമ്മയെ പരി. അമ്മയാക്കി മാറ്റിയത്. അതുകൊണ്ടാണ് വിധവയുടെ കണ്ണുനീരിനുള്ളിൽ അമ്മയുടെ മുഖം ക്രിസ്തു ദർശിച്ചത്. അവനാകട്ടെ, അമ്മ ദേവാലയത്തിലെ ഭണ്ഡാരത്തിൽ കാഴ്ചയിട്ട നാണയവും. ഓരോ പൗരോഹിത്യ ജീവിതങ്ങളും ഇതെല്ലാം തന്നെയല്ലേ !


ഊക്കനച്ചനും പരി. അമ്മയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഓരോ നാഴികക്കല്ലുകളും സംഭവിച്ചത് അമ്മയുടെ തിരുനാൾ ദിനങ്ങളിലായിരുന്നുവെന്നുള്ളത് ദൈവപരിപാലനയാണ്. ക്രിസ്തുവിനെപോലെ അമ്മയെ ഹൃദയത്തിൽ കൊണ്ടുനടന്നിരുന്ന വ്യക്തിയാണ് ഊക്കനച്ചനും. അമ്മയോടുള്ള പ്രാർത്ഥനകളിൽനിന്ന് വലിയ ശക്തി അദ്ദേഹം സംഭരിച്ചു. സ്വർഗ്ഗത്തിലേക്കുള്ള കുറുക്കുവഴി അമ്മയ്ക്ക് അറിയുമെന്ന് ഊക്കനച്ചൻ വിശ്വസിച്ചു. വേദനിക്കുന്നവന്റെ കണ്ണീര് കാണുവാനും, പാവങ്ങളിലേക്ക് തന്റെ ജീവിതം തുറന്നുവെയ്ക്കുവാനും അപരിനിലേക്ക് കൈകൾ നീട്ടുവാനും ഈ പുണ്യാത്മാവ് പഠിച്ചത് പരി അമ്മയെ നോക്കിയാണ്. നമുക്കും ഊക്കനച്ചനെപോലെയാകുവാൻ ശ്രമിക്കാം. ആ ധന്യാത്മാവിന്റെ കരം പിടിച്ച് അമ്മയോടൊപ്പം സ്വർഗ്ഗത്തിലേക്ക് തീർത്ഥയാത്ര നടത്തുന്നവരാകാം.

ചൊവ്വന്നൂർ ഇടവകവികാരി ബഹു, ജോജോ എടത്തിരുത്തിയച്ചൻ എല്ലാവർക്കും നന്ദികളർപ്പിച്ചു. പറപ്പൂർ ഇടവകയിൽനിന്നുള്ള പാണേങ്ങാടൻ ജോമി സന്തോഷും കുടുംബവുമാണ് ആഗസ്റ്റ് മാസത്തെ രണ്ടാം ശനിയാഴ്ചാചരണം ഏറ്റെടുത്ത് നടത്തിയത്.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

**രേഖകൾക്ക് സാധുതാപത്രം ലഭിച്ചു**

റോമിലെ നാമകരണനടപടികളുടെ ഭാഗമായി 2020 ഡിസംബറിൽ അതിരൂപതയിൽ നിന്ന് സമർപ്പിച്ച രേഖകളുടെ പ്രഥമ പരിശോധന പൂർത്തിയായി സാധുതാപത്രം ലഭിച്ചു (Decree of Validity). ആവശ്യമായ രേഖകളെല്ലാം സമർപ്പിക്കപ്പെട്ടുവെന്നും അതെല്ലാം സാധുവാണെന്നും നാമകരണത്തിനു വേണ്ടിയുള്ള റോമൻ കാര്യാലയം അറിയിക്കുന്നതാണ് ഈ ഡിക്രി. ഇതിനെ തുടർന്ന് ആഗസ്റ്റ് 3ന് റോമൻ പോസ്റ്റുലേറ്റർ റവ. ഫാ. ചെറിയാൻ തുണ്ടുപറമ്പിലും നാമകരണനടപടികളിൽ സഹായിക്കുന്ന റോമിൽത്തന്നെയുള്ള റവ. ഫാ. ജിസോ കുറ്റിക്കാട്ടും കാര്യാലയത്തിൽ പോകുകയും പബ്ലിക് കോപ്പി സ്വീകരിക്കുകയും ചെയ്തു. ഇവിടെ നിന്ന് അയച്ച രേഖകളുടെ 12 വാല്യങ്ങൾ അടങ്ങുന്ന പകർപ്പാണ് പബ്ലിക് കോപ്പി. 7000 പേജ് വരുന്ന ഈ രേഖകളുടെ അടിസ്ഥാനത്തിൽ ദൈവദാസന്റെ സുകൃതജീവിതത്തെക്കുറിച്ചുള്ള *Positio* തയ്യാറാക്കുകയും റോമിലെ കാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്യും.



**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോയ് ചിറ്റിലപ്പിള്ളി (Sr.) | 02 |
| ഫാ. ആന്റോ എടക്കുളത്തൂർ | 02 |
| ഫാ. ആന്റോ രായപ്പൻ | 02 |
| ഫാ. ജെറിൻ അരിമ്പൂർ | 06 |
| ഫാ. ക്ലമന്റ് വാഴപറമ്പിൽ | 06 |
| ഫാ. ജിയോ തരകൻ | 07 |
| ഫാ. രാജു കൊക്കൻ | 08 |
| ഫാ. ടെറിൻ മുള്ളക്കര | 08 |
| ഫാ. പോളി നീലങ്കാവിൽ | 08 |
| ഫാ. ഡെമിൻ തറയിൽ | 08 |
| ഫാ. ഡേവിസ് ചെറയത്ത് (Jr.) | 10 |
| ഫാ. ഡേവിസ് ചിറമ്മൽ (Sr.) | 10 |
| ഫാ. ഫ്രാൻസിസ് എടക്കളത്തൂർ | 10 |
| ഫാ. ഏബിൾ ചിറമ്മൽ | 13 |
| ഫാ. ജിയോ വേലൂക്കാരൻ | 14 |
| ഫാ. ജിനു പയ്യപ്പിള്ളി | 17 |
| ഫാ. ജോൺ പോൾ തൈക്കാടൻ | 18 |
| ഫാ. ജിയോ കടവി | 20 |
| ഫാ. ആന്റണി ആലുക്ക | 21 |
| ഫാ. ആന്റോസ് എലുവത്തിങ്കൽ | 22 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 22 |
| ഫാ. ജാക്സൺ പേരാമംഗലം | 23 |
| ഫാ. ജിജോ മാളിയേക്കൽ | 25 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 25 |
| ഫാ. വർഗ്ഗീസ് എടക്കളത്തൂർ | 27 |
| ഫാ. ഫ്രാങ്കോ പുത്തിരി | 27 |
| ഫാ. റാഫേൽ വടക്കൻ | 29 |
| ഫാ. സൈജൻ വാഴപ്പിള്ളി | 30 |

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. നൈസൻ ഏലന്താനത്ത് | 21 |
| ഫാ. മാത്യു ചാക്കേരി | 21 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 21 |
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 21 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 21 |
| ഫാ. ജിൻസൻ മുക്കടയിൽ | 21 |
| ഫാ. ജിതിൻ നെല്ലങ്കര | 21 |
| ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ | 21 |
| ഫാ. മാത്യു വെട്ടത്ത് | 21 |
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 27 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 27 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 27 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 27 |
| ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 29 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 29 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 29 |
| ഫാ. ഗോഡ്വിൻ കിഴക്കൂടൻ | 29 |
| ഫാ. അലക്സ് മാപ്രാണി | 29 |
| ഫാ. ജോയ് മൂക്കൻ | 29 |
| ഫാ. സിജോ മുരിങ്ങാത്തേരി | 29 |
| ഫാ. റാഫേൽ മുത്തുപീടിക | 29 |
| ഫാ. ചെറിയാൻ പാറക്കൽ | 29 |
| ഫാ. റെനാൾഡ് പുലിക്കോടൻ | 29 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 29 |
| ഫാ. റാഫേൽ താണിശ്ശേരി | 29 |
| ഫാ. റാഫി തട്ടിൽ | 29 |
| ഫാ. സോളി തട്ടിൽ | 29 |
| ഫാ. റാഫേൽ വടക്കൻ | 29 |

# DEATH DAY



## ചരമദിനങ്ങൾ

ഫാ. ജോൺ മാളിയേക്കൽ

| | |
|---|---|
| വെള്ളാനിക്കാരൻ | 18.09.1915 |
| ചിറമ്മൽ ദേവസ്സി | 10.09.1938 |
| അറക്കൽ ജേക്കബ് (Sr.) | 14.09.1946 |
| വാഴപ്പിള്ളി പോൾ | 17.09.1952 |
| ബ്രഹ്മകുളം സെബാസ്റ്റ്യൻ | 03.09.1960 |
| കൊടിയൻ ആന്റണി | 04.09.1960 |
| അടമ്പുകുളം തോമസ് | 14.09.1962 |
| മാളിയേക്കൽ ആന്റണി | 28.09.1968 |
| മഞ്ഞളി ജോസഫ് | 01.09.1969 |
| ചെറയത്ത് ജോൺ | 19.09.1970 |
| മാമ്പിള്ളി അബ്രാഹം | 02.09.1972 |
| പ്ലാശ്ശേരി ജോൺ | 11.09.1973 |
| ചെമ്മണ്ണൂർ ജേക്കബ് | 20.09.1977 |
| മാളിയേക്കൽ ജോൺ സീനിയർ | 30.09.1978 |
| ചിറമ്മൽ ജോൺ | 06.09.1990 |
| കൂനൻ ജോർജ്ജ് | 09.09.1996 |
| തട്ടിൽ അഗസ്റ്റിൻ | 25.09.1996 |
| മോൺ. മാളിയേക്കൽ ആന്റണി | 03.09.2001 |
| തോട്ടാൻ ആന്റണി (Sr.) | 29.09.2001 |
| മാളിയേക്കൽ ജോസഫ് | 11.09.2009 |
| ഐനിക്കൽ ജേക്കബ് | 19.09.2010 |
| അക്കര അഗസ്റ്റിൻ | 15.09.2012 |
| മാറോക്കി പോൾ | 10.09.2017 |
| അറയ്ക്കൽ സെബാസ്റ്റ്യൻ | 20.09.2019 |



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**1. സി.എസ്.എം.**

9.7.2022 ൽ പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നിത്യവ്രതത്തിനൊരുങ്ങുന്ന സിസ്റ്റേഴ്സിനും ജൂനിയർ സിസ്റ്റേഴ്സിനും ബഹു. റാഫേൽ ആവണത്തുപറമ്പിൽ CMI അച്ചൻ ക്ലാസ്സെടുത്തു. ജൂലൈ 10 മുതൽ 16 വരെ മണ്ണംപേട്ട ജനറലേറ്റിൽ വച്ചു നടന്ന വാർഷിക ധ്യാനത്തി ൽ പ്രോവിൻസിലെ 25 സിസ്റ്റേഴ്സ് പങ്കെടുത്തു. 28–ാം തിയ്യതി 4 പേർ കൊളങ്ങാട്ടുകരയിലെ മരിയ ഭവൻ കോൺ വെന്റിൽവെച്ച് പോസ്റ്റുലൻസിയിലേക്ക് പ്രവേശിപ്പിച്ചു. ജൂലൈ 29 ന് വി. മർത്തായുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ സിസ്റ്റേഴ്സ് വ്രതനവീകരണം നടത്തി.

**2. എഫ്.സി.സി.**

Goodness Institute of Film and Telivision (GIFT Cochin)–ൽ നിന്ന് Pastoral Communication– ൽ സി. ക്രിസ് മരിയ, സി. മേഴ്സി ലിൻ എന്നിവർ ഡിപ്ലോമ കോഴ്സ് വിജയകരമായി പൂർത്തിയാക്കി. ജൂലായ് 5–ാം തീയതി ബഹു. നോർബർട്ടമ്മയുടെ എട്ടാം ചരമവാർഷികം മരത്താക്കര സെന്റ് മേരീസ് ഇടവക ദേവാലയത്തിൽ വച്ച് മോൺ. ജോർജ്ജ് മാനാടന്റെ നേതൃത്വത്തിൽ നടത്തി.

ജൂലായ് 22–ാം തീയതി മുതൽ പള്ളിക്കുന്ന് ഇടവകയിൽ ആരംഭിച്ച ഹോം മിഷൻ പ്രോഗ്രാമിൽ 4

സിസ്റ്റേഴ്സ് പങ്കെടുത്തു. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജൂലായ് 24-ാം തീയതി ഫോർമേഷൻ കമ്മിറ്റി മീറ്റിംഗ് നടത്തി. അന്നുതന്നെ അസ്സീസിയിൽ വച്ച് കോർഗ്രൂപ്പ് ജാഗരണപ്രാർത്ഥന നടത്തി.

**3. എം.എം.ബി.**

സന്യാസ വ്രതാർപ്പണത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ബ്രദേഴ്സ് ഷാജി ലൂക്കോസ് നാരമംഗലത്ത്, കുരിയാക്കോസ് ചുണ്ടേലിക്കാട്ട്, ഡെയ്സൺ മൈലാക്കച്ചാലിൽ എന്നിവരുടെ ജൂബിലി തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. എം.എം.ബി.യുടെ സെന്റ് തോമസ് പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയർ വെരി റവ. ബ്രദർ ജോസ് ചുങ്കത്തും അസ്സീസി പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയർ വെരി റവ. ബ്രദർ സോജൻ പൈകടയും ദീപങ്ങൾക്ക് നാളം പകർന്നു. വികർ പ്രോവിൻഷ്യൽ ബ്രദർ ജിയോ പാലക്കുഴിയിൽ പരിപാടികൾക്ക് നേതൃത്വം നൽകി.

**4. എസ്.എ.ബി.എസ്.**

റോമിലെ Urbani-anum University യിൽ നിന്ന് Canon Lawൽ Licentiate കരസ്ഥമാക്കി തിരിച്ചെത്തിയ സി. ജീൻ മേരി പൊറുത്തൂക്കാരന് അഭിനന്ദനങ്ങൾ! CBSC X, XII ക്ലാസ്സുകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ തൃശൂർ നിർമ്മലമാത സെൻട്രൽ സ്ക്കൂൾ, എയ്യാൽ നിർമ്മലമാതാ കോൺവെന്റ് സ്ക്കൂൾ എന്നിവിടങ്ങളിലെ Principals, Staff, Students എന്നിവർക്ക് പ്രോവിൻസിന്റെ അഭിനന്ദനങ്ങൾ! കർമ്മലീത്ത മാതൃസഭയിൽ നിന്നും വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ട വി. ടൈറ്റസ് ബ്രാഡ്സ്മയുടെ തിരുശേഷിപ്പിന് ജൂലയ് 30-ാം തിയതി വൈകീട്ട് 3.30 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകി.

**5. സി.എസ്.സി.**

ആചാര്യ സംഗമം 2022 എമ്മ പേരിൽ ജൂൺ 25ന് മരിയ പ്രവശ്യയിലെ എല്ലാ എയ്ഡഡ് സ്കൂളിലേയും അധ്യാപകർ, അനധ്യാപകർ എന്നിവർക്കായും ജൂലൈ 16ന് സ്പെഷ്യൽ സ്കൂൾ, നഴ്സറി, അൺ എയ്ഡഡ് സ്കൂൾ, ഊക്കൻ പാഠശാല എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ അധ്യാപകർ, അനധ്യാപകർ എന്നിവർക്കായി ഒരു സംഗമം നടത്തി.

**സി. സോഫി പെരേപ്പാടൻ**
**എസ്.എ.ബി.എസ്.**, പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്.എം.സി.**
സെക്രട്ടറി

# മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം പാലയൂർ

**തർപ്പണ തിരുനാൾ ഭക്തിസാന്ദ്രമായി**

ഇടവകയിലെ ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്ന കലാസന്ധ്യ ആർച്ച് പ്രീസ്റ്റ് റവ. ഡോ. ഡേവിസ് കണ്ണമ്പുഴയുടെ അധ്യക്ഷതയിൽ ചേർന്നു. സീറോ മലബാർ സഭാ ചാൻസലർ റവ ഡോ. വിൻസെന്റ് ചെറുവത്തൂർ ഉദ്ഘാടനം ചെയ്തു. ഇടവകയിലെ വിവിധ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച നൃത്ത പരിപാടികൾ, ഇടവകയിലെ വിവിധ കുടുംബ കൂട്ടായ്മകളിലെ അംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികൾ എന്നിവ അരങ്ങേറി.

ദീപാലങ്കാരങ്ങളുടെ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചത് ചാവക്കാട് എസ് എച്ച് ഒ ശ്രീ വിപിൻ കെ വേണുഗോപാൽ ആയിരുന്നു. ശനിയാഴ്ച വൈകീട്ട് നടന്ന ആഘോഷമായ ദിവ്യബലി, ലദീഞ്ഞ്, നൊവേന, കൂടുതുറക്കൽ ശുശ്രൂഷകൾക്ക് അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കര മുഖ്യ കാർമ്മികത്വം വഹിച്ചു. തിരുനാൾ ദിനം രാവിലെ 10 ന് ആഘോഷമായ ദിവ്യബലിക്കും ലദീഞ്ഞ്, നൊവേന തിരുകർമ്മങ്ങൾക്കും റവ ഫാ. വിൽസൺ പിടിയത്ത് മുഖ്യ കാർമ്മികത്വം വഹിച്ചു. റവ ഫാ. ഹാഡ്‌ലി നീലങ്കാവിൽ തിരുനാൾ സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് സമൂഹമാമോദീസായ്ക്ക് അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് തിരുനാൾ പ്രദക്ഷിണം നടന്നു. തിരുനാൾ വിജയകരമാക്കാൻ ആർച്ച്പ്രീസ്റ്റ് ഫാ. ഡേവിസ് കണ്ണമ്പുഴ, സഹവികാരി ഫാ. മിഥുൻ വടക്കേത്തല, കൈക്കാരന്മാരായ ബിനു താണിക്കൽ, ഫ്രാൻസിസ് മുട്ടത്ത്, ഇ. എഫ്. ആന്റണി, തോമസ് കിടങ്ങൻ സെക്രട്ടറിമാരായ സി.കെ. ജോസ്, ജോയ് ചിറമ്മൽ, ജനറൽ കൺവീനർ ഫ്രാൻസിസ് ചിരിയങ്കണ്ടത്ത് എന്നിവരുടെ നേതൃത്വത്തിലുള്ള തിരുനാൾ കമ്മിറ്റി പ്രവർത്തിച്ചു.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച് പ്രീസ്റ്റ്

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ പ്രിയ കുഞ്ഞുമക്കളെ,

നിങ്ങൾക്ക് എല്ലാവർക്കും സുഖംതന്നെയെന്ന് വിശ്വസിക്കുന്നു. നിങ്ങളെല്ലാവരും ഓണത്തിനായി ഒരുങ്ങി തുടങ്ങിയില്ലേ? സ്കൂൾ അടച്ച് ഓണാവധിയിൽ പ്രവേശിക്കുന്നതും, പൂക്കളം ഇടുന്നതും, പായസവും കൂട്ടി നല്ല ഓണസദ്യ കഴിക്കുന്നതും നിങ്ങൾ സ്വപ്നം കാണുന്നുണ്ടാകും. നല്ല വസ്ത്രങ്ങൾ ധരിച്ച് വിവിധ ഓണക്കളികളുമായി കൂട്ടുകാർക്കൊപ്പം കറങ്ങി നടക്കാൻ ആരാണ് ഇഷ്ടപ്പെടാത്തത്? നിങ്ങൾക്കെല്ലാവർക്കും ഏറെ സ്നേഹത്തോടെ ഓണാശംസകൾ നേരുന്നു. ഈ ഓണക്കാലം പരസ്പരം സ്നേഹിക്കാനും മനസ്സിലാക്കാനുമുള്ള ഒരു അവസരമായി മാറട്ടെ.

സെപ്റ്റംബർ മാസം ക്രിസ്ത്യാനികളായ നമുക്ക് വളരെ പ്രധാനപ്പെട്ട മാസമാണ്. ഈശോയുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുന്നാൾ സെപ്റ്റംബർ 8–ാം തിയതിയാണ് നാം ആഘോഷിക്കുന്നത്. അതുപോലെ സെപ്റ്റംബർ 14–ാം തീയതിയാണ് ഹെലേന പുണ്യവതിയുടെ നേതൃത്വത്തിൽ എ. ഡി. 326ൽ ഈശോ മരണംവരിച്ച വിശുദ്ധ കുരിശ് ജെറുസലേമിൽനിന്നും കണ്ടെടുത്തതിന്റെ ഓർമ്മക്കായി ഈശോയുടെ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ നാം ആഘോഷിക്കുന്നത്. പഴയ നിയമത്തിലെ നിയമാവർത്തന പുസ്തകത്തിൽ (നിയമാവർത്തനം 21: 23) വായിക്കുന്നതുപോലെ 'മരത്തിൽ തൂക്കപ്പെട്ടവനെ ദൈവത്താൽ ശപിക്കപ്പെട്ടവ'നായാണ് കണക്കാക്കിയിരുന്നത്. ശാപത്തിന്റെ, പീഡനത്തിന്റെ, മരണത്തിന്റെ, പരാജയത്തിന്റെ പ്രതീകമായിരുന്ന കുരിശിനെ ഈശോ തന്റെ ഉത്ഥാനത്തിലൂടെ വിജയത്തിന്റെ, മഹത്വത്തിന്റെ ചിഹ്നമായി മാറ്റി. ഇന്ന് കുരിശ് നമുക്ക് വിജയത്തിന്റെ, സംരക്ഷണത്തിന്റെ, രക്ഷയുടെ അടയാളമാണ്.

പ്രിയ കൂട്ടുകാരെ, ഓരോ ദിവസവും എത്ര തവണയാണ് നാം കുരിശ് അടയാളം വരക്കുന്നത്? എവിടെയെല്ലാമാണ് നാം കുരിശുരൂപം സ്ഥാപിച്ചിരിക്കുന്നത്? എന്തിനാണ് നാം വിശുദ്ധ കുരിശിനെ വണങ്ങുന്നത്? ഇങ്ങനെ നിരവധി ചോദ്യങ്ങൾ നിങ്ങളുടെ മനസ്സിലുണ്ടാകാം.

വിശുദ്ധ കുരിശ് ക്രിസ്ത്യാനികളെ സംബന്ധിച്ച് വലിയ ഒരു അടയാളമാണ്. നമ്മോടുള്ള സ്നേഹത്തെ പ്രതി നമ്മുടെ ഈശോ നാഥൻ മനുഷ്യനായി അവതരിച്ച് നമ്മെ പാപത്തിൽ നിന്നും രക്ഷിക്കാൻ പീഡകൾ സഹിച്ചതിന്റെ, മരിച്ചതിന്റെ, ഒടുവിൽ ഉത്ഥാനം ചെയ്തതിന്റെ ഓർമ്മയാണ് വിശുദ്ധ കുരിശ് നമ്മിൽ ഉണർത്തുന്നത്. അതിനാൽ വിശുദ്ധ കുരിശ് വെറുതെ ഭംഗിക്കായി അണിയേണ്ട ഒരു അടയാളമോ, ആഭരണമോ അല്ല. ഓരോ തവണ വിശുദ്ധ കുരിശിന്റെ അടയാളം നാം വരയ്ക്കുമ്പോഴും ഈശോയ്ക്ക് നമ്മോടുള്ള സ്നേഹവും അവിടുന്ന് നമുക്ക് വേണ്ടി സഹിച്ച പീഡനങ്ങളും നാം ഓർക്കണം. അപ്പോൾ ഈശോയുടെ സ്നേഹം നമ്മിൽ നിറയുന്നതിനും നാം ദൈവമക്കളാകുകയും ചെയ്യും.

നമ്മുടെ വീടുകളിലും സ്ഥാപനങ്ങളിലും മറ്റും സ്ഥാപിച്ചിട്ടുള്ള ക്രൂശിതരൂപം കാണുമ്പോൾ തലകുനിച്ച് ആചാരം ചെയ്ത് 'ഈശോയെ നിന്നെ ഞാൻ സ്നേഹിക്കുന്നു'വെന്ന് മനസ്സിൽ പറയുന്നത് നല്ലതാണ്. രാവിലെ ഉണരുമ്പോഴും രാത്രി ഉറങ്ങുന്നതിനുമുൻപും ഏതൊരു കാര്യം ആരംഭിക്കുന്നതിനു മുൻപും വിശുദ്ധ കുരിശിന്റെ അടയാളം നമ്മുടെ നെറ്റിയിൽ വരച്ചു ഈശോയുടെ സംരക്ഷണം നമുക്ക് ആവശ്യപ്പെടാം. നാം പഠിക്കാൻ ആരംഭിക്കുമ്പോൾ ഒരു ക്രൂശിതരൂപം ആ മുറിയിൽ ഉണ്ടായിരിക്കുന്നത് നല്ലതാണ്. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അതിനെ അതിജീവിക്കാൻ വിശുദ്ധ കുരിശിന്റെ അടയാളം നമ്മുടെ നെറ്റിയിൽ വരച്ച് പ്രാർത്ഥിക്കുന്നത് നമുക്ക് ശക്തി നൽകും.

ഇങ്ങനെ ഈശോയോടുള്ള സ്നേഹത്തിൽ വളരാൻ വിശുദ്ധ കുരിശ് നമ്മെ സഹായിക്കും. ഈശോ പിശാചിന്റെ മേൽ വിജയം വരിച്ചതിന്റെ അടയാളമായ വിശുദ്ധ കുരിശ് നമ്മെയും സകല തിന്മകളിൽ നിന്നും കാത്തു പരിപാലിക്കട്ടെ. വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന്റെയും പരി. അമ്മയുടെ ജനനതിരുനാളിന്റെയും മംഗളങ്ങൾ ഏറെ സ്നേഹത്തോടെ എല്ലാവർക്കും നേരുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലനകേന്ദ്ര
# വാർത്തകൾ

ദൈവേഷ്ടം മാത്രം നിറവേറ്റാൻ ജീവിച്ച പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ ആഗതമാകുകയാണ്. കൃപനിറഞ്ഞവളും കർത്താവു കൂടെയുണ്ടായിരുന്നവളുമായ അവൾ കടുത്ത ജീവിത സഹനങ്ങളിലൂടെ കടന്നുപോയി. പക്ഷേ, ആ യാത്ര പരാജയങ്ങളുടെ പാതാളങ്ങളിലേക്കായിരുന്നില്ല. ഈശോയോടൊപ്പമുള്ള സ്വർഗ്ഗീയ മഹത്വത്തിലേക്കാണ്. "സകല തലമുറകളും അനുഗൃഹീത എന്നു വിളിക്കുന്ന" ജന്മം! സ്വർഗ്ഗീയ മഹത്വത്തെ ലക്ഷ്യം വച്ച് മുന്നേറി നമ്മുടെയും ജന്മത്തെ സഫലമാക്കാൻ പരിശുദ്ധ അമ്മയുടെ ജനന തിരുനാൾ പ്രചോദനം നൽകട്ടെ. വചനാഗ്നി ധ്യാനം ഈശോയെ കൂടു തൽ അടുത്തറിയാനും അനുഭവിക്കാനും നമ്മെ സഹായിക്കട്ടെ. അനുഗ്രഹീതമായ ദിവസങ്ങൾ ആശംസിക്കുന്നു. അടുത്തമാസം അർദ്ധവാർഷിക പരീക്ഷകളും വരികയാണ്. പരീക്ഷക്കായി കുട്ടികളെ നന്നായി ഒരുക്കുമല്ലോ.

## I. Sunday Catechism

### 1. വചനാഗ്നി – 2022

തൃശ്ശൂർ അതിരൂപതയിലെ വിശ്വാസപരിശീലകർക്കായി ഒരുക്കുന്ന പ്രഥമ ദൈവവചനധ്യാനം **'വചനാഗ്നി – 2022'** ന് ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ആദ്യദിനം സെപ്റ്റംബർ 4 ന് അതിരൂപതയിലെ മുഴുവൻ വിശ്വാസപരിശീലകർക്കും പങ്കെടുക്കാവുന്ന പരിപാടിയും ധ്യാനത്തിന്റെ ഉദ്ഘാടനവുമാണ് നടക്കുന്നത്. അന്നേ ദിവസം സാധിക്കുന്ന എല്ലാ വിശ്വാസപരിശീലകരും സംഗമത്തിൽ പങ്കുചേരുമല്ലോ. പരിപാടിയുടെ ഏകദേശരൂപം താഴെ കൊടുക്കുന്നു.

2022 സെപ്റ്റംബർ 4: 2–8 pm വിശ്വാസപരിശീലകരുടെ സംഗമ വും ധ്യാന ഉദ്ഘാടനവും. അതിരൂപതയിലെ മുഴുവൻ വിശ്വാസ പരിശീലകർക്കും ഈ പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.

**സെപ്റ്റംബർ 5, 6: 7am - 7pm ധ്യാനം**

**സെപ്റ്റംബർ 7: 7am -4pm ധ്യാനം, സമാപനസന്ദേശം**

ധ്യാനം നയിക്കുന്നത് : **ഫാ. ഡാനിയേൽ പൂവണ്ണത്തിൽ**

4–ാം തിയതിയിലെ പരിപാടികൾ നയിക്കുന്നത് ക്രോസ്ടോക്ക് മ്യൂസിക്ക് ടീം. രജിസ്ട്രേഷൻ എത്രയും പെട്ടെന്ന് പൂർത്തിയാക്കുക. മധ്യസ്ഥ പ്രാർത്ഥനകളും വചനപാരായണവുമായി ധ്യാനത്തിനായി ഒരുങ്ങുക. ധ്യാനത്തിൽ പൂർണ്ണമായി പങ്കെടുക്കുക. ധ്യാനത്തിനു വരുന്ന മുഴുവൻ

പേരും ബൈബിൾ നിർബന്ധമായും കൊണ്ടുവരണം.

**2. യൂണിറ്റ് വിസിറ്റേഴ്സ് മീറ്റിംഗ്**

സെപ്റ്റംബർ 18 ന് 2 മുതൽ 5 വരെ. വിസിറ്റിന് പോകാൻ പേര് തരാത്ത യൂണിറ്റുകൾ എത്രയും പെട്ടെന്ന് പേര് തരേണ്ടതാണ്. യൂണിറ്റ് വിസിറ്റിന് പോകുന്ന അധ്യാപകർ ഈ മീറ്റിംഗിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**3. പ്രിൻസിപ്പൽമാരുടെ കോൺഫ്രൻസ്**

തിയതി: 2 pm - 5 pm ഒക്ടോബർ 2 – ഞായർ

സ്ഥലം: ഡി.ബി.സി.എൽ.സി.

**4. അർദ്ധവാർഷിക പരീക്ഷകൾ - ഞായർ വിശ്വാസപരിശീലനം**

പരീക്ഷാ തിയതികൾ:

ഒക്ടോബർ 9: 2pm - 4 pm I, III, V, VII, IX, XI

ഒക്ടോബർ 16: 2pm - 4 pm II, IV, VI, VIII, X, XII, ACC

ചോദ്യപേപ്പർ സാധാരണരീതിയിൽ തന്നെയായിരിക്കും.

Ref : Annual Programme Page No. 20-26

വിശ്വാസപരിശീലകർ ഓരോ ക്ലാസ്സിലെയും പാഠ്യപദ്ധതി (Syllabus) കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. വിശ്വാസപരിശീലന യൂണിറ്റുകളിൽ നടക്കുന്ന എല്ലാ ക്ലാസ്സുകളിലെയും അർദ്ധവാർഷിക–വാർഷിക പരീക്ഷകൾക്ക് അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും നൽകുന്ന ചോദ്യപേപ്പർ മാത്രമാണ് ഉപയോഗിക്കേണ്ടത്. അർദ്ധവാർഷിക ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയത്തിനാവശ്യമായ ഉത്തരസൂചിക വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. വിശ്വാസപരിശീലനവിദ്യാർത്ഥികളുടെ അർദ്ധവാർഷിക പരീക്ഷാഫലം യൂണിറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്; മാർക്കുകളോടൊപ്പം പരീക്ഷാതിയ്യതി ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന ഹാജരും പ്രസിദ്ധീകരിക്കേണ്ടതാണ്.

**5. സ്കോളർഷിപ്പ് പരീക്ഷ**

ഈ വർഷം സ്കോളർഷിപ്പ് പരീക്ഷകൾ ഉണ്ടായിരിക്കുന്നതാണ്. 4 മുതൽ 11 ഉൾപ്പടെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി വാർഷിക പരീക്ഷകൾക്കുശേഷം സ്കോളർഷിപ്പ് പരീക്ഷ അതിരൂപതാടിസ്ഥാനത്തിൽ നടത്തപ്പെടുന്നു.

**6. സോഫ്റ്റ് വെയറും പരീക്ഷകളും**

വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട വിവിധകാര്യങ്ങൾ ക്രമീകരിക്കു

ന്നത് യൂണിറ്റുകൾ സോഫ്റ്റ് വെയറിൽ കൊടുത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനാൽ യൂണിറ്റുകളിൽ നിന്നുള്ള ഡാറ്റ എപ്പോഴും കൃത്യമാക്കണം. അർദ്ധവാർഷിക പരീക്ഷയ്ക്ക് ചോദ്യപേപ്പറുകൾ യൂണിറ്റുകൾക്ക് നൽകുന്നതിനുള്ള എണ്ണം കണക്കാക്കുന്നത് 'Student Summary' യിൽ നിന്നുമാണ്. അതനുസരിച്ചുള്ള എണ്ണം ചോദ്യപേപ്പർ ആണ് യൂണിറ്റുകളിലേക്ക് നൽകുന്നത്. സെപ്റ്റംബർ 11 നു ശേഷം 'Student Summary' യിൽ വരുത്തുന്ന മാറ്റങ്ങൾ യൂണിറ്റിലേക്കു തരുന്ന ചോദ്യപേപ്പറിന്റെ എണ്ണത്തിൽ ഉണ്ടായിരിക്കുകയില്ല. ആയതിനാൽ വിദ്യാർത്ഥികളുടെ എണ്ണം കൃത്യമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക.

**7. Std. XII വിദ്യാർത്ഥികളുടെ ബയോഡാറ്റയും ഫോട്ടോയും**

1. ഈ വർഷം Std. XII ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ബയോഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)

2. അവരുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്‌ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ (150 x 200 pix) ആണ് അപ്‌ലോഡ് ചെയ്യേണ്ടത്).

**8. പ്രോഗ്രസ്സ് റിപ്പോർട്ട്**

കുട്ടികളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് ഫോമുകൾ ഡി. ബി. സി. എൽ. സി. യിലെ റിലീജിയസ് സ്റ്റാളിൽ നിന്നും വാങ്ങാവുന്നതാണ്.

**II. ഡെയ്‌ലി കാറ്റകിസം**

1. സ്കൂൾ വേദോപദേശം & സന്മാർഗ്ഗശാസ്ത്രം അർദ്ധവാർഷികപരീക്ഷകൾ

സെപ്റ്റംബർ 30 വെള്ളി.

രാവിലെ : Std. I, III, V, VII, IX

ഉച്ചതിരിഞ്ഞ്: Std. II, IV, VI, VIII, X, XII

ഒക്ടോബർ 28 വെള്ളി

രാവിലെ : Std. XI

**II.** സെപ്റ്റംബർ 26 മുതൽ ചോദ്യപേപ്പറുകൾ കാറ്റകിസം ഓഫീസിൽ നിന്നും കൊണ്ടുപോകാവുന്നതാണ്.

**III.** ആഗസ്റ്റ് 3 ന് രണ്ടു മുതൽ ഡിബിസിഎൽസി യിൽ വെച്ച് സ്കൂൾ പ്രിൻസിപ്പാളുമാരുടെ മീറ്റിംഗ് നടത്തുകയുണ്ടായി. യോഗത്തിൽ 179 സ്കൂളികളിൽ നിന്ന് 108 സ്കൂളുകളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നു. പ്രിൻസിപ്പാളുമാരുടെ നിർദ്ദേശപ്രകാരം 11–ാം ക്ലാസ്സിലെ അർദ്ധ

വാർഷിക പരീക്ഷയുടെ തിയതി നീട്ടാൻ  തീരുമാനിച്ചു. അതുപോലെ നഴ്സറി ക്ലാസ്സിലേക്ക് പാഠപുസ്തകം തയ്യാറാക്കാൻ ഏഴംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തു.

നിലവിലുള്ള സ്കൂൾ കാറ്റകിസം കൗൺസിലിലേക്ക് 2 അധ്യാപകരെ കൂടെ തിരഞ്ഞെടുത്തു :

1. Shaji George - St. Francis Xavier's RCUPS, Vadanappilly - Archdiocese of Trichur Corporate
2. Joshy Paul V. - St. Sebastian's H. S., Mannamangalam - Archdiocese of Trichur Corporate
3. Rev. Sr. Mercy Paul CMC -St. Raphael's CLPS, Ollur - CMC Corporate Management
4. Rev. Sr. Sharon Therese FCC - St. Clare's CLPS, Thrissur - FCC Corporate Management
5. Rev. Sr. Josephine CHF - Holy Family CGHS, Chembukkavu - CHF Corporate Management
6. Joshy Vadakkan - Mission Home LPS, Mariapuram
7. Jackson M P - St. Thomas HSS, Thiroor

സ്നേഹപൂർവ്വം,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (Three Years)**
(affiliated to Katholicke Universiteit, Leuven, Belgium):

- ആദ്യസെമസ്റ്ററിലെ Bio-Medical Ethics & Life issues (Rev. Dr. Alex Marottical), Mathew (Rev. Dr. Johnson Achandy), Prophets (Rev. Dr. Francis Kuthoor) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. ലുവെയ്നിലെ Prof. Johan De Tavernier, Eco-theology of Pope Francis - Comments on Laudato Si and Fratelli Tutti എന്ന വിഷയത്തെ കുറിച്ചുള്ള ക്ലാസുകൾ 14, 15, 20, 21 എന്നീ തിയ്യതികളിൽ നടന്നു.
- 13.08.2022 മേരി മാതാ സെമിനാരിയിൽ MEPC 15th Symposium ത്തിൽ Institute of Theology ലെ വിദ്യാർത്ഥികൾ പങ്കെടുക്കുകയും 12.15 ന് നടന്ന പ്രാർത്ഥനാശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു.

**2. Certificate Course in Theology (One Year)**
(affiliated to Chair for Christian Studies and Research, Calicut University)

- ആഗസ്റ്റ് 7, ആഗസ്റ്റ് 21 തിയ്യതികളിൽ 2022–2023 ബാച്ചുക്കാരുടെ വി.കുർബാന (Rev. Dr. Johnson Chittilappilly), ദൈവവചനം വചന വ്യാഖ്യാനം (Rev. Dr. Freejo Parakkal) എന്ന വിഷയത്തിന്റെ ക്ലാസ്സുകൾ നടന്നു.

**3. Course on Theology of Family (One and Half Years)**

- Psychological Counseling & Marriage Encounter (Rev. Dr. Job Padayattil) എന്ന വിഷയത്തിന്റെ ക്ലാസ്സ് ആഗസ്റ്റ് 28 ന് നടന്നു.
- 45 ദമ്പതികളാണ് (90 പേർ) ഈ കോഴ്സിൽ പങ്കെടുക്കുന്നത്.

**4. Advanced Certificate Course in Theology (Six Months)**
(affiliated to Chair for Christian Studies and Research, Calicut University):

- സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course

മേരിമാതാ മേജർ സെമിനാരിയിൽ നടന്നുകൊണ്ടിരിക്കുന്നു.

**5. Online Certificate Course in Theology (Two Years)**

(affiliated to Chair for Christian Studies and Research, Calicut University)

- **വിശ്വാസപ്രമാണം** (Rev. Dr. Lijo Chalissery) എന്ന വിഷയത്തിന്റെ ക്ലാസ്സ് ആഗസ്റ്റ് 28 ന് നടന്നു.
- ഈ Certificate Course-ൽ 120 പേരാണ് പങ്കെടുക്കുന്നത്.

**6. Basic Bible Course (BBC)**

- റവ. ഡോ. മേജോ മരോട്ടിക്കൽ, റവ. ഡോ. ലിൻസൻ തട്ടിൽ, റവ. ഡോ. വിൻസന്റ് ആലപ്പാട്ട്, ശ്രീ. ജോസഫ് പാറന്നൂർ എന്നിവർ ക്ലാസ്സുകൾ നയിക്കുന്നു.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

## എക്സൽ അക്കാദമി

**Excel Excellence Day**

2022 ആഗസ്റ്റ് 13–ാം തിയതി, Excel Foundation Courseന്റെ പുതിയ ബാച്ചിന്റെ ഉദ്ഘാടനം, DBCLCഹാളിൽ, എക്സൽ അക്കാദമി ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആളൂർ നിർവ്വഹിച്ചു. അക്കാദമിക് ഹെഡ് ഡോ. മാണി കെ. പീറ്റർ, ശ്രീ ഫ്രാൻസിസ് മാളിയേക്കൽ, ശ്രീ ജോർജ്ജ് എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു. ഫൗണ്ടേഷൻ കോഴ്സ്, എൻട്രൻസ് പരീക്ഷ (സ്കൂൾ ലെവൽ, പാരിഷ് ലെവൽ) എന്നീ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു. 8–ാം ക്ലാസ്സ് മുതൽ 12–ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കുള്ള ഫൗണ്ടേഷൻ കോഴ്സിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

**K-TET Course**

എക്സൽ അക്കാദമിയുടെ K-TET കോഴ്സ് അടുത്ത ബാച്ചിലേക്കുള്ള അഡ്മിഷൻ ആഗസ്റ്റ് അവസാനം ആരംഭിക്കും.

## KER / KSR Course

സ്കൂൾ പ്രിൻസിപ്പാൾ / ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുവാൻ, അധ്യാപകർ നിർബന്ധമായും പാസ്സായിരിക്കേണ്ട KER / KSR കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിക്കുന്നു.

**ന്യൂനപക്ഷവകുപ്പിന്റെ സൗജന്യ പരിശീലനം**

കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ സൗജന്യ പരിശീലനത്തിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കേരളസർക്കാരിന്റെ ന്യുനപക്ഷവകുപ്പിന്റെ സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും സൗജന്യ PSCപരിശീലനം നടക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് – 9847276657/ 9744941585**

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

**മാർ ഈവാനിയോസ് ദിനം**

ജൂലൈ 15 –ാം തിയ്യതി മാർ ഈവാനിയോസ് ദിനത്തോടനുബന്ധിച്ച് റവ. ഫാ. രാജു പറക്കോട്ട് സീറോ മലങ്കര റീത്തിൽ ദിവ്യബലിയർപ്പിച്ചു. അന്നേദിവസം മലങ്കര കത്തോലിക്ക സഭയെ പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിച്ചു.

**ഉപകാരിസംഗമം**

കോവിഡ് – 19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മുടങ്ങിപ്പോയ ഉപകാരിസംഗമം ഈ വർഷം ജൂലൈ 23–ാം തിയ്യതി നടത്താനായി. മാർ ടോണി നീലങ്കാവിൽ പിതാവ് ഉപകാരിസംഗമത്തിൽ സന്ദേശം നൽകുകയും ഉപകാരികളോടൊന്നിച്ച് ദിവ്യബലിയർപ്പിക്കുകയും ചെയ്തു. ഏകദേശം 150 പേർ സന്നിഹിതരായിരുന്നു. എല്ലാ ഉപകാരികളെയും സെമിനാരി കുടുംബം ഹൃദയപൂർവ്വം സ്വീകരിച്ചു.

**കുടുംബദിനാഘോഷങ്ങളുടെ ഉദ്ഘാടനം**

Talaash 2K22 എന്ന് നാമകരണം ചെയ്യപ്പെട്ട ഈ അധ്യയന വർഷത്തെ കുടുംബദിനാഘോഷങ്ങളുടെ ഉദ്ഘാടനം പൂർവ്വവിദ്യാർത്ഥിയായ റവ. ഫാ. അജിത്ത് ചിറ്റിലപ്പിള്ളി ജൂലൈ 27–ാം തിയ്യതി നിർവ്വഹിച്ചു. Search Your Gem, Reach Your Home എന്നതാണ് ഈ വർഷത്തെ കുടുംബ ദിനാഘോഷങ്ങളുടെ motto.

**വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുന്നാൾ**

വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുന്നാൾ ആഗസ്റ്റ് 3, 4 എന്നി തിയ്യതികളിൽ സമുചിതമായി ആചരിച്ചു. തിരുന്നാളിനോടനുബന്ധിച്ചുള്ള ആഗസ്റ്റ് 3–ാം തിയ്യതിയിലെ വേസ്പരയ്ക്ക് റവ. ഫാ. സൈജോ തൈക്കാട്ടിൽ കാർമ്മികത്വം വഹിച്ചു. തദവസരത്തിൽ ബ്രദർ ആന്റണി രാജ് സന്ദേശം നൽകി. വേലൂപ്പാടം സെന്റ് ജോസഫ്സ് തീർത്ഥകേന്ദ്രം റെക്ടർ റവ. ഫാ. ജോബ് വടക്കന്റെ കാർമമികത്വത്തിൽ ആഗസ്റ്റ് 4–ാം തിയ്യതി ആഘോഷമായ തിരുന്നാൾ വിശുദ്ധ കുർബാന അർപ്പിച്ചുക്കൊണ്ട് എല്ലാ വൈദികർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു.

**മാസധ്യാനം**

ആഗസ്റ്റ് 5, 6 തിയ്യതികളിൽ നടന്ന മാസധ്യാനം റവ. ഫാ. വർഗീസ് കരിപ്പേരി നയിച്ചു. പ്രാർത്ഥനയിൽ നിന്നും വചനധ്യാനത്തിൽ നിന്നും ഉൾക്കാഴ്ചകൾ സ്വീകരിച്ച് ക്രിസ്തുവിന് സജീവസാക്ഷികളായിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ധ്യാനഗുരു ഓർമ്മപ്പെടുത്തി.

**മല്പാൻ മൈക്കിൾ കാരിമറ്റം അച്ചന് യാത്രയയപ്പ്**

2002 മുതൽ മേരിമാതാ സെമിനാരിയിൽ റസിഡന്റ് സ്റ്റാഫായിരുന്ന വിശുദ്ധഗ്രന്ഥ പണ്ഡിതനായ റവ. ഡോ. മൈക്കിൾ കാരിമറ്റത്തിന് ആഗസ്റ്റ് 11 –ാം തിയ്യതി സെമിനാരികുടുംബം കൃതജ്ഞതയോടെ യാത്രയയപ്പ് നൽകി. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും യാത്രയയപ്പ് യോഗത്തിൽ ആദ്യന്തം സംബന്ധിക്കുകയും സീറോ മലബാർ സഭ ബഹു. മൈക്കിളച്ചന് മല്പാൻ പദവി നൽകി ആദരിച്ചതിലുള്ള തങ്ങളുടെ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. സമാനതകളില്ലാത്ത അദ്ദേഹത്തിന്റെ ശുശ്രൂഷകൾ തിരുസ്സഭക്കും, വിശിഷ്യ മേരിമാതാ സെമിനാരിക്കും ഏറെ വിലപ്പെട്ടതായിരുന്നുവെന്ന് ആശംസകൾ നേർന്ന് സംസാരിച്ച ഏവരും ഊന്നിപ്പറയുകയുണ്ടായി. ആഗസ്റ്റ് 20–ാം തിയ്യതി ബഹു. മൈക്കിളച്ചൻ താൻ അംഗമായിരിക്കുന്ന തലശ്ശേരി അതിരൂപതയിലേക്ക് യാത്രതിരിച്ചു.

**അന്തർദേശീയ പഠനശിബിരം**

പരിചരണം, സുരക്ഷ, നീതി: ജീവിതത്തിനും സൃഷ്ടിക്കുമുള്ള വെല്ലുവിളികൾ എന്ന വിഷയത്തെ അധികരിച്ചുള്ള അന്തർദേശീയ ദൈവശാസ്ത്ര പഠനശിബിരം 2022 ആഗസ്റ്റ് 12, 13 എന്നി തിയ്യതികളിൽ മേരിമാതാ മേജർ സെമിനാരിയിൽ വച്ച് നടന്നു. സമഗ്ര മാനവ പുരോഗതിക്കായുള്ള വത്തിക്കാൻ കാര്യാലയത്തിലെ പരിസ്ഥിതിക്കും സൃഷ്ടിക്കും വേണ്ടിയുള്ള വിഭാഗത്തിന്റെ കോർഡിനേറ്ററായ റവ. ഡോ. ജോഷ്ട്രോം ഐസക്ക് കുരീത്തടം ടഉആ പഠനശിബിരം ഉദ്ഘാടനം ചെയ്ത് പ്രബന്ധം അവതരിപ്പിച്ചു. പ്രൊഫ. ഡോ. ജോഹാൻ ദേ ടവർണീർ, റവ. ഡോ. സ്റ്റനിസ്ളാവൂസ് അള്ള SJ, റവ. ഡോ. സിസ്റ്റർ ഉന്നത SIC, ഡോ. ബെന്നി ജോസഫ്, റവ. ഡോ. ജോജോ എം. ഫുങ്ങ് SJ, റവ. ഡോ. പോൾ കുഞ്ഞാനയിൽ MCBS, ഡോ. പി. സി. ഗിൽവാസ്, റവ. ഡോ. മാത്യൂ ഇല്ലത്തുപറമ്പിൽ, ഡോ. ഫ്രാങ്കോ ജെയിംസ് ആളൂർ, റവ. ഫാ. ജോൺസൺ അന്തിക്കാട്ട്, റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, റവ. ഫാ. ഫിജോ ആലപ്പാടൻ തുടങ്ങിയവരും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തു.

**രജതജൂബിലി ഉദ്ഘാടനം**

സെമിനാരിയുടെ രജതജൂബിലി ഉദ്ഘാടനം ആഗസ്റ്റ് 15–ാം തിയ്യതി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ജേക്കബ് തൂങ്കുഴി പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും ചേർന്ന് നിർവ്വഹിച്ചു. ആഘോഷമായ സമൂഹദിവ്യബലിക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. ദിവ്യബലിമദ്ധ്യേ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് വചനസന്ദേശം നൽകി. വിശുദ്ധ കുർബാനക്കുശേഷം രജതജൂബിലി ലോഗോയും പതാകയും പ്രകാശനം ചെയ്തു.

**കലാ–സാഹിത്യ അവതരണങ്ങൾ**

മൂന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥിയായ ബ്രദർ ജൂഡ് വട്ടക്കുന്നേൽ രചനയും സംവിധാനവും നിർവ്വഹിച്ച ***ഇനിയും തോരാതെ*** എന്ന നാടകം ജൂലൈ 16–ാം തിയ്യതി വൈദികവിദ്യാർത്ഥികൾ മനോഹരമായി അരങ്ങിലവതരിപ്പിച്ചു. സമകാലീന സാമൂഹ്യവിഷയങ്ങളെ അവലംബമാക്കിയിട്ടുള്ളതായിരുന്നു നാടകം. ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ ***നമ്മളറിയാതെ*** എന്നും ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ ***ബലിദാൻ*** എന്നും നാമകരണം ചെയ്യപ്പെട്ട കലാ–സാഹിത്യ അവതരണങ്ങൾ യഥാക്രമം ആഗസ്റ്റ് 4, 15 എന്നി തിയ്യതികളിൽ അരങ്ങേറി.

**ബേഴ്സ് സ്ഥാപിച്ചവർ**
**Benefactor Membership**

1. ശ്രീമതി താണ്ടമ്മ പോൾ, C/o  റീജൻ എം. ജെ., മുത്തൂപീടിക ഹൗസ്, പഴമുക്ക്, തൃശൂർ.
2. ശ്രീ. സി. ഡി. ജോസ്, എക്സൽ എൻജിനിയേഴ്സ്, പൂന.
3. ശ്രീമതി അല്ലിജ ജെയിംസ്, അന്തിക്കാട്ട് ഹൗസ്, പാറന്നൂർ, തൃശ്ശൂർ.
4. റവ. ഫാ. മൈക്കിൾ കാരിമറ്റം, ശാന്തിഭവൻ, കരുവഞ്ചാൽ, കണ്ണൂർ.

കർത്താവിന്റെ ദാനങ്ങൾ ദൈവഭക്തനിൽ നിന്ന് ഒഴിയുകയില്ല; ദൈവകൃപ ശാശ്വതമായ ഐശ്വര്യം പ്രദാനം ചെയ്യും. (പ്രഭാ. 11:7). ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ ഉപകാരികൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**അതിരൂപത വൈദിക കൂട്ടായ്മ**

തൃശൂർ അതിരൂപതയിലെ വൈദിക കൂട്ടായ്മ 2022 ജൂലായ് 25–ാം തിയ്യതി മൈനർ സെമിനാരിയിൽവെച്ച് കൂടുകയുണ്ടായി. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളും മേൽപട്ട ശുശ്രൂഷയുടെ ഗോൾഡൻ ജൂബിലിയും വൈദികരുടെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ–രജതജൂബിലിയും വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളും സമുചിതമായി ആഘോഷിച്ചു.

**വിശുദ്ധ വിയാനിയുടെ തിരുനാൾ**

വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4–ാം തിയ്യതി സമുചിതമായി ആഘോഷിച്ചു. മഡോണ നഗർ വികാരി ബഹു. മനോജ് കിഴൂരുമുട്ടിക്കൽ അച്ചൻ വിശുദ്ധ

കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി.

**മാസ ധ്യാനം**

ആഗസ്റ്റ് 12, 13 തിയ്യതികളിലായി മാസധ്യാനം നടന്നു. ബഹു. ജോജു പനക്കലച്ചൻ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കും, ബഹു. സിസ്റ്റർ പ്രദീപ സി.എം.സി. ഡിഗ്രി വൈദിക വിദ്യാർത്ഥികൾക്കും ധ്യാന ചിന്തകൾ പങ്കുവെച്ചു.

**സ്വർഗ്ഗാരോപണ തിരുനാൾ – ഇന്ത്യൻ സ്വാതന്ത്ര്യദിനം**

ആഘോഷമായ തിരുനാൾ വിശുദ്ധ കുർബ്ബാനക്ക് ബഹു. ആന്റണി തളിയപറമ്പിൽ സി.എം.ഐ. അച്ചൻ കാർമ്മികത്വം വഹിച്ചു. സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ദേശീയ പതാക ഉയർത്തിയതിനു ശേഷം ബ്രദർ ജോബേൽ വാഴപ്പിള്ളി സ്വാതന്ത്ര്യദിന സന്ദേശം നൽകി.

**ബിരുദ വൈദിക വിദ്യാർത്ഥികൾ**

മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കി മൂന്ന് വർഷത്തെ ഡിഗ്രി പരിശീലനത്തിലേക്ക് പ്രവേശിക്കുന്ന വൈദിക വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ പ്രോഗ്രാം 2022 ജൂലൈ 15 മുതൽ ജൂലൈ 30 വരെ മൈനർ സെമിനാരിയിൽവെച്ച് നടത്തപ്പെട്ടു. രണ്ടാഴ്ച നീണ്ടുനിന്ന് ഓറിയന്റേഷൻ പ്രോഗ്രാം ഡിഗ്രി കാലഘട്ടം ഫലപ്രദമായി വിഭാവനം ചെയ്യാനും സുസജ്ജരായി ഇടവകയിലും കുടുംബത്തിലും കോളജിലും വ്യാപരിക്കാനും വൈദിക വിദ്യാർത്ഥികളെ സഹായിക്കുന്ന രീതിയിലായിരുന്നു ക്രമീകരിച്ചത്. അതിരൂപതയിലെ വിവിധ വൈദികർ ക്ലാസുകൾ നയിച്ചു. ഈ വർഷം ഡിഗ്രി പരിശീലനത്തിലേക്ക് പ്രവേശിക്കുന്ന ഒമ്പത് വൈദിക വിദ്യാർത്ഥികൾ ഓറിയന്റേഷൻ പ്രോഗ്രാമിൽ സജീവ പങ്കാളികളായി. ഡിഗ്രി വൈദിക വിദ്യാർത്ഥികളുടെ ആനിമേറ്റർ ബഹു. ഡെന്നി ചിറയത്തച്ചൻ പ്രോഗ്രാമിന് നേതൃത്വം നൽകി.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ ടി. ഡി. രാജൻ, തലക്കോട്ടൂർ ഹൗസ്, ചിറ്റാട്ടുകര
2. ശ്രീ. വിൻസെന്റ്, കുണ്ടുകുളങ്ങര ഹൗസ്, ചിറ്റാട്ടുകര
3. ശ്രീ. ഇ. വി. ജോർജ്ജ്, പുവ്വത്തിങ്കൽ ഹൗസ്, പനംകുറ്റിച്ചിറ, ഒല്ലൂർ
4. പ്രൊഫ. ഡോ. സുമിത്ത് കുന്നുംങ്കൽ, ഹൈദരാബാദ്
5. ശ്രീ. ഒ. ജെ. തോമസ്, ഒലക്കേങ്കൽ ഹൗസ്, പാവറട്ടി
6. ശ്രീ. ഒ. ടി. ജോസഫ് ലിയോ, ഒലക്കേങ്കിൽ ഹൗസ്, പാവറട്ടി
7. ശ്രീ. ഡേവിസ്, മലയാറ്റിൽ ഹൗസ്, പുതുക്കാട്
8. ശ്രീമതി ലില്ലി ഡേവിസ്, നീലങ്കാവിൽ ഹൗസ്, അരിമ്പൂർ
9. ശ്രീമതി ഷൈനി & ശ്രീ. ജെയ്സൻ, ചാലക്കൽ ഹൗസ്, മുതുവറ,

ആമ്പക്കാട്

10. ശ്രീ. എം. എ. ദേവസ്സി, മൊയലൻ ഹൗസ്, തിരുവനന്തപുരം

വൈദിക വിദ്യാർത്ഥികളെ സ്വന്തമെന്ന് കരുതി പ്രാർത്ഥനകൊണ്ടും സാമ്പത്തികമായും സഹായിക്കാൻ മുന്നോട്ടുവന്ന എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**അപ്പസ്തോലിക് നുൺഷ്യോ ജൂബിലിയിൽ**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച് ഇൻസ്റ്റിറ്റ്യൂട്ടിനു NABH അംഗീകാരം ലഭിച്ചതിനെ തുടർന്ന് വിപുലമായ ആഘോഷപരിപാടികൾ സംഘടിപ്പിച്ചു. മദർ തെരേസ ഹാളിൽ, ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ സ്വാഗതപ്രസംഗം ആശംസിച്ചുകൊണ്ടാരംഭിച്ച ചടങ്ങിൽ തൃശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷപ്രസംഗം നടത്തി. ജൂബിലിയിൽ പുതിയതായി ആരംഭിക്കുന്ന ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ വിഭാഗത്തെക്കുറിച്ചുള്ള ആമുഖ അവതരണം ഡിപ്പാർട്ടുമെന്റ് മേധാവി ഡോ. ബാബു വർഗ്ഗീസ് എ. ജെ. നടത്തി. ഇന്ത്യയുടേയും നേപ്പാളിന്റേയും അപ്പസ്തോലിക് നുൺഷ്യോ ആർച്ച്ബിഷപ്പ് ലിയോപോൾദോ ജിറെല്ലി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. അലക്സ് ജോസഫും ക്വാളിറ്റി ലീഡ് ഡോ. നിമിഷ സോളമനും ചേർന്ന് NABH സർട്ടിഫിക്കറ്റും മെമന്റോയും ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിനു കൈമാറുകയും തുടർന്ന് അദ്ദേഹം ഡയറക്ടർ ഫാ. റെന്നി മുണ്ടൻ കുര്യന് നൽകുകയും ചെയ്തു. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ (KUHS) വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. പി. സി. ഗിൽവാസ് എന്നി

വർ പ്രഭാഷണം നടത്തി. സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നന്ദി രേഖപ്പെടുത്തി.

**ശാസ്ത്ര പ്രഭാഷണ പരമ്പര**

ജൂബിലി ഗവേഷണ കേന്ദ്രത്തിലെ കമ്പ്യൂട്ടേഷണൽ & സ്ട്രക്ച്ചറർ ബയോളജി വിഭാഗത്തിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് പ്രഭാഷണ പരമ്പര ന്യൂ CCM ഹാളിൽ സംഘടിപ്പിച്ചു. ആദ്യദിനത്തിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ കേക്ക് മുറിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. കോഴിക്കോട് ഇംഹാൻസിലെ (Institute of Mental Health & Neurosciences) ഡോ. ഷീഷ് ബാലനും, ജപ്പാനിലെ നഗോയ യൂണിവേഴ്സിറ്റിയിലെ ഡോ. NHV Rao ഉം പ്രഭാഷണം നടത്തി. ജൂലൈ 14ന് അമേരിക്കയിലെ ഓക്കഹാമ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ഡോ. രാഖി രാജൻ പ്രഭാഷണം നടത്തി. ഗവേഷണവിഭാഗം ഡയറക്ടർ ഡോ. DM വാസുദേവൻ അദ്ധ്യക്ഷത വഹിച്ചു. ഡോ. ദിലീപ് വിജയൻ സ്വാഗതവും ഡോ. മാത്യു ജോൺ കൃതജ്ഞതയും പറഞ്ഞു.

**ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ**

ജൂബിലിയിൽ വിദഗ്ദ്ധ സ്പെഷലിസ്റ്റുകളുടെ നേതൃത്വത്തിൽ അന്തർദേശീയ നിലവാരത്തിലുള്ള പുനരധിവാസ ചികിത്സാ വിഭാഗം ആരംഭിച്ചു. ഈ വിഭാഗത്തിന്റെ ഉദ്ഘാടനം ഇന്ത്യയുടേയും നേപ്പാളിന്റേയും അപ്പസ്റ്റോലിക് നുൺഷ്യോ ആർച്ച്ബിഷപ്പ് ലിയോപോൾദോ ജിറെല്ലി നിർവ്വഹിച്ചു. കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. മോഹനൻ കുന്നുമ്മൽ, ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. പി. സി. ഗിൽവാസ്, ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ വിഭാഗം മേധാവി ഡോ. ബാബു വർഗ്ഗീസ് എ. ജെ. എന്നിവർ ചടങ്ങിൽ സിഹിതരായിരുന്നു.

**ഓർഗാനിക് ഫെസ്റ്റ് 2022**

സ്റ്റുഡന്റ്സ് നഴ്സസ് അസോസിയേഷനും ക്വാളിറ്റി അഷ്വറൻസ് സെല്ലും സംയുക്തമായി ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിൽ ഓർഗാനിക് ഫെസ്റ്റ് സംഘടിപ്പിച്ചു. നഴ്സിംഗ് കോളേജിലെ പ്രിൻസിപ്പാൾ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ ഉദ്ഘാടനം നിർവ്വഹിച്ചു.

**ഫാക്കൽറ്റി വർക്ക് ഷോപ്പ് 2022**

കോളേജ് ഓഫ് നഴ്സിങ്ങിലെ അധ്യാപകർക്കായി സംഘടിപ്പിച്ച രണ്ടുദിന ശില്പശാല – Sustaining Quality in Nursing Education ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രൊ

ഫ. ഹാരി ക്ലീറ്റസ്, മുൻ പ്രിൻസിപ്പാൾ, സെന്റ് ആൽബർട്ട്സ് കോളേജ്, എറണാകുളം ക്ലാസിനു നേതൃത്വം നൽകി.

**അലുമിനി വെബിനാർ & റീയൂണിയൻ 2022**

ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിന്റെ പൂർവ്വ വിദ്യാർത്ഥി സംഗമത്തോടനുബന്ധിച്ച് 'Current Trends in Gastro Enterology and Hepatology' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ശില്പശാല നടത്തി. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ ഉദ്ഘാടനം നിർവ്വഹിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പും സന്നദ്ധരക്തദാനവും**

കെ. സി. വൈ. എം. പള്ളിക്കുന്ന് യൂണിറ്റിന്റെ സഹകരണത്തോടെ തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ നാല് വിഭാഗങ്ങളെ ഉൾപ്പെടുത്തി സൗജന്യ മെഡിക്കൽ ക്യാമ്പും രക്തദാന ക്യാമ്പും പള്ളിക്കുന്ന് സെന്റ് ആന്റണീസ് എൽ. പി. സ്കൂളിൽ വച്ച് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ, നേത്രവിഭാഗം, കുട്ടികളുടെ വിഭാഗം എന്നിവയുടെ സഹകരണത്തോടെ നടത്തിയ ക്യാമ്പിൽ 160 പേർ പങ്കെടുത്തു. 31 പേർ രക്തദാനം നടത്തി.

**ആധുനിക ഗ്രോസ്സിംഗ് എംബഡ്ഡിങ്ങ് സ്റ്റേഷനുകൾ പാത്തോളജി വിഭാഗത്തിൽ**

രോഗനിർണ്ണയം ദ്രുതഗതിയിൽ നടത്തുന്നതിനുവേണ്ടി, പത്തോളജി വിഭാഗത്തിൽ പുതിയതായി സ്ഥാപിച്ച ആധുനിക സൗകര്യങ്ങളായ ഗ്രോസ്സിംഗ് സ്റ്റേഷനും (Grossing Station) എംബഡ്ഡിങ്ങ് സ്റ്റേഷനും (Embedding Station) പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

**പുതിയ വഴിത്തിരിവുമായി ജൂബിലി മിഷനിലെ ശാസ്ത്രജ്ഞർ**

ജൂബിലി ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞനായ ഡോ. ദിലീപ് വിജയനും ജപ്പാനിലെ റിക്കൻ ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞരും സംയുക്തമായി നടത്തിയ ഗവേഷണത്തിൽ ടാക്കറിന്റെ വിവിധ രൂപഭേദങ്ങളെ എങ്ങനെ മറവിരോഗത്തിനുവേണ്ടി ഫലപ്രദമായി ഉപയോഗിക്കാം എന്ന് കണ്ടെത്തി. ഇവരുടെ ഗവേഷണ ഫലം ഇന്റർനാഷണൽ ജേർണൽ ഫോർ ബയോളജിക്കൽ മാക്രോമോളിക്യൂൾസ് എന്ന എൽസിവർ ജേർണലിൽ ജൂണിൽ പ്രസിദ്ധീകരിച്ചു. കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങൾ ആയ ഡിപ്പാർട്ടുമെന്റ് ഓഫ് ബയോടെക്നോളജി, സ്പൈസസ് ബോർഡ് എന്നിവയിൽ നിന്നും ലഭിച്ച മുക്കാൽ കോടിയോളം രൂപയുടെ ധനസഹായത്തോടെ അൽഷിമേഴ്സ് രോഗത്തിന് പാർശ്വദോഷഫലങ്ങൾ ഇല്ലാത്ത മരുന്നുകൾ വികസിപ്പിച്ചെടുക്കുന്ന ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുകയാണ് ഡോ. ദിലീപും സംഘവും.

**ഗൈനക്കോളജി ശില്പശാല**

കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി സൊസൈറ്റിയുടെ പന്ത്രണ്ടാമത് അന്താരാഷ്ട്ര സെമിനാർ ടോഗ്സിക്കോൺ (TOGSICON) ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നുള്ള ലൈവ് വർക്ക്ഷോപ്പുകളും പ്രമുഖ അന്താരാഷ്ട്ര വിദഗ്ധരുടെ ക്ലാസുകളും ഉണ്ടായിരുന്നു.

**ലോകവാസ്കുലാർ ദിനം**

വാസ്കുലാർ സർജറി വഴി കാൽ മുറിക്കാതെ രക്ഷപ്പെട്ട രോഗികളുടെ സംഗമം ആശുപത്രിയിൽ നടന്നു. തൃശ്ശൂർ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് കെ. കെ. സജീവ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. സംഗീത സംവിധായകൻ ഔസേപ്പച്ചൻ മുഖ്യ പ്രഭാഷണം നടത്തി. എന്റോവാസ്കുലാർ ചികിത്സാ സൗകര്യം ജനങ്ങൾ കൃത്യമായി ഉപയോഗപ്പെടുത്തണമെന്ന് ടോൾഫ്രീ നമ്പർ പ്രകാശനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉത്ബോധിപ്പിച്ചു. എന്റോവാസ്കുലാർ സർജറി വഴി കാൽ നഷ്ടപെടാതിരുന്ന മുപ്പതോളം പേർ ഒത്തുകൂടുകയും അനുഭവം പങ്കുവെക്കുകയും സൗഹൃദ കൂട്ടനടത്തം നടത്തുകയും ചെയ്തു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജൂബിലിയിലെ എന്റോവാസ്ക്കുലാർ വിഭാഗം മേധാവി ഡോ. വിനീത് കുമാർ പി. എം. വാസ്കുലാർ ക്ലാസ് നയിച്ചു. വൈസ് പ്രിൻസിപ്പാൾ ഡോ. സി. വി. ആൻഡ്രൂസ് ആശംസകൾ നേർന്നു. സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ നന്ദി പ്രകടിപ്പിച്ചു.

**ബിരുദദാനവും ക്യൂ.എ.എസ്. അക്രഡിറ്റേഷൻ പ്രഖ്യാപനവും**

ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിലെ പതിനഞ്ചാം ബാച്ച് ബി.എസ്.സി. നേഴ്സിങ്ങ് വിദ്യാർത്ഥികളുടേയും ഏഴാം ബാച്ച് എം.എസ്.സി. നേഴ്സിങ്ങ് വിദ്യാർത്ഥികളുടേയും ബിരുദദാന ചടങ്ങ് മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതപ്രസംഗം നടത്തി. കേരള ആരോഗ്യ സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി ഡോ. കെ. എസ്. ഷാജി ബിരുദദാനം നടത്തുകയും ക്യു.എ.എസ്. (Q.A.S.) അക്രഡിറ്റേഷണിൽ എ ഗ്രേഡ് ലഭിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. കോളേജ് പ്രിൻസിപ്പാളായ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈയും, ഡോ. സി. ഫിലോ രശ്മിയും വൈസ് പ്രിൻസിപ്പാളായ സി. ട്രീസാ ആന്റോയും മറ്റ് ടീമംഗങ്ങളും ചേർന്ന് സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി. എലൈറ്റ് നേഴ്സിങ്ങ് കോളേജ് പ്രിൻസി

പ്പാൾ ഡോ. കലാ പി. മുഖ്യ സന്ദേശം നൽകി. അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുക്കാരൻ, നേഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡ, നേഴ്സിങ്ങ് സ്ക്കൂൾ പ്രിൻസിപ്പാൾ സി. സുമി പോൾ, പി.ടി.എ. പ്രസിഡന്റ് ശ്രീ ബാബു കെ. ഡി. എന്നിവർ ആശംസകളർപ്പിച്ചു.

**ഡോക്ടേഴ്സ് ഡേ**

ഡോക്ടേഴ്സ് ഡേയോടനുബന്ധിച്ച് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്. ഡോ. ആൻഡ്രൂസ്, ഡോ. ജോസ്, ഡോ. ലോല, ശ്രീ. ജോഷി പോൾ എന്നിവർ ജൂബിലിയിൽ ദീർഘകാലം ഗൈനക്കോളജിസ്റ്റ് ആയി സ്തുത്യർഹസേവനം അനുഷ്ഠിച്ചിരുന്ന ഡോ. അച്ചാപിള്ളയെ അവരുടെ വസതിയിൽ സന്ദർശിച്ച് ആദരിച്ചു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ബിബിൻ പോൾ (6–ാം ചരമവാർഷികം, ജോർജ്ജ് വർഗ്ഗീസ്)
- അനിത കൃഷ്ണകുമാർ, കരടിയൻപാറ
- കറത്തു, തിരുവത്ര
- പ്രൊവിൻഷ്യൽ സുപ്പീരിയർ, ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ, അസ്സീസി പ്രൊവിൻഷ്യൽ ഹൗസ്, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ജോർജ്ജ്കുട്ടി പി. എ.
- ലില്ലി ദേവസ്സി, ആലപ്പാട്ട് ഹൗസ്, വെങ്ങാലൂർ, തൃശ്ശൂർ
- നിഷ, സുമിത, ബിൻസി, കാന്റീൻ സ്റ്റാഫ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഷിന്റു & ജിന്റ, കുണ്ടുത്തോട് പി. ഒ., കോഴിക്കോട്
- ഷാർമിലി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. പ്ലെയ്സ്മെന്റ് ലഭിച്ചു**

കോളേജിലെ പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ഒരു മാസത്തിൽ 23 വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് ലഭിച്ചു. ഇ. വൈ – 1, ആമസോൺ–2, ഇൻഫോസെർച്ച്–1, ആട്ടോസ് സിന്റൽ–1, ടി.സി.എസ്–4, കോഗ്നിസെന്റ്–1, ഇസാഫ്–5, മാച്ചൻ–1, എൻ.ടി.ടി.ഡാറ്റ–1, അജാഫേം–5, കോഡിയംഗ്–1, പ്ലെയ്സ്മെന്റ് സെല്ലിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ.

**2. ഫയൽ അദാലത്ത്**

സംസ്ഥാന കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവിയുടെ തൃശൂർ കാര്യാലയത്തിലെ തീർപ്പാകാത്ത അപേക്ഷകളുടെ അദാലത്ത് കോളേജിൽ വെച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശ്രീമതി വി. വിഘ്നേശ്വരി (ഐ.എ.എസ്) നേതൃത്വം നൽകി.

**3. ആദരാജ്ഞലി**

5–ാം സെമസ്റ്റർ ബോട്ടണി ഡിഗ്രി വിദ്യാർത്ഥി വിദ്യാസാഗർ പി.കെ ഹൃദയാഘാതം മൂലം മരിച്ചു. പ്രിയ വിദ്യാർത്ഥിക്ക് സ്നേഹ ആദരാജ്ഞലികൾ.

**4. പ്രാർത്ഥനാ സഹായം തേടുന്നു**

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിലെ 5–ാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥിയായ ആൻബെല്ല പി. വിൽസൺ ശ്വാസകോശ അസുഖത്താൽ വിദഗ്ദ്ധ ചികിത്സയ്ക്ക് ഹോസ്പിറ്റലിൽ അഡ്മിറ്റായിരിക്കുന്നു. എല്ലാവരുടേയും പ്രാർത്ഥനാ, സാമ്പത്തിക സഹായം അഭ്യർത്ഥിക്കുന്നു. വേഗം ശാരീരിക സൗഖ്യം ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**5. കായികം**

ദേശീയ ഇന്റർയൂണിവേഴ്സിറ്റി വാട്ടർ പോളോ മത്സരത്തിൽ ശ്രീ. ശബരി എം.ആർ, ആദർശ് ബാലചന്ദ്രൻ, ശ്രീ ബ്രഹ്മദത്ത്, അഭിജിത്ത് എസ്.പി എന്നീ വിദ്യാർത്ഥികൾക്ക് കോളേജിന്റെ അഭിനന്ദനങ്ങൾ.

കായിക മത്സരങ്ങളിൽ മികവ് തെളിയിച്ച അജ്ഞലി പി.ഡിക്ക് റെയിൽവേയിലും, ബിബിൻ ജോർജ്ജ് വിഷോയ് വി, അജ്ഞലി തോമസ്, ആൻ റോസ് ടോമി എന്നിവർക്ക് പോസ്റ്റൽ ഡിപ്പാർട്ട്മെന്റിലും ജോലി ലഭിച്ചു.

കോളേജ് വിദ്യാർത്ഥി വിബിൻ മോഷിൻ അണ്ടർ 20 സാഫ് കപ്പിനുള്ള ഇന്ത്യൻ ഫുഡ്ബോൾ ടീമിൽ ഇടം നേടി.

**6. എൻ.ഐ.ആർ.എഫ് റാങ്ക് 63**

2022 വർഷത്തെ എൻ.ഐ.ആർ.എഫ് റാങ്കിൽ 63–ാം സ്ഥാനം ലഭിച്ചു. തുടർച്ചയായി 5 വർഷങ്ങളിലും ദേശീയ തലത്തിൽ 100 ന് താഴെ റാങ്ക് നേടാൻ സാധിച്ചതിൽ അഭിനന്ദനങ്ങൾ.

**7. വർക്ക്ഷോപ്പ്**

ലൈബ്രറി ആൻഡ് ഇൻഫോർമേഷൻ സ്റ്റഡീസ് ഡിപ്പാർമെന്റും, റിസർച്ച് കൗൺസിലും, ഐ.ക്യു.എ.സി യും ചേർന്ന് അദ്ധ്യാപകർക്കായ് സംഘടിപ്പിച്ച വർക്ക്ഷോപ്പിൽ റവ. ഡോ. ജോൺ നീലങ്കാവിൽ (ഡി.വി.കെ പൊന്തിഫിക്കൽ അതേനിയം, ബാഗ്ലൂർ) റിസോഴ്സ് പേഴ്സൺ ആയിരുന്നു.

**8. റിസർച്ച് ഗൈഡ്സ്**

മലയാളം ഡിപ്പാർട്ട്മെന്റിലെ ഡോ. മിജോയ് ജോസ് മലയാളം യൂണിവേഴ്സിറ്റി റിസർച്ച് ഗൈഡും, ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ ഡോ. നീസ് പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ റിസർച്ച് ഗൈഡുമായി അംഗീകാരം ലഭിച്ചു.

**10. ഒ.എസ്.എ**

ബോട്ടണി ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികളായിരുന്ന 1972–75 ബാച്ചിലെ വിദ്യാർത്ഥികൾ ഡിപ്പാർട്ട്മെന്റിൽ യോഗം ചേർന്ന് ഭാവി പരിപാടികൾ ചർച്ച ചെയ്തു.

**11. കോൺവോക്കേഷൻ നടത്തി**

ഈ വർഷം യു.ജി, പി.ജി വിദ്യാർത്ഥികൾക്ക് ബിരുദ ദാന ചടങ്ങ് സംഘടിപ്പിച്ചു. ലോറിയ 2022 എന്ന പേരിൽ സംഘടിപ്പിച്ച സംഗമത്തിൽ കേരള ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. മോഹൻ കുന്നുമ്മൽ ബിരുദ ദാനം നിർവ്വഹിച്ചു. പാട്രൻ മാർ ആൻഡ്രൂസ് താഴത്ത്, മാനേജർ മാർ ടോണി നീലങ്കാവിൽ, എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ.എ, കൺട്രോളർ ഓഫ് എക്സാം ഡോ. പോൾസൺ മാത്യു എന്നിവർ നേതൃത്വം നൽകി.

**12. പൊതിച്ചോറ് വിതരണം ചെയ്തു**

നഗരത്തിലെ വഴിയരികിലെ അശരണരായ വൃദ്ധ ജനങ്ങൾക്ക് ഫോറൻസിക് ഡിപ്പാർട്ട്മെന്റിലേയും, ബോട്ടണി ഡിപ്പാർട്ട്മെന്റിലേയും വിദ്യാർത്ഥികൾ പൊതിച്ചോറ് വിതരണം ചെയ്തു.

**13. നേട്ടം**

ആസാദി കാ അമൃത് മഹോത്സവം ഉജ്ജൽ ഭാരത്, ഉജ്ജൽ ഭവിഷ്യ പവർ @ 204 തൃശൂർ ജില്ലാതല ഉത്ഘാടനം ഫിസിക്സ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഡോ. വിമൽ കുമാർ നിർവ്വഹിച്ചു.

പാലക്കാട് മേഴ്സി കോളേജിൽ നടത്തപ്പെട്ട 'റിസർച്ച് മെത്തടോളജി ഇൻ പ്ലാന്റ് ടാസ്ക്കോണമി' എന്ന വർക്ക്ഷോപ്പിൽ ബോട്ടണി ഡിപ്പാർട്ട്മെന്റിലെ ഡോ. ആന്റോ പി.വി റിസോഴ്സ് പേഴ്സൺ ആയിരുന്നു.

**14. വിരമിച്ചു**

ബോട്ടണി ഡിപ്പാർട്ട്മെന്റ് ലാബ് അസിസ്റ്റന്റ് ശ്രീ ജോയ് എം.ജി സർവ്വീസിൽ നിന്നും വിരമിച്ചു.

**15. അഡ്മിഷൻ യു.ജി**

2022 വർഷത്തെ ഡിഗ്രി അഡ്മിഷൻ രണ്ടു ദിവസങ്ങളിലായി നടത്തി പൂർത്തീകരിച്ചു. അതിനു നേതൃത്വം നൽകിയ ഡോ. സജേഷിനും, അഡ്മിഷൻ കമ്മറ്റി അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

**16. ഓൺലൈൻ വർക്ക്ഷോപ്പ്**

കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ പബ്ലിക്കേഷൻ ഇൻക്രിഡിബിൾ ജേർണൽസ്' എന്ന വിഷയത്തിൽ ഓൺലൈൻ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ.

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

**അന്താരാഷ്ട്ര നീതിദിനം ആചരിച്ചു**

അന്താരാഷ്ട്ര നീതിദിനത്തോടനുബന്ധിച്ച് ജൂലായ് 18–ാം തിയ്യതി 3.10 ു ന് സോഷ്യൽസയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര നീതിദിനം ആചരിച്ചു. പ്രസ്തുത യോഗത്തിൽ കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ അദ്ധ്യക്ഷത വഹിച്ചു. ബി.എഡ് വിദ്യാർത്ഥിനി അഫ്നാൻ എസ്.എ സാമൂഹ്യനീതിയെക്കുറിച്ച് പ്രഭാഷണം നടത്തി. സോഷ്യൽ സയൻസ് അസി.പ്രൊഫ.ദീപ എം.ജെ ആശംസകളർപ്പിച്ചു. തുടർന്ന് കേരളത്തിൽ ഇന്ന് സാമൂഹ്യനീതി നടപ്പിലാവു

ന്നുണ്ടോ ഇല്ലയോ എന്ന വിഷയത്തെ ആസ്പദമാക്കി സംവാദം സംഘടിപ്പിച്ചു. ബി.എഡ് വിദ്യാർത്ഥിനികളായ അനഘ എം.വി സ്വാഗതവും, ബൈമി വി.സി നന്ദിയും അർപ്പിച്ചു.

**ക്രിറ്റിസിസം ക്ലാസ് സംഘടിപ്പിച്ചു**

സെക്കന്റ് സെമസ്റ്റർ ബി.എഡ് സ്റ്റുഡൻസിന് കരികുലത്തിന്റെ ഭാഗമായി ക്രിറ്റിസിസം ക്ലാസ് ജൂലായ് 21, 22 തിയ്യതികളിൽ എൻ.എസ്.എസ് മുള്ളൂർക്കര ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് സംഘടിപ്പിച്ചു. ഇതിനോടനുബന്ധിച്ച് എല്ലാ വിദ്യാർത്ഥികളും കുട്ടികൾക്ക് ക്ലാസുകളെടുത്തു.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ...**

| | | |
|---|---|---|
| 2 | വെള്ളി | – ആദ്യവെള്ളി, വി. കുർബാന |
| 5 | തിങ്കൾ | – വി. മദർ തെരേസയുടെ തിരുനാൾ, അധ്യാപകദിനം |
| 8 | വ്യാഴം | – കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ |
| 16 | വെള്ളി | – ഓസോൺ ദിനം |
| 21 | ബുധൻ | – വി. മത്തായി ശ്ലീഹ |
| 27 | വെള്ളി | – വി. വിൻസെന്റ് ഡി പോൾ |

**2. മെയിന്റനൻസ് ഗ്രാന്റ്**

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഈ മാസം സമർപ്പിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ഗ്രാന്റ് ഇതുവരെയും ലഭിച്ചിട്ടില്ലെങ്കിലും നടപ്പുവർഷത്തെ അപേക്ഷ സമയത്തുതന്നെ നൽകിയിരിക്കണം. പൂരിപ്പിച്ച അപേക്ഷ (4 കോപ്പികൾ വീതം) സെപ്തംബർ 14 ബുധനാഴ്ചയ്ക്ക് മുൻപ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. 20,000/– രൂപയ്ക്ക് മുകളിലുള്ള സംഖ്യയ്ക്ക് ഓഡിറ്റ് റിപ്പോർട്ടും ഹാജരാക്കണം. അപേക്ഷയിൽ കോർപറേറ്റ് മാനേജരാണ് ഒപ്പുവെയ്ക്കേണ്ടത്.

**3. സർവ്വീസ് ഓറിയന്റേഷൻ ക്ലാസ്**

തൃശ്ശൂർ അതിരൂപതയിലെ വിവിധ കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസികളിലെ പ്രിൻസിപ്പൽമാർ, പ്രധാനധ്യാപകർ, ഓഫീസ് സ്റ്റാഫ് അംഗങ്ങൾ എന്നിവർക്ക് സർവ്വീസ് സംബന്ധമായ പൊതുനിയമങ്ങളെ കുറിച്ചും പുതിയ സർവ്വീസ് ചട്ടങ്ങളെ കുറിച്ചും 30–7–2022 ന് സർവ്വീസ് ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കര സെമിനാർ ഉദ്ഘാടനം ചെയ്തു. കോർപറേറ്റ് മാനേജർ ഫാ. ജോയ് അടമ്പുകുളം സ്വാഗതം ആശംസിച്ചു. കണ്ണൂർ ഡി.ഡി. ഓഫീസിലെ അഡ്മിനിസ്ട്രേററീവ് ഓഫീസറും മുൻ വിദ്യാഭ്യാസ മന്ത്രി രവീന്ദ്രൻ മാസ്റ്ററുടെ വിദ്യാഭ്യാസ സെക്രട്ടറിയുമായിരുന്ന പത്മരാജൻ സാറാണ് സർവ്വീസ് ക്ലാസ് നയിച്ചത്. ഇരുന്നൂറോളം സ്റ്റാഫ് അംഗങ്ങൾ ഓറിയന്റേഷൻ ക്ലാസ്സിൽ പങ്കെടുത്തു.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

**സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ ആഭിമുഖ്യത്തിൽ 2008 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ സീറോ ഡിവേഴ്സ് പ്രോഗ്രാം നടത്തിവരുന്നു. കഴിഞ്ഞ മാസത്തിൽ എളവള്ളി, മുണ്ടത്തിക്കോട് ഇടവകയിൽ നടത്തുകയുണ്ടായി. സഹകരിച്ചവർക്കും പങ്കെടുത്തവർക്കും ഒത്തിരി നന്ദി. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**കുടുംബകൂട്ടായ്മ ആനിമേറ്റേഴ്സ് യോഗം**

അതിരൂപത കുടുംബകൂട്ടായ്മ ആനിമേറ്റേഴ്സ് യോഗം സെപ്റ്റം ബർ 5–ാം തിയ്യതി തിങ്കളാഴ്ച്ച രാവിലെ 11 മണിക്ക് ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് കൂടുന്നതാണ്. ഈ യോഗത്തിലേക്ക് എല്ലാ ഫൊറോനയിലെയും ആനിമേറ്റർ അച്ചന്മാരേയും ഫൊറോന കൺവീനർമാരെയും അതിരൂപത ഭാരവാഹികളെയും ക്ഷണിക്കുന്നു. മറക്കാതെ മുടങ്ങാതെ വരുമല്ലോ.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

# മാതൃവേദി

**ലഗാരെ – 2022**

ഈ വർഷം ഏപ്രിൽ 1 മുതൽ നവംബർ 31 വരെയുള്ള മാസങ്ങളിൽ ഒരു പ്രാവശ്യം സമ്പൂർണ്ണ ബൈബിൾ വായിക്കുക എന്ന ലക്ഷ്യത്തോടെ ലെഗാരെ – 2022 ആരംഭിച്ചുകഴിഞ്ഞു. ഈ സദുദ്യമത്തിൽ പങ്കുചേരാൻ എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. ഡിസംബർ മാസത്തിൽ അതിരൂപത തലത്തിൽ നടക്കുന്ന മാതൃവേദിയുടെ മഹാസംഗമത്തിൽ വച്ച് ഈ മാസങ്ങളിൽ സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുന്ന അമ്മമാർക്കുള്ള സമ്മാനം നൽകുന്നതായിരിക്കും. സെപ്റ്റംബർ മാസത്തിൽ വായിക്കേണ്ട ബൈബിൾ ഭാഗങ്ങൾ സക്കറിയ, മലാക്കി, മത്തായി, മാർക്കോസ്, ലൂക്കാ, യോഹന്നാൻ, നടപടി, റോമ, 1,2 കൊറിന്തോസ് എന്നീ പുസ്തകങ്ങളാണ്.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി.കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും സെപ്റ്റംബർ 5 തിങ്കൾ വൈകീട്ട് 6.30 മുതൽ 7.30 വരെ നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**പ്രോലൈഫ് അദ്ധ്യാപക സെമിനാർ**

തൃശ്ശൂർ അതിരൂപതയിലെ മുഴുവൻ സ്കൂളിലെയും കത്തോലിക്കാ അദ്ധ്യാപിക–അദ്ധ്യാപകർക്കായി പ്രോലൈഫ് സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സെപ്തംബർ 21 ബുധനാഴ്ച രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 1.00 മണി വരെ നടക്കുന്ന സെമിനാറിൽ ആധുനിക കാലഘട്ടത്തിലെ ജീവന്റെ വെല്ലുവിളികളും മറ്റ് ആനുകാലിക വിഷയങ്ങളും സംബന്ധിച്ച് പ്രഗത്ഭരായ വ്യക്തികളുടെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ബന്ധപ്പെടേണ്ട നമ്പർ 9846142576.

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ്**

ന്യൂനപക്ഷ മത വിഭാഗത്തിൽപെട്ട 9, 10, 11, 12 ക്ലാസ്സുകളിൽ

പഠിക്കുന്ന പെൺകുട്ടികൾക്ക് നൽകി വരുന്ന ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് പ്രതിവർഷം 5000 രൂപയും 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് പ്രതിവർഷം 6000 രൂപയും ആണ് സ്കോളർഷിപ്പായി ലഭിക്കുക. കുട്ടികളുടെ മാർക്ക്, കുടുംബ വാർഷിക വരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് സ് ക്കോളർഷിപ്പിന് പരിഗണിക്കുക. ഒരു കുടുംബത്തിൽ നിന്ന് രണ്ടിൽ കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതല്ല. വിദേശത്തു പഠിക്കുന്നവർക്കും സ്കോളർഷിപ്പ് ലഭിക്കില്ല.
പ്രായ പരിധി : അതത് ക്ലാസ്സുകൾക്കനുസൃതമായി അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 30 സെപ്തംബർ 2022

**പ്രി മെട്രിക്ക് സ്കോളർഷിപ്പ് 2022– 2023**

ഒന്നു മുതൽ പത്താംക്ലാസ്സു വരെ പഠിക്കുന്ന മത ന്യൂനപക്ഷ വിഭാഗങ്ങളിലെ കുട്ടികൾക്ക് 2022– 2023 അധ്യയന വർഷത്തേക്ക് കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള പ്രി – മെട്രിക്ക് സ്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷിക്കാം. കുട്ടികൾക്ക് അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, മെയിന്റനൻസ് അലവൻസ് എന്നിവക്കു വേണ്ടിയാണ് ഇത് വിനിയോഗിക്കേണ്ടത്. ഒന്നു മുതൽ അഞ്ചാം ക്ലാസ്സു വരെ പഠിക്കുന്ന കുട്ടികൾക്ക് മെയിന്റനൻസ് അലവൻസായി പ്രതിമാസം 100 രൂപയും (10 മാസം) ആറു മുതൽ പത്താം ക്ലാസ്സു വരെ പഠിക്കുന്ന കുട്ടികൾക്ക് അഡ്മിഷൻ ഫീസ് 500 രൂപയും ട്യൂഷൻ ഫീസ് പ്രതിമാസം 350 രൂപയും മെയിന്റനൻസ് അലവൻസായി ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പ്രതിമാസം 600 രൂപയും അല്ലാത്തവർക്ക് പ്രതിമാസം 100 രൂപയും ലഭിക്കും. 30 ശതമാനം സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി നീക്കിവെച്ചിട്ടുണ്ട്.
പ്രായപരിധി : കുട്ടികൾ പഠിക്കുന്ന ക്ലാസ്സുകൾക്കനുസരിച്ച് അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 2022 സെപ്തംബർ 30

**സെൻട്രൽ സെക്ടറൽ സ്കോളർഷിപ്പ് 2022**

കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം കോളേജ് – ബിരുദ തല റെഗുലർ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സെൻട്രൽ സെക്ടറൽ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. കേരള സ്റ്റേറ്റ് ഹയർ സെക്കന്ററി – വൊക്കേഷണൽ ഹയർ സെക്കന്ററി ബോർഡുകൾ നടത്തിയ 12–ാം ക്ലാസ്സ് പരീക്ഷയിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ 20 ശതമാനം കുട്ടികളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്. ആകെ സ്കോളർഷിപ്പിന്റെ 50 ശതമാനം പെൺകുട്ടി

കൾക്കായി സംവരണം ചെയ്തിരിക്കുന്നു. 15 ശതമാനം സ്ക്കോളർഷിപ്പുകൾ എസ്. സി വിഭാഗത്തിനും 7.5 ശതമാനം സ്ക്കോളർഷിപ്പുകൾ എസ്. ടി വിഭാഗത്തിനും 27 ശതമാനം സ്ക്കോളർഷിപ്പുകൾ ഒബിസി വിഭാഗത്തിനും ഓരോ വിഭാഗത്തിലും 5 ശതമാനം ഭിന്നശേഷി വിഭാഗത്തിനും നീക്കി വെച്ചിരിക്കുന്നു. കേരളത്തിൽ അനുവദിക്കുന്ന ആകെ സ്ക്കോളർഷിപ്പ ് 2324 ആണ്. ബിരുദ തലം മുതൽ (പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ) പരമാവധി 5 വർഷത്തേക്ക് നൽകുന്നു. സ്ക്കോളർഷിപ്പ് സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ ഗ്രൂപ്പുകൾക്ക് 3:2:1 എന്ന അനുപാതത്തിൽ വീതിച്ചു നൽകും. ബിരുദ തലത്തിൽ പ്രതിമാസം 1000 രൂപയും ബിരുദാനന്തര ബിരുദ തലത്തിൽ പ്രതിമാസം 2000 രൂപയുമാണ് സ്ക്കോളർഷിപ്പ് തുക. ഒരു അധ്യയന വർഷം പരമാവധി 10 മാസമാണ് സ്ക്കോളർഷിപ്പ് അനുവദിക്കുന്നത്.

പ്രായപരിധി : ബാധകമല്ല

അപേക്ഷ ലഭിക്കേണ്ട അവസാന തിയതി : 31 ഒക്ടോബർ 2022

**മെറിറ്റ് കം മീൻസ് സ്ക്കോളർഷിപ്പ് 2022– 2023**

ടെക്നിക്കൽ, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന മത ന്യൂനപക്ഷ വിഭാഗങ്ങളിലെ കുട്ടികൾക്ക് 2022– 2023 അധ്യയന വർഷത്തേക്ക് കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള മെറിറ്റ് കം മീൻസ് സ്ക്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷിക്കാം. കുട്ടികൾക്ക് അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, മെയിന്റനൻസ് അലവൻസ് എന്നിവക്കുവേണ്ടിയാണ് ഇത് വിനിയോഗിക്കേണ്ടത്. ടെക്നിക്കൽ, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 20000 രൂപയോ അല്ലെങ്കിൽ കോഴ്സിനു ചെലവാകുന്ന തുകയോ ഏതാണ് കുറവ് എങ്കിൽ അത്രയും തുക സ്ക്കോളർഷിപ്പായും അതിനു പുറമെ ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പ്രതിമാസം 1000 രൂപയും ദിനംപ്രതി വന്നു പോകുന്നവർക്ക് പ്രതിമാസം 500 രൂപയും ലഭിക്കും. 30 ശതമാനം സ്ക്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഒരു കുടുംബത്തിൽ നിന്ന് പരമാവധി 2 പേർക്ക് അപേക്ഷിക്കാം

പ്രായപരിധി : കുട്ടികൾ പഠിക്കുന്ന ക്ലാസ്സുകൾക്കനുസരിച്ച്

അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 2022 ഒക്ടോബർ 31

**പോസ്റ്റ് മെട്രിക്ക് സ്ക്കോളർഷിപ്പ് 2022– 2023**

പതിനൊന്നാം ക്ലാസ്സു മുതൽ പഠിക്കുന്ന മത ന്യൂനപക്ഷ വിഭാഗങ്ങളിലെ കുട്ടികൾക്ക് 2022 – 2023 അധ്യയന വർഷത്തേക്ക് കേന്ദ്ര

ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള പോസ്റ്റ്– മെട്രിക്ക് സ്‌ക്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷിക്കാം. കുട്ടികൾക്ക് അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, മെയിന്റനൻസ് അലവൻസ് എന്നിവക്കു വേണ്ടിയാണ് ഇത് വിനിയോഗിക്കേണ്ടത്. പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 6000 രൂപയും അതിനു മുകളിലെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതി വർഷം 6000 മുതൽ 12000 രൂപ വരെയുമാണ് സ്‌ക്കോളർഷിപ്പു ലഭിക്കുക. 30 ശതമാനം സ്‌ക്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഒരു കുടുംബത്തിൽ നിന്ന് പരമാവധി 2 പേർക്ക് അപേക്ഷിക്കാം

പ്രായപരിധി : കുട്ടികൾ പഠിക്കുന്ന ക്ലാസ്സുകൾക്കനുസരിച്ച്. അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 2022 ഒക്ടോബർ 31

**ഇടവകകളിൽ പാരിഷ് ഫെസിലിറ്റേഷൻ സെന്റർ ( PFC ) ഉദ്ഘാടനം....**

പുറനാട്ടുകര, കല്ലൂർ വെസ്റ്റ് ഇടവകകളിൽ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ (AFC) നേതൃത്വത്തിൽ പാരീഷ് ഫെസിലിറ്റേഷൻ സെന്റർ (PFC) ആരംഭിച്ചു. അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, കൺവീനർ ജോമി ജോൺസൺ, ജോ. കൺവീനർ ജെയിംസ് ആഴ്ച്ചങ്ങാടൻ, അഡ് വൈസറി ബോർഡ് മെമ്പർമാരായ റോണി അഗസ്റ്റിൻ, ഡോ.മേരി റജീന എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾക്ക് നേതൃത്വം നല്കി.

**ഇടവകകളിൽ EWS Reservation സെമിനാറുകൾ സംഘടിപ്പിച്ചു..**

പാറേമ്പാടം, വെള്ളറക്കാട്, മരത്തംകോട്, എരുമപ്പെട്ടി, കുന്നംകുളം പുറനാട്ടുകര, വൈലത്തൂർ, ആറ്റത്ര, പോന്നോർ, വേലൂപ്പാടം, മറ്റം, കോടന്നൂർ, കുട്ടംകുളം, വെട്ടുകാട്, നെടുപുഴ, പറവട്ടാനി, കല്ലൂർ വെസ്റ്റ്, പഴുവിൽ, അവിണിശ്ശേരി, എൽത്തുരുത്ത്, ചൊവ്വന്നൂർ, വെങ്ങിണിശ്ശേരി ഇടവകകളിൽ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ (AFC) നേതൃത്വത്തിൽ EWS Reservation നെ സംബന്ധിച്ച് സെമിനാറുകൾ സംഘടിപ്പിച്ചു. അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അതിരൂപത ഫെസിലിറ്റേഷൻ സെന്റർ കൺവീനർ ജോമി ജോൺസൺ, ജോ. കൺവീനർ ജെയിംസ് ആഴ്ച്ചങ്ങാടൻ, അഡ്വൈസറി ബോർഡ് മെമ്പർമാരായ റോണി അഗസ്റ്റിൻ, ഡോ.മേരി റജീന എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക
തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)
ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

Santhwanam
ARCHDIOCESE OF TRICHUR

**മലയോര കർഷകർക്ക് ആശ്വാസമേകാൻ കുറ്റിമുല്ല കൃഷി ആരംഭിച്ചു.**

ചുവന്നമണ്ണ് ഇടവകയിലെ മലയോര കർഷകർ സാന്ത്വനം സ്വയം സഹായ സംഘത്തിന്റെ നേതൃത്വത്തിൽ കുറ്റിമുല്ല കൃഷി ആരംഭിച്ചു.മുല്ലകൃഷിക്കു വേണ്ടിയുള്ള തൈകളുടെ വിതരണോദ്ഘാടനം തൃശൂർ കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ.മേരി റെജീന നിർവഹിച്ചു.പാണഞ്ചേരി പഞ്ചായത്ത് കൃഷി ഓഫീസർ ശ്രീ.അഭിമന്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ ആമുഖ പ്രഭാഷണം നടത്തി.ഇടവക വികാരി ഫാ.ആന്റോസ് എലുവത്തിങ്കൽ ആശംസകളർപ്പിച്ചു.പാണഞ്ചേരി പഞ്ചായത്ത് പ്രതിനിധികളായ ബിജോയ് ജോസ്,കെ.പി.ചാക്കോച്ചൻ എന്നിവർ ആശംസകൾ നേർന്നു.സാന്ത്വനം അസ്സോസിയേറ്റ് ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി,ചുവന്നമണ്ണ് സ്വയം സഹായ സംഘങ്ങളുടെ കോർഡിനേറ്റേഴ്സായ ശ്രീമതി.ജയ്മോൾ സെബാസ്റ്റ്യൻ,ഷൈൻലി ബിജോയ് എന്നിവർ നേതൃത്വം നൽകി.

**SHG ഫെഡറേഷൻ രൂപീകരിച്ചു.**

പുത്തൂർ ഫൊറോനയിലെ പൊന്നൂക്കര,വെട്ടുകാട് എന്നീ യൂണിറ്റുകളിലെ സ്നേഹനിധി സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷൻ രൂപികരിച്ചു.വികാരിമാരായ ഫാ.ജിയോ കല്ലിങ്ങകുടിയിൽ, ഫാ. റോയ് മൂക്കൻ, സാന്ത്വനം അസോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി,അസി.ഡയറക്ടർ ഫാ.സിജു പുളിക്കൻ,കോർഡിനേറ്റർ ബീന വർഗ്ഗീസ്,ഫ്രാഞ്ചൈസി മാനേജർ തോമസ് എലുവത്തിങ്കൽ എന്നിവരുടെ നേതൃത്വത്തിൽ പുത്തൂർ യൂണിറ്റിൽ നിന്ന് ശ്രീമതി.ലീന ജോൺ –പ്രസിഡണ്ട്, ശ്രീമതി.ഷിൻസി ചാക്കോ–സെക്രട്ടറി, ശ്രീമതി.ജോളി വർഗ്ഗീസ്–ട്രഷററായും വെട്ടുകാട് യൂണിറ്റിൽ നിന്ന് ശ്രീമതി. സൂസൻ ജോർജ്ജ്–പ്രസിഡണ്ട്, ശ്രീമതി. ഫെനി ജെയ്സൺ–സെക്രട്ടറി, ശ്രീമതി.ഗ്രീഷ്മ–ട്രഷററായും തിരഞ്ഞെടുക്കുകയും അവർക്ക് വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തു.

**പുതിയ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു.**

ചുവന്നമണ്ണ് ഇടവകയിൽ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ സെന്റ്.ആന്റണീസ് SHG, സെന്റ്.അൽഫോൻസ SHG, സെന്റ്.ജോസഫ് SHG എന്നീ മൂന്ന് സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു.

**സാന്ത്വനം പ്രദർശന വിപണനമേള**

തൃശൂർ അതിരൂപത സാമൂഹ്യക്ഷേമ വിഭാഗമായ സാന്ത്വനം രൂപതയിലെ വിവിധ ഇടവകകൾ കേന്ദ്രീകരിച്ച് ഫലവൃക്ഷത്തൈകളുടെയും അലങ്കാര ചെടികളുടെയും പ്രദർശന വിപണനമേള ആരംഭിച്ചു. സാന്ത്വനത്തിന്റെ നഴ്സറി ഓരോ ഞായറാഴ്ചകളിൽ ഓരോ ഇടവകയിൽ ഉണ്ടായിരിക്കും. തിരൂർ,കുരിയച്ചിറ,മുണ്ടൂർ,കാരമുക്ക്,പൊങ്ങണംകാട് എന്നീ ഇടവകകളിൽ കഴിഞ്ഞ ഞായറാഴ്ചകളിൽ വിപണനമേള നടത്തി. തിരൂർ,മുണ്ടൂർ എന്നീ ഇടവകകളിൽ മാതൃവേദിയും കുരിയച്ചിറയിൽ സിഎൽസിയും കാരമുക്ക്,പൊങ്ങണംകാട് എന്നിവടങ്ങളിൽ കെഎൽഎമ്മും വിപണനത്തിന് നേതൃത്വം നൽകി.

**അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു.**

വൈലത്തൂർ ഇടവകയിൽ പുതിയ സ്നേഹനിധി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നതിനായി ഇടവക കുടുംബ കൂട്ടായ്മകളിൽ ഒരു അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു. സാന്ത്വനം അസോ. ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനം വിശദീകരിച്ചു. വികാരി ഫാ.ജോവി കുണ്ടുകുളങ്ങര, ഇടവക പ്രതിനിധികൾ എന്നിവരും സെമിനാറിൽ സംബന്ധിച്ചു.

**സെമിനാറിൽ പങ്കെടുത്തു**

വയനാട് ശ്രേയസ് എൻജിഒയിൽ വച്ച് കാലാവസ്ഥ പൊരുത്തപ്പെടൽ സമീപനങ്ങളും പ്രാക്ടീസുകളും എന്ന വിഷയത്തിൽ ഡോ. മേരി വീനസ് ജോസഫും സ്വേച്ഛാ – വീ ഫോർ ചെയ്ഞ്ച് ഫൗണ്ടേഷൻ, ന്യൂഡൽഹിയുമായി ചേർന്ന് ജൂൺ 8,9,10 തിയതികളിൽ നടത്തിയ വർക്ക്ഷോപ്പിൽ സാന്ത്വനം കോർഡിനേറ്റർ ശ്രീ.തോമസ് എലുവത്തിങ്കൽ പങ്കെടുത്തു.

**അംഗീകാരം ലഭിച്ചു.**

തൃശൂർ അതിരൂപതാ സാന്ത്വനത്തിന്റെ കീഴിലുളള ചേലക്കരയിലെ ജ്യൂട്ട് ബാഗ് നിർമാണത്തിലിരിക്കുന്ന വനിത സ്വയം സഹായ സംഘത്തിലെ 4 അംഗങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് ഖാദി ബോർഡ് കമ്മീഷനിൽ നിന്ന് അംഗത്വം ലഭിക്കുകയും,തുടർപ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു.

**മൈഗ്രന്റ് പ്രോഗ്രാം**

തൃശൂർ ജില്ലയിലെ അതിഥി തൊഴിലാളികൾക്കായി സാന്ത്വനവും കാരിത്താസ് ഇന്ത്യയും ചേർന്ന് പുതിയ പ്രോജക്ട് ആരംഭിച്ചു. കോവിഡ് ബാധിച്ച അതിഥി തൊഴിലാളികൾക്കും കുടുംബത്തിനും കൈത്താങ്ങാവുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ജൂലൈ മാസത്തിൽ അതിഥി തൊഴിലാളികളുടെ വിവരശേഖരണം ആരംഭിച്ചു.

**വളണ്ടിയേഴ്സ് പരിശീലന പരിപാടി സംഘടിപ്പിച്ചു**

തൃശൂർ അതിരൂപത സാമൂഹ്യക്ഷേമ വിഭാഗമായ സാന്ത്വനവും സിബിസിഐയുടെ സാമൂഹ്യക്ഷേമ വിഭാഗമായ കാരിത്താസ് ഇന്ത്യയും സംയുക്തമായി 2 ദിവസത്തെ വളണ്ടിയേഴ്സ് പരിശീലന പരിപാടി സംഘടിപ്പിച്ചു. ജൂൺ 27,28 തിയതികളിൽ പാസ്റ്ററൽ സെന്ററിൽ നടന്ന പരിശീലനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 25 വളണ്ടിയേഴ്സാണ് പങ്കെടുത്തത്. ദുരന്തനിവാരണത്തെപ്പറ്റിയും സന്നദ്ധപ്രവർത്തനത്തെപ്പറ്റിയും ക്ലാസുകൾ നയിച്ചത് കാരിത്താസ് ഇന്ത്യ തീമാറ്റിക് ഓഫീസർ ശ്രീ. ആംസ്ട്രോങ് അലക്സാണ്ടർ, കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ ശ്രീ.അബീഷ് ആന്റണി, സാന്ത്വനം അസ്സോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി എന്നിവരാണ്. തൃശൂർ ഡെപ്യൂട്ടി കളക്ടർ ശ്രീ.പരീത് സമാപന ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. പരിശീലന പരിപാടിയിൽ പങ്കെടുത്ത സന്നദ്ധപ്രവർത്തകർക്ക് അദേഹം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ,അസി.ഡയറക്ടർ ഫാ.സിജു പുളിക്കൻ എന്നിവർ സംസാരിച്ചു. ചെറായിയിൽ വെച്ച് നടന്ന 2 ദിവസത്തെ റിഫ്ളക്ഷൻ വർക്ക്ഷോപ്പിൽ തെരഞ്ഞെടുക്കപ്പെട്ട 5

വളണ്ടിയേഴ്സും പ്രോഗ്രാം കോർഡിനേറ്ററും പങ്കെടുത്തു. കേരള സോഷ്യൽ സർവിസ് ഫോറത്തിന്റെ നേതൃത്വത്തിൽ നടന്ന 3 ദിവസത്തെ കപ്പാസിറ്റി ബിൽഡിങ്ങ് വർക്ക്ഷോപ്പിൽ പ്രോജക്ട് കോർഡിനേറ്റർ ശ്രീ.നെൽസൺ പങ്കെടുത്തു.

**പുതിയ പദ്ധതികളുടെ പ്രഖ്യാപനം**

ജൂലൈ 3 ന് പാലയൂർ മാർത്തോമ തീർത്ഥാടന കേന്ദ്രത്തിൽ വെച്ച് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പുതിയ 3 പദ്ധതികൾ ഔദ്യോഗികമായി പ്രഖ്യാപിച്ചു. 1950 ഭവനങ്ങൾക്ക് സഹായം നൽകുന്ന കാൻകെയർ, വൈലത്തൂർ 10 ഭവനങ്ങളുടെ നിർമാണം, സാന്ത്വനം സർജിക്കൽസ് എന്നീ പദ്ധതികളാണ് പിതാവ് പ്രഖ്യാപിച്ചത്. മാർത്തോമാ ശ്ലീഹായുടെ 1950–ാം രക്തസാക്ഷിത്വ വാർഷികത്തോടനുബന്ധിച്ച് കാൻ കെയർ പദ്ധതിയിലുടെ മാരകമായ രോഗമുള്ളവരുടെ കുടുംബങ്ങളെ ഒരു വർഷത്തേക്ക് സഹായിക്കുന്നു. 1950 കുടുംബങ്ങളെയാണ് എല്ലാ മാസവും 1000 രൂപ വീതമുള്ള കിറ്റുകൾ നൽകി സഹായിക്കകുന്നത്. സാന്ത്വനത്തിന്റെ ഭവന നിർമാണ പദ്ധതിയിലേക്ക് 10 വീടുകൾ കൂടി നിർമാണമാരംഭിക്കുന്നു. വൈലത്തൂരിലാണ് പുതിയതായി പത്ത് ഭവനങ്ങൾ നിർമിക്കുന്നത്. സാന്ത്വനം സർജിക്കൽ പദ്ധതിയിലൂടെ വീൽചെയർ,ബെഡ്,ഓക്സിജൻ കോൺസൻട്രേറ്റർ,മറ്റ് സർജിക്കൽ ഐറ്റംസ് മുതലായവയുടെ ഒരു ബാങ്ക് സാന്ത്വനം ആരംഭിച്ചു. പാവപ്പെട്ട രോഗികൾക്ക് ആവശ്യാനുസരണം ഇവ നൽകുന്നതാണ്.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.സിജു പുളിക്കൻ**
അസി.ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി

**സാഹിത്യമത്സരങ്ങൾ**

തൃശ്ശൂർ അതിരൂപതയിലെ ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ. സി. എന്നീ സംഘടനയിലെ കുട്ടികൾക്കായി 2022 ആഗസ്റ്റ് 13 -ാം തിയ്യതി സാഹിത്യമത്സരം സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നുമായി 885 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. മത്സരഫലങ്ങൾ നവംബർ അവസാനത്തോടുകൂടെ അറിയിക്കുന്നതാണ്. കുട്ടികളെ മത്സരത്തിൽ പങ്കെടുപ്പിക്കാൻ പ്രോത്സാഹിപ്പിച്ച എല്ലാ വികാരിയച്ചിന്മാർക്കും കൊചച്ചന്മാർക്കും ആനിമേറ്റർമാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**ബൈബിൾ പൂക്കളേഴ്സ്**

തൃശ്ശൂർ അതിരുപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി നേരത്തെ അറിയിച്ചതിൽ നിന്നും വ്യത്യസ്തമായി 2022 സെപ്തംബർ 10-ാം തിയ്യതി ശനിയാഴ്ച്ചയാണ് ബൈബിൾ പൂക്കളേഴ്സ് നടത്തുന്നത്. കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ ഹയർ സെക്കൻഡറി സ്ക്കൂളാണ് ഇതിന് വേദിയാക്കിയിരിക്കുന്നത്. ഇനിയും പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സെപ്തംബർ 5-ാം തിയ്യതിക്കുള്ളിൽ ഡി.ബി.സി.എൽ.സി. യിലുള്ള ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്. രജിസ്ട്രേഷൻ ഫോം ലഭിക്കുന്നതിനായി 9947582522 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**കലാമത്സരങ്ങൾ 2022**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. സംഘടനകളിലെ കുട്ടികൾക്കായി കലാമത്സരം സംഘടിപ്പിക്കുന്നു. ഫൊറോന പ്രൊമോട്ടറുടെ നേതൃത്വത്തിൽ സെപ്തംബർ ഒക്ടോബർ മാസങ്ങളിലായി നടത്തപ്പെടുന്ന ഫൊറോനതലമത്സരത്തിനുശേഷം, ഒക്ടോബർ 24-ാം തിയ്യതി തിങ്കളാഴ്ച്ച സെന്റ് ക്ലയേഴ്സ് സ്കൂളിൽ വച്ചായിരിക്കും അതിരൂപതാതല മത്സരം നടത്തപ്പെടുക. സെപ്തംബർ മാസം മുതൽ ഒക്ടബോർ മാസം രണ്ടാമത്തെ ആഴ്ച്ചവരെയുള്ള ദിവസങ്ങളിൽ ഫൊറോനതല മത്സരം നടത്തുവാൻ ഫൊറോന പ്രൊമോട്ടർമാരും ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ. ഫൊറോനതലത്തിൽ മത്സ

രിച്ച് ഫസ്റ്റ് കിട്ടിയവർ മാത്രമായിരിക്കും അതിരൂപതതല മത്സരത്തിൽ പങ്കെടുക്കേണ്ടത്. ഫൊറോന പ്രൊമോട്ടർമാർ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. മത്സരങ്ങളുടെ പൊതു നിർദ്ദേശങ്ങളും എൻട്രി ഫോമും ലഭിക്കാത്തവർ ചിൽഡ്രൻസ് മനിസ്ട്രി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള കലാമത്സരം നവംബർ 12-ാം തിയ്യതിയാണ് നടത്തപ്പെടുക. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്ക് ഫൊറോനതല മത്സരം ഉണ്ടായിരിക്കുന്നതല്ല.

***SANTOM Quiz* 2k22**

വിശുദ്ധരെക്കുറിച്ച് പഠിക്കാനും അവരുടെ മാതൃകകൾ ആഴത്തിൽ ഉൾക്കൊള്ളാനും തൃശ്ശൂർ അതിരൂപത ജൂനിയർ സി.എൽ.സി.യും മിഷൻലീഗും ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർഥികൾക്കായി നടത്തിവരാറുണ്ടല്ലോ. എന്നാൽ ഈ വർഷം വി.തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം ജൂ ബിലി വർഷം പ്രമാണിച്ച് ***SANTOM Quiz* 2k22** ആണ് നടത്തുന്നത്.

നവംബർ 6 ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് 2.00 മുതൽ 2.30 വരെ ഇടവകതലത്തിലും (യൂണിറ്റ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ); നവംബർ 27 ഞായർ ഉച്ചതിരിഞ്ഞ് 3.00 മുതൽ 4.00 വരെ ഫൊറോനതലത്തിലും (ചിൽഡ്രൻസ് മിനിസ്ട്രി പ്രൊമോട്ടറച്ചന്റെ നേതൃത്വത്തിൽ); 2023 ജനുവരി 2 തിങ്കളാഴ്ച്ച ഉച്ചതിരിഞ്ഞ് 2.00 മുതൽ 4.00 വരെ അതിരൂപതാതലത്തിൽ ഡി.ബി.സി.എൽ.സി. യിൽ വെച്ചുമാണ് മത്സരം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്.

Sub-Junior (5-ാം ക്ലാസ് മുതൽ 7-ാം ക്ലാസ്സുൾപ്പെടെ), Junior (8-ാം ക്ലാസ് മുതൽ 10-ാം ക്ലാസ്സുൾപ്പെടെ), Senior (11-ാം ക്ലാസ് മുതൽ അഇഇ ക്ലാസ്സുൾപ്പെടെ) എന്നീ വിഭാഗങ്ങളിലായാണ് ***SANTOM Quiz*** ഇടവകതലത്തിൽ നടത്തേണ്ടത്. ഓരോ വിഭാഗങ്ങളിലും ഒന്നാം സ്ഥാനത്തിന് അർഹരാകുന്ന കുട്ടികളെ ചേർത്ത് 3 പേർ മാത്രമടങ്ങുന്ന ഒരു ടീമായി ഫൊറോനതലത്തിൽ പങ്കെടുക്കേണ്ടതാണ്. ഇടവകതലത്തിലും, ഫൊറോനതലത്തിലും എഴുത്തുപരീക്ഷയായിരിക്കും. അതിരൂപതാതലത്തിൽ എഴുത്ത്, ഓഡിയോ, വിഷ്വൽ എന്നീ രീതികളിലായിരിക്കും.

ഇടവക, ഫൊറോന, അതിരൂപത തലത്തിലെ ചോദ്യങ്ങൾ പൂർണ്ണമായും ***SANTOM Quiz* 2k22** എന്ന പുസ്തകത്തിൽ നിന്നായിരിക്കും. നേരത്തെ ബുക്ക് ചെയ്യുന്നപ്രകാരം പുസ്തകം ഡി.ബി.സി.എൽ. സി. ബുക്ക് സ്റ്റാളിൽ നിന്നും സെപ്തംബർ 5-ാം തിയ്യതി മുതൽ ലഭ്യമായിരിക്കും. പുസ്തകം ഒന്നിന് 20 രൂപയാണ് വില.

***SANTOM Quiz* 2k22 എന്ന പുസ്തകത്തിൽ നിന്നും പഠിക്കേണ്ട ഭാഗങ്ങൾ:**

ഇടവകതലം : ഭാഗം ഒന്ന് മുഴുവനും, ഭാഗം രണ്ടിൽ ഒന്നാം അദ്ധ്യായവും
ഫൊറോന തലം : ഭാഗം ഒന്ന് മുഴുവനും, ഭാഗം രണ്ടിൽ ഒന്നു മുതൽ നാല് വരെയുള്ള അദ്ധ്യായങ്ങൾ
അതിരൂപതാതലം : ഭാഗം ഒന്നും രണ്ടും മുഴുവൻ
അതിരൂപതയിൽ ആകർഷകമായ സമ്മാനങ്ങളാണ് കുട്ടികളെ കാത്തിരിക്കുന്നത്.

| | |
|---|---|
| ഒന്നാം സമ്മാനം | 3501 രൂപ |
| രണ്ടാം സമ്മാനം | 3001 രൂപ |
| മൂന്നാം സമ്മാനം | 2501 രൂപ |

കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടായിരിക്കുന്നതാണ്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "യേശുക്രിസ്തു തന്നെതന്നെ ശൂന്യനാക്കികൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപോലെ കാണപ്പെട്ടു; മരണം വരെ – അതേ കുരിശുമരണംവരെ അനുസരണമുള്ളവനായി തന്നെതന്നെ താഴ്ത്തി" (ഫിലിപ്പി 2: 7–8)

**സുകൃതജപം:** ഓ! വിശുദ്ധ കുരിശേ എനിക്ക് നിത്യജീവൻ നല്കണമേ

**പ്രാർത്ഥനാ നിയോഗം:** മനുഷ്യന്റെ അന്തസ്സിനെ ഹനിക്കുന്ന വധശിക്ഷ എല്ലാ രാജ്യങ്ങളിലും നിയമപരമായി നിർത്തലാക്കുന്നതിനുവേണ്ടി പരിശുദ്ധ മാർപാപ്പയുടെ നിയോഗത്തോട് ചേർന്ന് നമുക്ക് പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** ഒരു സന്തുഷ്ടപ്രകൃതിക്കാരനും പരഹൃദയജ്ഞാനവും പ്രവചനവരവും വായുവിൽകൂടെ പറക്കുവാനുമുള്ള ഒരപൂർവ്വസിദ്ധിയുമുള്ള വി. ജോസഫ് കുപ്പർത്തീനോ (1602–1663) ആണ് നാം ഈ മാസം പരിചയപ്പെടുന്ന വിശുദ്ധൻ. വർഷവട്ടത്തിൽ ഏഴുപ്രാവശ്യം നാല്പത് ദിവസത്തെ നോമ്പ് ആചരിക്കുന്ന ഈ വിശുദ്ധന്റെ തിരുനാൾ സെപ്തംബർ 18 നാണ് തിരുസഭയിൽ കൊണ്ടാടുന്നത്.

**പ്രവർത്തനം:** പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളായ സെപ്തംബർ 8 ന് പരിശുദ്ധ കുർബാനയിൽ പങ്കുചേർന്ന് പരിശുദ്ധ അമ്മയ്ക്ക് ജനനതിരുനാൾ ആശംസികൾ നേരാം. അമ്മയോടുള്ള സ്നേഹത്തെപ്രതി ഏതെങ്കിലുമൊരു നന്മപ്രവൃത്തിചെയ്ത് പരിശുദ്ധ അമ്മയ്ക്കായി കാഴ്ച്ചവയ്ക്കാം.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# സി.എൽ.സി.

**വി. ഇഗ്നേഷ്യസ് ലയോള ദിനാചരണം**

തൃശ്ശൂർ അതിരൂപത സി എൽ സിയുടെ ഈ വർഷത്തെ വി. ഇഗ്നേഷ്യസ് ലയോള അനുസ്മരണം കണ്ടശ്ശാംകടവ് ഫൊറോന സി എൽ സിയുടെ നേതൃത്വത്തിൽ അരിമ്പൂർ സെന്റ് ആന്റണീസ് ദേവാലയത്തിൽ വച്ച് നടന്നു. രാമനാഥപുരം രൂപത അധ്യക്ഷൻ മാർ പോൾ ആലപ്പാട്ട് പിതാവ് യോഗം ഉദ്ഘാടനം ചെയ്യുകയും തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും എത്തിയ വിദ്യാഭ്യാസ പുരസ്കാര വിജയികളെ ആദരിക്കുകയും ചെയ്തു. തൃശ്ശൂർ അതിരൂപത സി എൽ സി പ്രസിഡന്റ് ശ്രീ ഡോംസൺ സൈമൺ അധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത പ്രാമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് ആമുഖപ്രഭാഷണം നടത്തി.

അരിമ്പൂർ അസിസ്റ്റന്റ് വികാരി ഫാ. ഗോഡ്വിൻ കിഴക്കൂടൻ അനുമോദന പ്രസംഗം നടത്തി. കണ്ടശ്ശാംകടവ് ഫൊറോന പ്രാമോട്ടർ ഫാ. ജിന്റോ പേരെപ്പാടൻ, സീനിയർ സി എൽ സി പ്രസിഡന്റ് എ ഡി ഷാജു,  കണ്ടശ്ശാംകടവ് ഫൊറോന പ്രസിഡന്റ് ആകാശ്, സെക്രട്ടറി ഹന്ന എന്നിവർ യോഗത്തിൽ ആശംസകൾ നേർന്നു സംസാരിച്ചു. അതിരൂപത സി എൽ സിയുടെ ആനിമേറ്റർ സി. ജ്യോതിസ് എഇഇ പ്രാർത്ഥനയും, സെക്രട്ടറി ഫെസിൻ മാത്യൂ എം സ്വാഗതവും ജനറൽ കൺവീനർ പ്രിന്റോ കാഞ്ഞിരത്തിങ്കൽ നന്ദിയും യോഗത്തിൽ നിർവഹിച്ചു.

അതിരൂപത അസോസിയേറ്റ് പ്രമോട്ടറും സംസ്ഥാന സി എൽ സി പ്രമോട്ടറുമായ ഫാ. ഫ്രജോ വാഴപ്പിള്ളി, അതിരൂപത അസിസ്റ്റന്റ് പ്രമോട്ടർ ഫാ. അനുവിൻ ചിറ്റിലപ്പിള്ളി, ട്രഷറർ അജിത്ത് വർഗ്ഗീസ്, ജനറൽ കോർഡിനേറ്റർ ജോമി ജോൺസൺ, വൈസ് പ്രസിഡന്റുമാരായ ജെറിൻ ജോസ്, അനിറ്റ ആന്റണി, ജോയിന്റ് സെക്രട്ടറി ആൻ ഗ്ലെണ്ട, നാഷണൽ സൗത്ത് സോൺ പ്രസിഡന്റ് വിനേഷ് കോളെങ്ങാടൻ, എക്സിക്യൂട്ടിവ് ഡിൽജോ തരകൻ, സംസ്ഥാന സി എൽ സി ട്രഷറർ ബിജിൽ സി ജോസഫ്, എക്സിക്യൂട്ടിവ് നിയ തോബിയാസ് മറ്റു അതിരൂപത എക്സിക്യൂട്ടിവ് അംഗങ്ങൾ, കണ്ടശ്ശാംകടവ് ഫൊറോന എക്സിക്യൂട്ടിവ് അംഗങ്ങൾ, അരിമ്പൂർ യൂണിറ്റ് ഭാരവാഹികൾ എന്നിവർ യോഗത്തിന് നേതൃത്വം നൽകി.

**മാതാവിന്റെ സ്വർഗാരോപണ തിരുനാളും പതാക ദിനവും**

മാതാവിന്റെ സ്വർഗാരോപണദിനമായ ആഗസ്റ്റ് 15ന് തൃശ്ശൂർ അതിരൂപത സി.എൽ.സിയുടെ പതാക ദിനാഘോഷം ഒല്ലൂർ ഫൊറോന സി.എൽ.സിയുടെ ആഭിമുഖ്യത്തിൽ മരത്താക്കര മേരി ഇമ്മാക്കുലേറ്റ് ദേവാലയത്തിൽ വച്ച് നടന്നു. അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് സി.എൽ.സി പതാക ഉയർത്തി അതിരൂപത പ്രസിഡന്റ് ഡോംസൺ സൈമൺ അംഗങ്ങളെ സ്വാഗതം ചെയ്തു. ഫൊറോന പ്രസിഡന്റ് ക്രിസ്റ്റഫർ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മരത്താക്കര ഇടവക വികാരി ഫാ. സെബി പുത്തൂർ, ഒല്ലൂർ ഫൊറോന പ്രൊമോട്ടർ പോൾ മുട്ടത്ത്, യൂണിറ്റ് പ്രസിഡന്റ് ജോർജ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ട്രഷറർ അജിത് വർഗീസ്, അതിരൂപത എക്സിക്യൂട്ടിവ് ഗ്ലോറിൻ ഒല്ലൂർ ഫൊറോന ഭാരവാഹികൾ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. അൻവിൻ ചിറ്റിലപ്പിള്ളി**
അസി. പ്രൊമോട്ടർ

**ഡോംസൺ സൈമൺ**
പ്രസിഡന്റ്

# കെസിവൈഎം

## Elder's Day

കെ സി വൈ എം തൃശ്ശൂർ അതിരൂപതയുടെയും, വേലൂർ ഫൊറോനയുടെയും ആഭിമുഖ്യത്തിൽ മുണ്ടത്തിക്കോട് സ്നേഹാലയത്തിൽ Elder's Day ആച്ചരിച്ചു. അതിരൂപത പ്രസിഡന്റ് സാജൻ ജോയ് ഏവരെയും സ്വാഗതം ചെയ്തു. മുണ്ടത്തിക്കോട് ഇടവക വികാരി ഫാ. ജാക്സൻ ചാലയ്ക്കൽ ആമുഖ പ്രഭാഷണം നടത്തി. ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ elder's day സന്ദേശം നൽകി. സ്നോഹാലയം ഉടമ ആന്റണി ഏവർക്കും നന്ദി പറഞ്ഞു. തുടർന്ന് മധുര പലഹാരവും, സ്നേ

ഹാലയത്തിലേക്ക് ആവശ്യമായ ഭക്ഷ്യസാധനങ്ങളും നൽകി. അതിരൂപത വൈസ് പ്രസിഡന്റുമാരായ ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, സെക്രട്ടറി മെജോ മോസസ്, സെനറ്റ് മെംബർമാരായ ടോണി കല്ലൂക്കാരൻ , മെജോ തിരുത്തിപറമ്പ്, വേലൂർ ഫൊറോന പ്രസിഡന്റ് ഡാനിയേൽ ജോസഫ് , ജനറൽ സെക്രട്ടറി അർണോൾഡ്, ജോയ്സൻ ജോൺ, ജിതിൻ വിയൂർ, റെൻസൻ എന്നിവർ നേതൃത്വം നൽകി.

**സൈനീക വീരഗാഥയ്ക്ക് സ്നേഹാദരം**

കാർഗിലിൽ ഇന്ത്യ നേടിയ വിജയത്തിന്റെ 23–ാം വാർഷിക ദിനത്തിൽ (ജൂലൈ 26) ജീവൻ ബലിയർപ്പിച്ച ഇന്ത്യൻ സൈനീകരെ സ്മരിച്ച് കൊണ്ട് അയ്യന്തോൾ അമർ ജവാൻ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി. പ്രസിഡൻറ് സാജൻ ജോയ് പുഷ്പചക്രം സമർപ്പിച്ചു. ഡയറക്ടർ ഫാ.ലിൻസൺ തട്ടിൽ കാർഗിൽ വിജയ് ദിവസിൽ രാജ്യം മുഴുവൻ രക്തസാക്ഷികളായ സൈനികരെ അനുസ്മരിക്കുകയും അവരുടെ കുടുംബങ്ങളെ അനുസ്മരിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, സെനറ്റ് മെംബർമാരായ മെജോ പൊറത്തൂർ, വിപിൻ ലൂവിസ്, ആൻമേരി , ജോവിന ജോയ്സൻ , ജിതിൻ, ജിസോ എന്നിവർ അനുസ്മരണത്തിൽ പങ്കുചേർന്നു.

**75–ാം മത് സ്വാതന്ത്ര്യ ദിനാഘോഷം**

കെ സി വൈ എം തൃശ്ശൂർ അതിരൂപതയുടെയും പാലയൂർ ഫൊറോനയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഭാരതത്തിന്റെ 75–ാം മത് സ്വാതന്ത്ര്യ ദിനാഘോഷം ചെമ്മണൂർ സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ നടന്നു. ദിവ്യബലിയോട് കൂടി ആരംഭിച്ച സ്വാതന്ത്യ ദിനാഘോഷത്തിന് ചെമ്മണൂർ ഇടവക വികാരി ഫാ. ഫെബിൻ കൂത്തൂർ സ്വാതന്ത്ര്യദിന സന്ദേശവും, പതാക ഉയർത്തുകയും ചെയ്തു. ഭാരതത്തിനു വേണ്ടി എയർ ഫോഴ്സിൽ സേവനം ചെയ്ത ഇടവകാംഗങ്ങളായ ഫ്രാൻസിസ് , ജോസ് എന്നിവരെ ആദരിച്ചു. 75ാം സ്വാതന്ത്ര്യ ദിനത്തിന്റെ സ്മരണാർത്ഥം ചെമ്മണ്ണൂർ യൂണിറ്റിന് വൃക്ഷ തൈ കൈമാറി. പ്രസിഡന്റ് സാജൻ ജോയ് അധ്യക്ഷത വഹിച്ചു. ട്രഷറർ ജിഷാദ് ജോസ് , വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, സെനറ്റ് മെംബർ വിപിൻ ലൂവീസ്, ടങ്ങഥങ്ങ പ്രതിനിധി ഡാനിയേൽ ജോസഫ്, ഫൊറോന ജനറൽ സെക്രട്ടറി ഹെൻറി , ഇടവക പ്രസിഡന്റ് അലൻ ജിസ് , ഇടവക ട്രസ്റ്റി മറ് ഭാരവാഹികൾ ഇടവക അംഗങ്ങൾ പങ്കെടുത്തു.

**44ാം മത് അർദ്ധവാർഷിക സംസ്ഥാന സെനറ്റ് സമ്മേളനം**

കേരള കത്തോലിക്ക യുവജന പ്രസ്ഥാനത്തിന്റെ 44ാം മത്

അർദ്ധവാർഷിക സംസ്ഥാന സെനറ്റ് സമ്മേളനം 2022 ജൂലായ് 28, 29 തീയതികളിൽ കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപതയെ പ്രതിനിധികരിച്ച് ഡയറക്റ്റർ ഫാ. ലിൻസൺ തട്ടിൽ, പ്രസിഡന്റ് സാജൻ മുണ്ടൂർ, ജനറൽ സെക്രട്ടറി അഖിൽജോസ് . സിൻഡിക്കേറ്റ് മെംബർ സാജൻ ജോസ്, ഹെൽന സാബു, ആനിമേറ്റർ സി. ഫ്രാൻസി മരിയ, സെനറ്റ് മെംബർ ടോണി കല്ലൂക്കാരൻ, മെജോ പൊറത്തൂർ എന്നിവർ പങ്കെടുത്തു.

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

**സാജൻ ജോയി**
പ്രസിഡന്റ്

**അഖിൽ ജോസ്**
സെക്രട്ടറി

# മദ്യവിരുദ്ധ സമിതി

**1. കോർ–കമ്മിറ്റി മീറ്റിങ്ങ്**

അതിരൂപത ഓഫീസിൽ ഡയരക്ടറച്ചന്റെ നേതൃത്വത്തിലും പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലും വിശേഷാൽ കോർ കമ്മിറ്റി യോഗം 16.07.2022 ന് ചേർന്നു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന്റെ പ്രധാന അജണ്ട രജത ജൂബിലി ആഘോഷങ്ങളുടെ കർമ്മ പദ്ധതി ചർച്ചയായിരുന്നു. ലേഖനം, ക്വിസ്, പ്രസംഗം, ചിത്രരചന എന്നീ ഇനങ്ങളിൽ ജൂനിയർ – സീനിയർ വിഭാഗങ്ങളിൽ മത്സരങ്ങൾ നടത്തുവാൻ നിശ്ചയിച്ചു.

**2. രജത ജൂബിലി മത്സരങ്ങൾ**

മുൻ നിശ്ചയപ്രകാരമുള്ള കലാ – സാഹിത്യ മത്സരങ്ങൾ 24.07.2022 ഞായറാഴ്ച ഉച്ചയ്ക്ക് രണ്ടു മണിക്ക് പാസ്റ്ററൽ സെന്ററിൽ അരങ്ങേറി. മത്സരങ്ങൾ ഉദ്ഘാടനം ചെയ്തത് ബിഷപ്പ് ജോസഫ് കുണ്ടുകളം ഹാളിലായിരുന്നു. സിജോയുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ പ്രസിഡന്റ് സി.പി. ഡേവീസ് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സദസ്സിന് സ്വാഗതം ചെയ്ത് മത്സരങ്ങളുടെ ഉദ്ദേശ്യം വിവരിച്ച് ആമുഖപ്രഭാഷണം നടത്തി. പരിപാ

ടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് ദീപിക പത്രത്തിന്റെ തൃശൂർ റസിഡന്റ് എഡിറ്റർ ഫാ. റാഫേൽ ആക്കാമറ്റത്തിലായിരുന്നു. ഹ്രസ്വമായ ചടങ്ങിന് സെക്രട്ടറി ടി.എസ്. അബ്രാഹം കൃതജ്ഞതയർപ്പിച്ചു. തുടർന്ന് മത്സരങ്ങൾക്ക് ആരംഭമായി. 4 മണിയോടു കൂടി എല്ലാ മത്സരങ്ങളും പൂർത്തിയായി. നൂറോളം പേർ മത്സരങ്ങളിൽ പങ്കെടുത്തു.

**3. മത്സര വിജയികൾ :–**

**പ്രസംഗം : സീനിയർ**

1. ലിജി കുണ്ടുകുളം (സ്നേഹപുരം)
2. അഗസ്റ്റിൻ എം.ജെ. (സരിതപുരം)
3. മേഴ്സി ജോജി (കുരിയച്ചിറ)

**പ്രസംഗം : ജൂനിയർ**

അലീന പി.എഫ്. (വടക്കാഞ്ചേരി)

**ക്വിസ്**

1. ഹേന സണ്ണി (പാലക്കൽ)
2. ലിൻസി ജോസഫ് (കോടന്നൂർ)
3. ലിവ്യ എൻ. തോമസ് (വിജയപുരം)

**ചിത്രരചന : സീനിയർ**

ജിയോ വി.പി.

**ചിത്രരചന : ജൂനിയർ**

1. നീൽ ക്രിസ്റ്റ് (ലൂർദ്ദ്)
2. ഫെൽപ്സ് പോൾ കെ. (എൽത്തുരുത്ത്)
3. അലോന എം.ബി. (സരിതപുരം)

**ലേഖനം : സീനിയർ**

1. ജോസ് പി.സി. (പാലക്കൽ)
2. മരിയ ജോസഫ് (കോടന്നൂർ)
3. ഹിറ്റ്ലസ് ചാക്കുണ്ണി (മണ്ണുത്തി)

**4. ആദരാഞ്ജലി**

അങ്കമാലി – എറണാകുളം അതിരൂപതയിലെ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ഡയറക്ടർ ബഹു. ഫാ. ജോർജ്ജ് നേരേവീട്ടിൽ 22.07.22 ന് അന്തരിച്ചു. തൃശ്ശൂർ മദ്യവിരുദ്ധസമിതിയുടെ ആദരാഞ്ജലികൾ.

**5. കോർകമ്മിറ്റി മീറ്റിങ്ങ്**

30.07.2022 അതിരൂപത ഓഫീസിൽ ഡയരക്ടറച്ചന്റെ നേതൃത്വത്തിലും പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലും കോർ കമ്മിറ്റി യോഗം ചേർന്നു. ആഗസ്റ്റ് 9 ലെ 'ക്വിറ്റ് ലിക്വർ' ദിനാചരണം കോടന്നൂരിൽ വച്ച്

നടത്തുന്നതിനു തീരുമാനമായി.

**6. യൂണിറ്റ് പുന:സംഘടന**

നിർജ്ജീവാവസ്ഥയിലായിരുന്ന പഴുവിൽ ഇടവക യൂണിറ്റ് 31.07.22 ഞായറാഴ്ച പുന:സംഘടിപ്പിക്കുകയുണ്ടായി. ഡയറക്ടർ ദേവസ്സി പന്തല്ലൂക്കാരനച്ചൻ ദിവ്യബലി അർപ്പിക്കുകയും മദ്യവിരുദ്ധ സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് നടന്ന യോഗത്തിന് ഇടവക വികാരി വെരി റവ. ഫാ. പോൾ താണിക്കലാണ് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചത്. അതിരൂപത പ്രസിഡന്റ് സി.പി. ഡേവീസ് മദ്യവിരുദ്ധ സമിതിയുടെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച് വിവരണം നൽകി. പഴുവിൽ ഫൊറോന പ്രസിഡന്റ് സിജോ ഇഞ്ചോടിക്കാരൻ, ജോൺസൺ മേക്കാട്ടുകുളം എന്നിവർ പുന:സംഘടനയ്ക്ക് മേൽനോട്ടം വഹിച്ചു. 18 പേർ പുതുതായി അംഗത്വമെടുത്തു. ജെറിൻ ജോസ്, സിബിൽ, സിജോ ഡെന്നി എന്നിവരെ യഥാക്രമം പ്രസിഡന്റും സെക്രട്ടറിയും ട്രഷററുമായി തെരഞ്ഞെടുത്ത് ഭരണസമിതിക്ക് രൂപമേകി.

**7. കാരുണ്യസ്പർശം**

വെങ്ങിണിശ്ശേരി ഇടവക നിർധന കുടുംബത്തിനുവേണ്ടി നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ താക്കോൽ ദാനകർമ്മം 31.07.22 ന് വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ നിർവ്വഹിച്ചു. ഇടവക വികാരി ബഹു. ജയ്സൺ ചിറ്റിലപ്പിള്ളിയും മദ്യവിരുദ്ധസമിതി യൂണിറ്റംഗങ്ങളും സദവസരത്തിൽ സന്നിഹിതരായി. മദ്യവിമുക്ത ഭവനമായി പ്രഖ്യാപിച്ച് കട്ടിളപ്പടിയിൽ സ്റ്റിക്കർ പതിപ്പിച്ച ഭവനം അതിരൂപത ഡയറക്ടറച്ചനും അതിരൂപത പ്രസിഡന്റും സന്ദർശിച്ച് പ്രാർത്ഥനാശംസകൾ നേർന്നു.

**8. ക്വിറ്റ് ലിക്വർ ഡേ ആചരണം**

09.08.22 വൈകീട്ട് 5 മണിക്ക് കോടന്നൂർ സെന്ററിലെ കപ്പേളയിൽ ക്വിറ്റ് ലിക്വർ ഡേ ദിനാചരണം സാഘോഷം കൊണ്ടാടി. കോടന്നൂർ ഇടവക വികാരി ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖ പ്രഭാഷണം നടത്തി. പ്രസിഡന്റ് സി.പി. ഡേവീസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജോൺ അരീക്കലാണ്. കേരള മദ്യനിരോധന സമിതി സംസ്ഥാന അംഗമായ ഇസാ ബിൻ അബ്ദുൾ കരീം ആയിരുന്നു മുഖ്യപ്രഭാഷകൻ. വെങ്ങിണിശ്ശേരി ഇടവക വികാരി ഫാ. ജയ്സൺ ചിറ്റിലപ്പിള്ളി ലഹരി വിരുദ്ധ പ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി. കോടന്നൂർ ബാർ വിരുദ്ധ സമരസമിതി രക്ഷാധികാ

രി അഡ്വ. രഘു കെ. മാരാത്ത്, കോടന്നൂർ മദ്യവിരുദ്ധസമിതി പ്രസിഡന്റ് അഖിൽ പോൾ, ഇടവക ട്രസ്റ്റി ജോബ് പൊറുത്തൂക്കാരൻ, മോട്ടിവേഷൻ സ്പീക്കർ ഡിൻസ് അക്കര എന്നിവർ ആശംസകളർപ്പിച്ച് സമ്മേളനത്തിന് മാറ്റുകൂട്ടി. അതിരൂപത ജോ. സെക്രട്ടറി സിജോ ഇഞ്ചോടിക്കാരനാണ് മദ്യവിരുദ്ധ ഗാനം ആലപിച്ചത്. അതിരൂപത സെക്രട്ടറി ടി. എസ്. അബ്രാഹമിന്റെ കൃതജ്ഞതയോടെ എട്ടുമണിയോടു കൂടി ദിനാചരണത്തിന് പരിസമാപ്തിയായി.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

# കത്തോലിക്ക കോൺഗ്രസ്സ്

**നേതൃത്വ പരിശീലന ക്യാമ്പ്**

അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ഡിബിസിഎൽസിയിൽ വെച്ച് ആഗസ്റ്റ് 13,14 തിയ്യതികളിൽ നേതൃത്വ പരിശീലനക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ്, ഫൊറോന, അതിരൂപത തലങ്ങളിലെ നേതൃത്വനിര പങ്കെടുത്ത ക്യാമ്പ്, വിവിധ വിഷയങ്ങളിലുള്ള ആഴമേറിയ സഭാത്മക അറിവിന് കാരണമായി. ഫൊറോന തലങ്ങളിലും ഇത്തരം പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നു.

**ഗ്ലോബൽ സമിതി സന്ദർശനം**

ഗ്ലോബൽ സമിതി ഭാരവാഹികൾ ഗ്ലോബൽ ജനറൽ സെക്രട്ടറി ശ്രീ. രാജീവ് ജോസഫിന്റെ നേതൃത്വത്തിൽ തൃശ്ശൂർ അതിരൂപത കത്തോലിക്ക കോൺഗ്രസ്സ് പ്രതിനിധിയോഗം സന്ദർശിച്ചു. സന്ദർശനത്തോടനുബന്ധിച്ച് യൂത്ത് കൗൺസിൽ, വുമൺസ് കൗൺസിൽ എന്നീ ഫോറങ്ങളുടെ അതിരൂപതാതല ഉദ്ഘാടനവും നടന്നു. പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർപ്രവർത്തന പദ്ധതികൾ വിഭാവനം ചെയ്യുകയും ചെയ്തു. ഗ്ലോബൽ സമിതി സന്ദർശന പ്രതിനിധിയോഗം വികാരി ജനറാൾ മോൺ. ജോസ് കോനിക്കര ഉദ്ഘാടനം ചെയ്തു.

**EWS ബോധവത്കരണവും ജഎഇ യൂണിറ്റ് രൂപീകരണവും**

ഇടവകകളിൽ ജഎഇ യുടെ സഹകരണത്തോടെ ഋണട ബോധവത്കരണ ക്ലാസ്സുകളും ജഎഇ (ഹെൽപ് ഡെസ്ക്) യൂണിറ്റ് രൂപാകരണവും നടന്നു വരുന്നു. എല്ലാ കത്തോലിക്ക കോൺഗ്രസ്സ് യൂണിറ്റുകളിലും ജഎഇ യൂണിറ്റുകൾ ആരംഭിക്കുക എന്നതാണ് ഹെൽപ് ഡെസ്ക് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**ബേബി പെരുമാലിന് അനുശോചനം**

ഗ്ലോബൽ സമിതി സെക്രട്ടറി ബഹു. ബേബി പെരുമാലിന്റെ ആകസ്മിക വേർപാടിൽ തൃശ്ശൂർ അതിരൂപതസമിതി അനുശോചനം രേഖപ്പെടുത്തി. തൃശ്ശൂർ അതിരൂപത കത്തോലിക്ക കോൺഗ്രസ്സിന്റെ ചാർജുള്ള ഗ്ലോബൽ സെക്രട്ടറിയായിരുന്നു അദ്ദേഹം.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**ജോഷി വടക്കൻ**
പ്രസിഡന്റ്

**എൻ.പി. ജാക്സൺ**
ജനറൽ സെക്രട്ടറി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**തൃശൂർ സെൻട്രൽ കൗൺസിൽ**

വാഴ്ത്തപ്പെട്ട ജിയോർജിയോ ഫ്രസാറ്റിയുടെ തിരുനാളിനോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപത സെന്റ്. വിൻസെന്റ് ഡി പോൾ സംഘടനയുടെ നേതൃത്വത്തിൽ യുവജന സന്നദ്ധസേവനദിനം ആചരിച്ചു. 23/7/2022 ശനിയാഴ്ച്ച രാവിലെ 9.30 നു തൃശ്ശൂർ ജില്ലാ ജനറൽ ആശുപത്രിയിൽ നടന്ന പരിപാടി, തൃശ്ശൂർ കോർപറേഷൻ മേയർ ശ്രീ. എം. കെ. വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. ജില്ല ജനറൽ ആശുപത്രി ഓർത്തോപീഡിക് മേധാവിയും, അതിരൂപതാ ഏകോപനസമിതി സെക്രട്ടറിയുമായ ഡോക്ടർ ടോണി ജോസഫ് അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂർ ഡോളേഴ്സ് ബസിലിക്ക റെക്ടർ റവ. ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത് അനുഗ്രഹപ്രഭാഷണം നടത്തി. വിൻസെൻഷ്യൻ യുവജനങ്ങൾ തുരുമ്പ് കയറിയ ഇരുമ്പ് കൈവരികളും, സ്റ്റാന്റുകളും, മേശകളും മറ്റു ആശു

പത്രി ഉപകരണങ്ങളും തുരുമ്പ് കളഞ്ഞ് പെയിന്റ് അടിച്ച് ഭംഗിയാക്കി. ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് ശ്രീമതി ജാൻസി കെ. ടി., ലേ സെക്രട്ടറി ശ്രീ. ജ്യോതിഷ് ടി. എസ്., ഹെഡ്നഴ്സ് ശ്രീമതി ബീന കെ. എ., തൃശ്ശൂർ അതിരൂപത സെന്റ്. വിൻസെന്റ് ഡി പോൾ പ്രസിഡണ്ട് ബ്രദർ. ജോസ് ജെ. മഞ്ഞളി, വൈസ് പ്രസിഡണ്ട് ബ്രദർ. പോൾസൺ കെ. കെ., സെക്രട്ടറി ബ്രദർ. പ്രശാന്ത് ചിറ്റിലപ്പിള്ളി, അഡ്വ. ജിനോ ജോസ്, യൂത്ത് കോഡിനേറ്റർ സിസ്റ്റർ. മരിയ ജിനി, കൺവീൻമാരായ ബ്രദർ. റോബിൻ ടി.ജെ., ബ്രദർ. ബേസിൽ പി. ജോർജ്ജ് തുടങ്ങിയവർ നേതൃത്വം നൽകി. തൃശ്ശൂർ അതിരൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള വിൻസെൻഷ്യൻ യുവജനങ്ങൾ സന്നദ്ധസേവനദിനത്തിൽ പങ്കെടുത്തു.

തൃശ്ശൂർ അതിരൂപതയ്ക്ക് കീഴിലുള്ള എല്ലാ സെന്റ്. വിൻസെന്റ് ഡി പോൾ കോൺഫറൻസുകളും, 2022 ജൂൺ 19 മുതൽ തൃശ്ശൂർ സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു.

**ഫാ. ജിക്സൺ താഴത്ത്**
ആദ്ധ്യാത്മിക ഉപദേഷ്ടാവ്

**ജോസ് ജെ. മഞ്ഞളി**
പ്രസിഡന്റ്

**പ്രശാന്ത് ചിറ്റിലപ്പിള്ളി**
സെക്രട്ടറി

# ഫ്രാൻസിസ്കൻ അൽമായ സഭ



ജൂലൈ 24 ഞായറാഴ്ച 3 മണിക്ക് പൂത്തോൾ കാൽവരി ആശ്രമത്തിൽ വച്ച് ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ ജനറൽ ബോഡി യോഗം കൂടി. യോഗത്തിൽ അതിരൂപത ഡയറക്ടർ ഫാ. ആന്റണി തെക്കിനിയത്ത് അദ്ധ്യക്ഷം വഹിച്ചു. അതിരൂപത പ്രസിഡണ്ട് ജോസ് പീറ്റർ മാസ്റ്റർ സ്വാഗതവും, സെക്രട്ടറി സണ്ണി വടക്കൻ റിപ്പോർട്ടും, ട്രഷറർ ടി. കെ. ഡേവിസ് വരവ് ചിലവ് കണക്കും അവതരിപ്പിച്ചു. ഒക്ടോബർ മാസം മുതൽ അർത്ഥി സ്വീകരണം യൂണിറ്റ് തലത്തിലും സഭാവസ്ത്ര സ്വീകരണം റീജിയൻ തലത്തിലും നിത്യവ്രതവാഗ്ദാനം രൂപതാ തലത്തിലും

നടത്താൻ തീരുമാനിച്ചു. പുതിയ ആനിമേറ്റർ സി. ഷാനി (പാലയൂർ റീജിയൻ) കണ്ടശ്ശാംകടവ് സി. ധന്യ ജോസഫ്, വടക്കാഞ്ചേരി റീജിയൻ സി. ലിസ്ജോ എന്നിവർക്കും സ്വീകരണവും ചാർജ്ജ് ഒഴിയുന്ന സി. മരിയ പുഷ്പ, സി. ടെസിൻ ജോസഫ്, സി. റോഷിൻ മരിയ എന്നിവർക്കും യാത്രയയപ്പും നൽകി.

ജൂലൈ 2 കുറുമാൽ ധ്യാനകേന്ദ്രത്തിൽ അതിരൂപത ഫ്രാൻസിസ്കൻ ദിനം ആചരിച്ചു. അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. കപ്പൂച്ചിൻ സഭ പ്രൊവിൻഷ്യൽ ഫാ. പോളി മാടശ്ശേരി കുർബാന അർപ്പിച്ചു. എം.എം. ബി. പ്രോവിൻഷ്യൽ ബ്ര. ജോസ് ചുങ്കത്ത്, എഫ്. സി. സി. അസി. പ്രൊവിൻഷ്യൽ സി. ഫോൺസി മരിയ, കപ്പൂച്ചിൻ സഭ അസി. പ്രോവിൻഷ്യൽ ഫാ. ജെയ്സൺ കാളൻ, എസ്. എഫ്. ഒ. നാഷണൽ വൈസ് മിനിസ്റ്റർ ഡോ. ജെറി ജോസഫ് നാഷണൽ കൗൺസിലർ ഫ്രാങ്കോ ജോൺ എന്നിവർ ആശംസകൾ നേർന്നു. ഫ്രാൻസിസ്കൻ ജീവിത രീതിയെ കുറിച്ച് ഫാ. ജെയ്സൺ വടക്കൻ ക്ലാസ് നയിച്ചു. വി. ഫ്രാൻസീസ് അസീസ്സിയുടെ സൂര്യകീർത്തനം വിവർത്തനം ചെയ്തത് ഭരത നാട്യരൂപത്തിൽ അരങ്ങേറ്റം നടത്തി. വിവിധ റീജിയനിലെ കലാപരിപാടികൾ, സമ്മാന വിതരണം, എന്നിവ നടത്തി. യോഗത്തിൽ ഫാ. തോമസ് പുത്തൂർ, ഫാ. വിൻസന്റ് കണ്ണനായ്ക്കൽ, സി. ഷാരോൺ തെരേസ, പി. വി. ഔസേഫ് എന്നിവർ പ്രസംഗിച്ചു. തൃശൂർ റീജിയൻ പ്രസിഡന്റ് ഷാജു കോട്ടപറമ്പിൽ നന്ദി രേഖപ്പെടുത്തി.

**റവ. ഫാ. ആന്റണി തെക്കിനിയത്ത്**
ഡയറക്ടർ

**ജോസ് പീറ്റർ**
പ്രസിഡന്റ്

**കലാസദൻ പശ്ചാത്തല സംഗീതമൊരുക്കി**

വി. തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികത്തോടനുബന്ധിച്ച് ജൂലൈ 3–ാം തിയതി പാലയൂർ തീർത്ഥകേന്ദ്രത്തിൽ അർപ്പിച്ച വി.കുർബാനയിലെ ഗാനങ്ങൾക്ക് തൃശ്ശൂർ കലാസദൻ

പശ്ചാത്തല സംഗീതമൊരുക്കി.

**ദിദിമോസ് ലഘുനാടകം അരങ്ങേറി**

ജൂലൈ 9–ാം തിയതി സെന്റ് തോമസ് കോളേജിൽവച്ച് നടന്ന കത്തോലിക്കാ സഭാ പത്രത്തിന്റെ പ്രൊമോട്ടേഴ്സ് മീറ്റിംങ്ങിന്റെ ഭാഗമായി തൃശ്ശൂർ കലാസദന്റെ ദിദിമോസ് എന്ന ലഘുനാടകം അരങ്ങേറി. വി. തോമാശ്ലീഹായുടെ ജീവിതത്തെ ആസ്പദമാക്കിയുള്ള നാടകത്തിൽ ചൂലിശ്ശേരി, മറ്റം എന്നീ ഇടവകകളിൽ നിന്നുള്ള ആർട്ടിസ്റ്റുകൾ വ്യത്യസ്ത കഥാപാത്രങ്ങളായി വേഷമണിഞ്ഞു. കലാസദൻ സെക്രട്ടറി ഫാ. ഫിജോ ആലപ്പാടനാണ് നാടകത്തിന്റെ രചനയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്നത്.

**കലാസദൻ തേൻതുള്ളികൾ**

കലാസദൻ തേൻതുള്ളികൾ സീസൺ മൂന്നിലെ അഞ്ചാമത്തെ പ്രോഗ്രാമായ 'പ്രകൃതി മനോഹരി' ജൂലൈ 17ന് അരങ്ങേറി. പ്രകൃതിയെക്കുറിച്ചുള്ള മനോഹരമായ സിനിമാ ഗാനങ്ങളാണ് ഈ സംഗീത സന്ധ്യയിൽ ഉൾപ്പെടുത്തിയിരുന്നത്. കലാസദൻ സംഗീത വിഭാഗം കൺവീനർ ശ്രീ. ജേക്കബ് ചെങ്ങലായിയും ജോയിന്റ് കൺവീനർ ശ്രീ. സി. ജെ ജോണും പ്രോഗ്രാമിന് നേതൃത്വം കൊടുത്തു.

**ഹോണററി മെമ്പർഷിപ്പ് നൽകി**

തൃശ്ശൂർ കലാസദന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച്, രണ്ടാം തവണയും ഇന്റർ നാഷണൽ ഗ്രാമിൻ അവാർഡ് ജേതാവായ പ്രസിദ്ധ വയലിൻ ആർട്ടിസ്റ്റ് ശ്രീ. മനോജ് ജോർജ്ജിന് ജൂലൈ 17ന് കലാസദൻ ഹോണററി മെമ്പർഷിപ്പ് നൽകി.

**ശ്രീ. ലെസ്ലി പീറ്റർ മാസ്റ്റർ അവാർഡ് നൽകി**

വർഷങ്ങളോളം തൃശ്ശൂർ കലാസദന്റെ ഗായകനായിരുന്ന ശ്രീ. എം. എസ് മനോജ് കുമാർ പ്രശസ്ത സിനിമാ ആർട്ടിസ്റ്റ് ശ്രീ. ജയരാജ് വാര്യരിൽ നിന്നും കലാസദൻ ഏർപ്പെടുത്തിയ ശ്രീ. ലെസ്ലി പീറ്റർ മാസ്റ്റർ അവാർഡ് ജൂലൈ 17–ാം തിയതി ഏറ്റുവാങ്ങി. 40 വർഷത്തോളം കലാസദന്റെ വയലിൻ അദ്ധ്യാപകനായിരുന്നു ശ്രീ. ലെസ്ലി പീറ്റർ മാസ്റ്റർ.

**ഡോ. ഇഗ്നേഷ്യസ് ആന്റണി**
പ്രസിഡണ്ട്

**ഫാ. ഫിജോ ആലപ്പാടൻ**
സെക്രട്ടറി

# ജീസസ് യൂത്ത്

ജീസസ് യൂത്ത് കേരള ഫാമിലി കോൺഫറൻസിന് തൃശ്ശൂരിൽ വേദി യൊരുങ്ങുന്നു.

1985ൽ ആരംഭിച്ച ജീസസ് യൂത്ത് മുന്നേറ്റം ഒരു ചരിത്രമുഹൂർത്തത്തിന് സാക്ഷ്യം വഹിക്കുകയാണ്. കേരളത്തിലെ ജീസസ് യൂത്ത് കുടുംബങ്ങൾ ആദ്യമായി ഒരുമിച്ച് കൂടുന്ന ചരിത്രമുഹൂർത്തത്തിനാണ് തൃശ്ശൂർ കുരിയിച്ചിറ സെന്റ് ജോസഫ് സ്കൂൾ വേദിയാകുന്നത്. 2022 ഡിസംബർ 29, 30, 31 തിയ്യതികളിൽ കുരിയിച്ചിറ സെന്റ് ജോസഫ് സ്കൂളിൽ വച്ച് നടക്കാൻ പോകുന്ന ജീസസ് യൂത്ത് കേരള ഫാമിലി കോൺഫറൻസ് (ജെ.വൈ.കെ. എഫ്.സി 22)ന്റെ റജിസ്ട്രേഷൻ ഡ്രൈവ് 17.07.22 കുരിയിച്ചിറ ഇടവകയിൽ നടന്നു. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള കുടുംബങ്ങൾ ഇതിൽ പങ്കെടുത്തു. കുരിയിച്ചിറ ഇടവക വികാരി ഫാ. തോമസ് വടക്കൂട്ട്, അസി. വികാരി ഫാ. ഗ്രിജോ മുരിങ്ങാത്തേരി, ഫാ. ഷിബു സേവിയർ OCD, ഫാ. മാത്യു കിഴിയത്താൻ CMI, ഫാ. സൈമൺ ചെറുവത്തൂർ, ഫാ. ബിറ്റാജു പുത്തൻപുരക്കൽ, ഫാ. ബിറ്റോ കപ്പൂച്ചിൻ തുടങ്ങിയ വൈദീകരുടെ സാന്നിധ്യം ഈ വേദിയെ കൂടുതൽ അനുഗ്രഹപ്രദമാക്കി. തൃശ്ശൂർ ജീസസ് യൂത്ത് ഫാമിലി സ്ട്രീം കോർഡിനേറ്റർ ഷിബിൻ സുസ്മി ആദ്യത്തെ റജിസ്ട്രേഷൻ നടത്തുകയും ഓൾ കേരള കോഡിനേറ്റിങ്ങ് ഫാമിലി ഷൈജൻ ജെൻസി, കോൺഫറൻസിന്റെ ജനറൽ കോഡിനേറ്റിംങ്ങ് ഫാമിലി, രാജു പോൾ സോണി, തൃശ്ശൂർ ജീസസ് യൂത്ത് സോണൽ കോർഡിനേറ്റർ ബ്രിട്ടോ മൈക്കിൾ തുടങ്ങിയവർ റജിസ്ട്രേഷൻ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ദിവ്യകാരുണ്യ ആരാധനയോടെ പ്രോഗ്രാം സമാപിക്കുകയും ചെയ്തു.

**ബ്രിട്ടോ മൈക്കിൾ**
കോർഡിനേറ്റർ

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ

# അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്

**പാരിഷ് ബുള്ളറ്റിൻ മത്സരം 2021**
**എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ**

| | |
|---|---|
| ഒന്നാം സമ്മാനം | കത്തീഡ്രൽ വോയ്സ് – തൃശ്ശൂർ ലൂർദ്ദ് |
| രണ്ടാം സമ്മാനം | സാൻജോസ് പാരിഷ് വോയ്സ് – പാവറട്ടി |
| മൂന്നാം സമ്മാനം | മാർതോമാ ദീപ്തി – മറ്റം |
| | ടച്ച് മീ, കുന്നംകുളം |
| പ്രോത്സാഹനസമ്മാനം | 1. മേരി നാദം – ഒല്ലൂർ മേരിമാത |
| | 2. ദിവ്യസ്പന്ദനം – പറപ്പൂർ |
| | 3. ജീവൻപ്ര – പാലക്കൽ |
| | 4. പാദുവാരശ്മി – അമ്മാടം |
| | 5. ഷാലോം – അരണാട്ടുകര |

**ഇടവിട്ട മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ**

| | |
|---|---|
| ഒന്നാം സമ്മാനം | പ്രേഷിതനാദം – ചേലക്കര |
| രണ്ടാം സമ്മാനം | മരിയൻ വോയ്സ് – തയ്യൂർ |
| മൂന്നാം സമ്മാനം | സ്നേഹദൂത് – പൂങ്കുന്നം |
| | നിത്യജ്യോതി – വിയ്യൂർ |

**കവർ**

| | |
|---|---|
| ഒന്നാം സമ്മാനം | ടച്ച് മീ, കുന്നംകുളം |
| | യേശുനാദം – ഒല്ലൂർ |
| രണ്ടാം സമ്മാനം | പാദുവാദീപം – മണ്ണുത്തി |
| | ജീവൻപ്രഭ – പാലക്കൽ |
| മൂന്നാം സമ്മാനം | മാർതോമാ ദീപ്തി – മറ്റം |
| | പാദുവാരശ്മി – അമ്മാടം |

**എഡിറ്റോറിയൽ**

| | |
|---|---|
| ഒന്നാം സമ്മാനം | സാൻജോസ് പാരിഷ് വോയ്സ് – പാവറട്ടി |
| രണ്ടാം സമ്മാനം | ചെറുപുഷ്പനാദം – ഒളരിക്കര |
| മൂന്നാം സമ്മാനം | സാൻതോം ശബ്ദം – വില്ലടം |
| | വിശ്വാസപ്രഭ – പാലയൂർ |

| ലേ ഔട്ട് | |
|---|---|
| ഒന്നാം സമ്മാനം | കത്തീഡ്രൽ വോയ്സ് – തൃശ്ശൂർ ലൂർദ്ദ് |
| രണ്ടാം സമ്മാനം | സാൻജോസ് പാരിഷ് വോയ്സ് – പാവറട്ടി |
| മൂന്നാം സമ്മാനം | പാദുവാരശ്മി – അമ്മാടം<br>ടച്ച് മീ – കുന്നംകുളം<br>പാദുവാദീപം – മണ്ണുത്തി |

| ഫീച്ചർ | |
|---|---|
| ഒന്നാം സമ്മാനം | ഡോ. ജെൻസി പോൾ അക്കര,<br>യേശുനാദം – ഒല്ലൂർ |
| രണ്ടാം സമ്മാനം | 1. ദേവസ്സി കെ. സി., ജീവൻപ്രഭ – പാലക്കൽ<br>2. ഡോ. ഡെയ്സൻ പാണേങ്ങാടൻ,<br>ദിവ്യസ്പന്ദനം – പറപ്പൂർ |
| മൂന്നാം സമ്മാനം | സാൻജോസ് പാരിഷ് വോയ്സ് – പാവറട്ടി |

| കവിത | |
|---|---|
| ഒന്നാം സമ്മാനം | ഫ്രാൻസീസ് തലക്കോട്ടൂർ, സ്നേഹദൂത്<br>– പൂങ്കുന്നം |
| രണ്ടാം സമ്മാനം | 1. റീബ പോൾ, വിജയകാഹളം – ചേറൂർ<br>ആന്റണി പി. എം.,<br>2. സാന്റോസ് പാരിഷ് വോയ്സ് – അരിമ്പൂർ |
| മൂന്നാം സമ്മാനം | 1. ലാസർ ചുങ്കത്ത്, സാന്തോം വോയ്സ് –<br>തിരൂർ<br>2. എം. വി. ഫ്രാൻസീസ്, പാദുവാദീപം –<br>മണ്ണുത്തി |

| ലേഖനം | |
|---|---|
| ഒന്നാം സമ്മാനം | പ്രൊഫ. എം. ഡി. ജോസ്, കത്തീഡ്രൽ<br>വോയ്സ് – തൃശ്ശൂർ ലൂർദ്ദ് |
| രണ്ടാം സമ്മാനം | 1. സി. ഐ. പൗലോസ്, ക്രിസ്തുരാജ് –<br>കോടന്നൂർ<br>2. സി. റ്റി. ഡേവിസ്, സ്നേഹദൂത്, പൂങ്കുന്നം<br>3. ജോൺ തേറാട്ടിൽ, നിത്യജ്യോതി, വിയ്യൂർ |
| മൂന്നാം സമ്മാനം | 1. ഡോ. ഡെയ്സൻ പാണേങ്ങാടൻ,<br>2. ദിവ്യസ്പന്ദനം – പറപ്പൂർ<br>3. അലക്സാണ്ടർ സാം, വിജയകാഹളം – ചേറൂർ<br>4. സ്റ്റെനി ജോൺ തട്ടിൽ, ജീവൻപ്ര<br>പാലക്കൽ |

| | |
|---|---|
| | 5. റാഫി നീലങ്കാവിൽ, സാൻജോസ് പാരിഷ് വോയ്സ് – പാവറട്ടി |

## കഥ

| | |
|---|---|
| ഒന്നാം സമ്മാനം | രാജു പോൾ, ക്രിസ്തുരാജ് – കോടന്നൂർ |
| രണ്ടാം സമ്മാനം | 1. അലിൻ റോസ്, ഷാലോം – അരണാട്ടുകര |
| | 2. ഹെലൻ മേരി സാജു, മരിയൻ വോയ്സ് – ചെങ്ങാലൂർ |
| | 3. സോജൻ ജോസഫ് വെള്ളറ, മരിയൻ വോയ്സ് – തയ്യൂർ |
| മൂന്നാം സമ്മാനം | 1. പാവുണ്ണി കാരമുക്ക്, ആമ്മേൻ – നോർത്ത് കാരമുക്ക് |
| | 2. സൗമ്യ തോമസ് വി., മാർത്തോമാ ദീപ്തി – മറ്റം |
| | 3. കെ. കെ. ജോൺസൻ, |
| | 4. സാൻജോസ് പാരിഷ് വോയ്സ് – പാവറട്ടി |

## കാർട്ടൂൺ

| | |
|---|---|
| ഒന്നാം സമ്മാനം | രാജു പോൾ, ക്രിസ്തുരാജ് – കോടന്നൂർ |
| രണ്ടാം സമ്മാനം | ജോഷി ജോസ്, മരിയ രശ്മി – പേരാമംഗലം |
| മൂന്നാം സമ്മാനം | 1. ജോൺസൻ നമ്പഴിക്കാട്, മാർ തോമാ ദീപ്തി – മറ്റം |
| | 2. ബിനിത ബേബി, സാൻജോസ് പാരിഷ് വോയ്സ് – പാവറട്ടി |

## ഇടയശബ്ദം (വികാരി)

ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ, ക്രിസ്തുരാജ് – കോടന്നൂർ
ഫാ. ദാവീദ് വിതയത്തിൽ, ടച്ച് മീ– കുന്നംകുളം
ഫാ. ജോസ് പുന്നോലിപറമ്പിൽ, ഫ്ളവർ വോയ്സ് – എറവ്
ഫാ. ജോസ് കോനിക്കര, യേശുനാദം – ഒല്ലൂർ
ഫാ. ജോൺസൻ ഐനിക്കൽ, സാൻജോസ് പാരിഷ് വോയ്സ് – പാവറട്ടി

## ഇടയശബ്ദം (സഹവികാരി)

ഫാ. റോണി, വിജയകാഹളം – ചേറൂർ
ഫാ. ജിൻസൺ മുക്കടയിൽ, ചെറുപുഷ്പനാദം – ഒളരിക്കര
ഫാ. സീജൻ ചക്കാലക്കൽ, മാർത്തോമാദീപ്തി – മറ്റം
ഫാ. സജിൽ കണ്ണനായ്ക്കൽ, യേശുനാദം – ഒല്ലൂർ

ഫാ. അനുവിൻ താണിക്കൽ, ഷാലോം – അരണാട്ടുകര

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ

---

NB: പാരിഷ് ബുള്ളറ്റിൻ മത്സരം 2021ലെ വിജയികൾക്കുള്ള സമ്മാനം വിതരണം ചെയ്യുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

## സാമ്പത്തിക കാര്യാലയം

**Pancard/ 12AB Registration/ IT Return**

എല്ലാ ഇടവകകളുടേയും സ്ഥാപനങ്ങളുടേയും Pancard ന്റെയും12AB Registrationന്റെയും IT Returnന്റെയും കോപ്പികൾ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ സൂക്ഷിക്കുവാൻ ഉദ്ദേശിക്കുന്നു. അതുകൊണ്ട് ദയവായി എല്ലാ ഇടവകകളും സ്ഥാപനങ്ങളും അവരവരുടെ Pancard ന്റെയും12AB Registration ന്റെയും IT Returnന്റെയും കോപ്പികൾ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ ഏൽപ്പിക്കാൻ/അയച്ചുതരുവാൻ താല്പര്യപ്പെടുന്നു. അയക്കുവാൻ ഉള്ള മെയിൽ ഐഡി, ഫോൺ നമ്പർ താഴെ കൊടുക്കുന്നു.

**procuratortcr@gmail.com**
**Phone.no- 8289898168**


**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

**ഫാ. ലിൻസൻ തട്ടിൽ**
അസി. ഫൈനാൻസ് ഓഫീസർ

## പാസ്റ്ററൽ കൗൺസിൽ യോഗം

**പതിനെട്ടാം പാസ്റ്ററൽ കൗൺസിൽ നാലാം യോഗം**

പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത സാധാരണയോഗം 2022 സെപ്തംബർ 10, ശനി, ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് രാവിലെ 9:30 മുതൽ നടത്തുന്നു. എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.



**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ & ജനറൽ സെക്രട്ടറി

2022 ആഗസ്റ്റ് 15ന്
കൂദാശയും
പ്രതിഷ്ഠാകർമ്മവും
നിർവഹിക്കപ്പെട്ട
വടക്കൻ പുതുക്കാട്
കർമ്മലമാതാവിൻ
ഇടവകദൈവാലയവും
അൾത്താരയും







2022 ആഗസ്റ്റ് 14ന് ആശീർവദിക്കപ്പെട്ട വിജയപുരം (ചേറൂർ)
ഇടവക ദൈവാലയത്തിന്റെ നവീകരിച്ച അൾത്താര

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

**₹ 25/-**
Date of Publication 24.08.2022
**September- 2022**



# വി. കുരിശിന്റെ
# പുകഴ്ചയുടെ തിരുന്നാൾ

**സെപ്തംബർ 14**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor